വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2020
ഒക്ടോബർ

Coirfed

# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



## സർക്കാരിന്റെ ഇച്ഛാശക്തിയിൽ
## സൂര്യപ്രഭയിലേക്ക് കയർമേഖല

## നൂറുദിനം നൂറ് പദ്ധതികൾ
## കേരളത്തിൽ വികസന വസന്തം

**Everything under one roof for Precision and High Quality Machinery for Coir Industry, especially for Product Sector !!**









**Our Product Range:** PVC Tufting machine and its supporting machines and ancillaries, Fully automatic Power loom , Semi automatic clutch Loom, Semi automatic pneumatic loom (Anupam Loom), Anugraha Loom for Geo textiles, Latex Backing machine, Spray bleaching machine for coir mat, Dryer for mats and yarn, PLC controlled fully automatic Shape mat cutting machine, Spool winding machine, Cop winding Machine, Inspection table for Matting/carpet, Dye vat, Hydro extractor, Mobile defibering machine, Yarn Shearing machine, Edge trimming machine for brush mats etc.

Estd: 1973

**MONARCK ENGINEERS**

MECHANICAL ENGINEERS & GEAR MANUFACTURES

MUNDAMVELI P O., COCHIN 682 507.

Phone: +91 484 2232376, Mobile: + 91 9895490054

E-mail: mail@monarckengineers.com | Web Site: www.monarckengineers.com

# കയർ വ്യവസായം

# ഉള്ളടക്കം


**Vol-4, No.-3**
Established in 1998
Founder Chief Editor:
**Anathalavattom Anandan**



*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**Rohit Joseph**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**





**നൂറുദിനം നൂറ് പദ്ധതികൾ കേരളത്തിൽ വികസനവസന്തം**
PAGE 6

PAGE 10



**ചൂഷകർക്കെതിരെ ഉണർന്നുയർന്ന തൊഴിലാളി ശക്തിയും ജോർജ്ജ് കമ്മറ്റി രൂപീകരണവും**

PAGE 14



**കയർ മ്യൂസിയം, ചരിത്രത്തിലേക്ക് ഒരു ദൂരദർശിനി**

PAGE 20



**കയർവുഡ് വിപണിയിൽ**

PAGE 24



**സൂര്യപ്രഭയിലേക്ക് കയർമേഖല**



**ലേഖകരുടെ അഭിപ്രായങ്ങൾ കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്



**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

## രണ്ടാം കയർ പുനഃസംഘടന: സാധ്യതയും പരിമിതിയും

എഡിറ്റോറിയൽ

**മൂ**ന്ന് കൊല്ലം മുമ്പ് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച രണ്ടാം കയർ പുനഃസംഘടന അവസാനഘട്ടത്തിലേക്ക് കടക്കുകയാണ്. നൂറ് കയർ വ്യവസായ സഹകരണ സംഘങ്ങളിൽ പത്തു ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ വീതമുള്ള ഓരോ യന്ത്രവത്കൃത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പരിപാടി പുരോഗമിക്കുകയാണ്. ഇതിനകം 60 യൂണിറ്റുകൾ ഉദ്ഘാടനം ചെയ്തു കഴിഞ്ഞു. 2020 നവംബർ 30 നകം നൂറു യൂണിറ്റുകളും പൂർത്തിയാവുമെന്നു പ്രതീക്ഷിക്കുന്നു.

അടുത്ത വർഷം ജനുവരി മുതൽ മാർച്ച് വരെയുള്ള മൂന്ന് മാസക്കാലംകൊണ്ട് നൂറു സംഘങ്ങളിൽ കൂടി ഈ പദ്ധതി ഉദ്ഘാടനം ചെയ്യാനാണു സർക്കാർ ലക്ഷ്യമിടുന്നത്. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതോടെ കേരളത്തിലാകെ 200 കയർ സംഘങ്ങൾ ആധുനിക ഫാക്ടറികളായി മാറുകയാണ്. നൂറുകോടി രൂപയാണ് ഈ നൂറു സംഘങ്ങളിലായി സർക്കാർ മുതൽ മുടക്കുന്നത്. പൂർണ്ണമായും ഗ്രാന്റായിട്ടാണു ഈ തുക അനുവദിച്ചിരിക്കുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് കയർ ഉത്പാദനം കുതിച്ചുയരുവാൻ പോകുകയാണ്.ഇതിന്റെ ഗുണ ഫലം കയർ വ്യവസായത്തിനാകെയും പ്രത്യേകിച്ച് തൊഴിലാളികൾക്കും ലഭ്യമാകും. പരമ്പരാഗത റാട്ടിൽ ഒരു തൊഴിലാളി ശരാശരി അഞ്ച് കിലോ കയറാണ് പിരിക്കുക. ഇലക്ട്രോണിക് റാട്ടായപ്പോൾ 12-15 കിലോയായി. ഓട്ടോ

മാറ്റിക് സ്പിന്നിംഗ് മെഷീനായപ്പോൾ 40–60 കിലോയായി. സെൽഫീഡിംഗ് മെഷീനാകുമ്പോൾ 120–140 കിലോയാകും.ഞാൻ അധ്യക്ഷനായ യന്ത്രവത്കൃത കയർ പിരി തൊഴിലാളികളുടെ കൂലി നിർണയ സമിതി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ ഉത്പാദന ക്ഷമത വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.എൻ.സി.ആർ.എം.ഐ ഡയറക്ടർ കൺവീനറും തൊഴിലാളി സംഘടനാ പ്രതിനിധികൾ അംഗങ്ങളുമായുള്ള ഈ കമ്മറ്റി മെഷീന്റെ ഉത്പാദന ക്ഷമത പരിശോധിച്ചതിൽ പ്രതിദിനം ആറര ഏഴ് മണിക്കൂർ കൊണ്ട് 8,000 മീറ്റർ കയർ ഉത്പാദിപ്പിക്കാമെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.ഇത് മൂലം സർക്കാർ സഹായമില്ലാതെ തന്നെ ഒരു തൊഴിലാളിക്ക് 500 രൂപ വേതനം ലഭിക്കും.

ഈ സർക്കാരിന്റെ കാലയളവിൽ കഴിഞ്ഞ നാല് വർഷം കയർ ഉത്പാദനം ക്രമാനുഗതമായി വർദ്ധിച്ചിട്ടുണ്ടെന്നു കാണാൻ കഴിയും. കഴിഞ്ഞ സർക്കാരിന്റെ അവസാനവർഷം 70,000 ക്വിന്റൽ കയർ ഉത്പാദിപ്പിച്ച സംസ്ഥാനത്ത് ഈ സർക്കാരിന്റെ ആദ്യവർഷം ഒരു ലക്ഷം ക്വിന്റലായും രണ്ടാം വർഷം 1.25 ലക്ഷം ക്വിന്റലായും മൂന്നാംവർഷം 1.5 ലക്ഷം ക്വിന്റലായും ഉത്പ്പാദനം വർദ്ധിച്ചു. കഴിഞ്ഞ കൊല്ലം കയർ ഉത്പ്പാദനം രണ്ടുലക്ഷം ക്വിന്റലായി. ഇക്കൊല്ലം 4 ലക്ഷം ക്വിന്റൽ കയർ ഉത്പ്പാദിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനു കയർ വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്കിന്റെ കീഴിൽ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളിൽ കയർഫെഡും മുൻപന്തിയിലുണ്ട്.

ഇതുമായി ബന്ധപ്പെട്ട ചില പരിമിതികളും ദൗർബല്യങ്ങളും അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്.

ചകിരി സംഭരണവുമായി ബന്ധപ്പെട്ട വെല്ലുവിളിയാണ് അതിൽ ഏറ്റവും പ്രധാനം. ചകിരി ഉത്പ്പാദനം ലാഭകരമാണെന്നത് സ്ഥിരീകരിക്കപ്പെട്ട വ്സ്തുതയാണ്. 18/രൂപയ്ക്കുതാഴെ ഒരു കിലോ വെള്ള ചകിരി ഉത്പ്പാദിപ്പിച്ച് എടുക്കാമെന്നിരിക്കെ കൂടുതൽ കയർ പിരി സംഘങ്ങൾ ചകിരി ഉത്പാദനത്തിലേയ്ക്ക് കടന്നു വരാത്തത് ഖേദകരമാണ്. കയർ ഉതപാദനം വർദ്ധിപ്പിച്ച് കൂടുതൽ ലാഭം കൈവരിക്കാൻ കഴിയുമെങ്കിലും സംഘത്തിനാവശ്യമുള്ള ചകിരി മുഴുവൻ ഉത്പാദിപ്പിച്ചെടുക്കാനായാൽ അതു വലിയ ലാഭത്തിനിടയാക്കും.

23 രൂപ ചകിരിവില കണക്കാക്കിയാണ് കയറിന്റെ ഉത്പാദന ചെലവ് കണക്കാക്കിയിരിക്കുന്നത്. സ്വന്തം ചകിരി വിനിയോഗിക്കുന്നതുവഴി ഒരു കിലോഗ്രാമിന് അഞ്ചു രൂപയെങ്കിലും സംഘത്തിന് ലാഭമുണ്ടാക്കാൻ കഴിയും. ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് ഷെഡും മില്ലും പൂർണമായി സർക്കാർ സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. ഈ സഹായം വിനിയോഗിച്ച് കൂടുതൽ ചകിരി മില്ലുകൾ സ്ഥാപിച്ചെടുക്കാനുള്ള ഉത്തരവാദിത്വം കയർപിരി സംഘങ്ങൾ ഏറ്റെടുക്കണം.

മറ്റൊരു വെല്ലുവിളി കയറിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ടതാണ്. 60,000 – 70,000 ക്വിന്റലിൽ നിന്നും കയർ ഉത്പാദനം 4,00,000 ക്വിന്റലിലേക്ക് ഉയരുമ്പോൾ വിപണനം വലിയ വെല്ലുവിളിയാകും. ഗുണനിലവാരം ഉറപ്പുവരുത്താനായില്ലെങ്കിൽ ഉത്പ്പാദനം ഉയരുന്നതിനനുസരിച്ച് വിപണനം ഒരു വെല്ലുവിളിയാകും. പാരമ്പര്യം സ്ഫുടം ചെയ്തെടുത്ത കരവിരുതുകൊണ്ടാണ് പഴയ തൊഴിലാളികൾ ഗുണമേന്മയുള്ള കയർ പിരിക്കുന്നത്. മൂന്നാമത്തെ തലമുറയാണ് ഇന്ന് കയർ പിരിക്കുന്നത്. ഗുണനിലവാരത്തിന്റെ കാര്യത്തിൽ കേരള കയർ ഇനിയും മുന്നേറേണ്ടതുണ്ട്. വിപണി കീഴടക്കുന്നതിലേക്ക് മേന്മയുള്ളതും ഗുണനിലവാരം കൂടിയതുമായ കയർ പിരിച്ചെടുക്കേണ്ടതുണ്ട്. ഇതിന് റണ്ണേജും സ്കോറേജും ഉറപ്പുവരുത്തി പിരിക്കണം. കയറിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് സംഘം മുന്തിയ പരിഗണന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

സസ്നേഹം,

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ



# നൂറുദിനം, നുറു പദ്ധതികൾ, കേരളത്തിൽ വികസന വസന്തം

**കോ**വിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരളാ മുഖ്യമന്ത്രി പിണറായി വിജയൻ നൂറുദിന-നുറു പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതികൾ ഓരോന്നും കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലയിൽ വലിയ വിപ്ലവങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. പ്രഖ്യാപിച്ച ഓരോ പദ്ധതിയും സമയബന്ധിതമായി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു വരുന്നു. പൂർത്തീകരിച്ച പദ്ധതികളും പുതിയ പദ്ധതികളും ഇതിൽപ്പെടും. നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ കഴിഞ്ഞ ലക്കം കയർ വ്യവസായം മാസികയിൽ ചേർത്തിരുന്നു.

100 ദിന പരിപാടികൾ

## പൊതു വിദ്യാലയങ്ങളിൽ ഡിജിറ്റൽ വിപ്ലവം

വിദ്യാലയങ്ങളിൽ ഡിജിറ്റൽ വിപ്ലവം കൊണ്ടുവന്ന കേരളം വീണ്ടും രാജ്യത്തിന്റെ പൊതുവിദ്യാഭ്യാസ ചരിത്രത്തിൽ ഇടം നേടി. പൊതു വിദ്യാഭ്യാസ രംഗത്തും പൊതു ജനാരോഗ്യ രംഗത്തുമടക്കം കേരളം കൈവരിച്ച വികസന മാതൃകയുടെ തുടർച്ചയായി മാറിയ ഈ വിപ്ലവത്തിലൂടെ സംസ്ഥാനത്തെ ഒന്നു മുതൽ 12 വരെ ക്ലാസുള്ള മുഴുവൻ പൊതു വിദ്യാലയങ്ങളും ഡിജിറ്റലൈസ് ചെയ്യുകയും അതിലൂടെ രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ പൊതുവിദ്യാഭ്യാസ സംസ്ഥാനമായി കേരളം മാറുകയും ചെയ്തു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായ ഹൈടെക് ക്ലാസ്മുറി പദ്ധതി, പ്രൈമറി സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് ലാബ് പദ്ധതി എന്നിവയുടെ പൂർത്തീകരണ പ്രഖ്യാപനം ഒക്ടോബർ 12 രാവിലെ 11 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ഹൈടെക് ക്ലാസ് മുറി പദ്ധതിയിൽ 4752 സർക്കാർ- എയ്ഡഡ് സ്കൂളിൽ എട്ടുമുതൽ 12 വരെയുള്ള 45,000 ക്ലാസ് മുറി ഹൈടെക് ആക്കി. ഇതിനായി പ്രൊജക്ടറുകൾ, ലാപ്ടോപ്, സ്പീക്കർ, മൗണ്ടിങ് കിറ്റുകൾ, ടെലിവിഷൻ, ഡിഎസ്എൽആർ ക്യാമറ, ഫുൾ എച്ച്ഡി വെബ്ക്യാം എന്നിവ കൂടാതെ മുഴുവൻ സ്കൂളിലും അതിവേഗ ബ്രോഡ്ബാൻഡും ലഭ്യമാക്കി. കരിക്കുലം അധിഷ്ഠിത ഡിജിറ്റൽ വിഭവങ്ങളുമായി 'സമഗ്ര' വിഭവ പോർട്ടൽ പൊതുവിദ്യാഭ്യാസവകുപ്പ് തയ്യാറാക്കി. 1,83,440 അധ്യാപകർക്കാണ് ഐസിടി ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ വിദഗ്ധപരിശീലനം നൽകിയത്. പ്രൈമറി വിദ്യാലയങ്ങൾ (എൽപി, യുപി) ഡിജിറ്റലാക്കുന്നതിന് സ്കൂൾതലത്തിൽ മുഴുവൻ സൗകര്യങ്ങളുമുള്ള



ഹൈടെക് ലാബുകൾ സ്ഥാപിച്ചു. ഒന്നുമുതൽ ഏഴുവരെ ക്ലാസുള്ള 11,275 സ്കൂളിലും പദ്ധതി നടപ്പാക്കി. രണ്ട് ലക്ഷം കംപ്യൂട്ടറിൽ സ്വതന്ത്ര സോഫ്റ്റ്‌വയർ വിന്യസിച്ചു. പൊതുവിദ്യാഭ്യാസ മേഖലയിലെ 41.01 ലക്ഷം കുട്ടികൾക്ക് ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഉറപ്പാക്കാൻ 3,74,274 ഉപകരണം വിന്യസിച്ചു. 12,678 സ്കൂളിന് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തി. കൈറ്റിന്റെ സാങ്കേതിക സഹായത്തോടെയാണ് പൊതുവിദ്യാഭ്യാസവകുപ്പ് പദ്ധതി യാഥാർഥ്യമാക്കിയത്. പദ്ധതിക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻമാത്രം 730 കോടി രൂപയും ചെലവിട്ടു. ഇതിൽ 595 കോടി രൂപയും കിഫ്ബി മുഖേനയായിരുന്നു.

## വൈദ്യുത രംഗത്തും വിപ്ലവം



● **കേരളത്തിലെ എല്ലാ മേഖലകളും അന്തർസംസ്ഥാന പ്രസരണ ശൃംഖലയുടെ ഭാഗമായി**

കേരളത്തിലെ എല്ലാ മേഖലകളെയും അന്തർസംസ്ഥാന പ്രസരണ ശൃംഖലയുടെ ഭാഗമാക്കാനായെന്നത് വലിയ നേട്ടമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വൈദ്യുതി മേഖലയിലെ നാല് പദ്ധതികളുടെ നിർമ്മാണ ഉദ്ഘാടനവും നാല് പദ്ധതികളുടെ പൂർത്തീകരണ പ്രഖ്യാപനവും രണ്ട് പുതിയ ഓഫീസുകളുടെ പ്രവർത്തന ഉദ്ഘാടനവും വീഡിയോ കോൺഫറൻസിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായി കോട്ടയം 400 കെ വി ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ, പാലക്കാട് മണ്ണാർക്കാട് ഇലക്ട്രിക്കൽ ഡിവിഷന്റെ പുതിയ കെട്ടിടം, ഷൊർണൂർ സബ് റീജിയണൽ സ്റ്റോറിന്റെ പുതിയ കെട്ടിടം, കാസർകോട് നല്ലോമ്പുഴ ഇലക്ട്രിക്കൽ സെക്ഷന്റെ പുതിയ കെട്ടിടം എന്നിവയാണ് നിർമ്മാണം ആരംഭിക്കുന്ന പദ്ധതികൾ. നിർമ്മാണം പൂർത്തിയായ തിരുവല്ല 110 കെ വി സബ്സ്റ്റേഷൻ, ആധുനിക സംവിധാനങ്ങളോടെ തയ്യാറാക്കിയ അങ്കമാലി ഇലക്ട്രിക്കൽ ഡിവിഷന്റെ പുതിയ കെട്ടിടം, കാസർകോട് ഭീമനടി, കൊല്ലം വെളിയം ഇലക്ട്രിക്കൽ സെക്ഷനുകളുടെ പുതിയ കെട്ടിടങ്ങൾ എന്നിവയും ഉദ്ഘാടനം ചെയ്തു. ഇടുക്കി നെടുങ്കണ്ടം ട്രാൻസ്മിഷൻ ഡിവിഷൻ, പാലക്കാട് ലക്കിടി ഇലക്ട്രിക്കൽ സെക്ഷൻ എന്നിവയാണ് പുതുതായി പ്രവർത്തനം ആരംഭിക്കുന്ന ഓഫീസുകൾ.

പതിനായിരം കോടി രൂപ മുതൽമുടക്കിൽ നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ 5200 കോടി രൂപയുടെ ആദ്യ ഘട്ടം പ്രവർത്തനം തുടങ്ങി. കേരളത്തിലെ ആഭ്യന്തര പ്രസരണ ശേഷി ഇരട്ടിയാക്കുകയാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി കോട്ടയത്ത് നിർമിക്കുന്ന സബ് സ്റ്റേഷൻ ജില്ലയിലെ ആദ്യത്തേതും സംസ്ഥാനത്തെ ആറാമത്തേയും 400 കെ. വി സബ് സ്റ്റേഷനാണ്. ഇതിന്റെ നിർമാണം രണ്ടു വർഷത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. അന്തർസംസ്ഥാന പ്രസരണ ലൈനിലെ പോരായ്മ പരിഹരിക്കാൻ ഏറെ പ്രാധാന്യത്തോടെയുള്ള ഇടപെടലാണ് സർക്കാർ നടത്തുന്നത്.

ഇതിന്റെ ഭാഗമായി ഇടമൺ കൊച്ചി 400 കെ. വി ലൈനിന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കി. ഇതിലൂടെ കൂടംകുളത്ത് നിന്നുള്ള 266 മെഗാവാട്ട് പ്രസരണ നഷ്ടം കുറച്ച് കേരളത്തിൽ എത്തിക്കാൻ കഴിയും. ആവശ്യമുള്ളപ്പോൾ 500 മെഗാവാട്ട് വൈദ്യുതിയും ഈ ലൈനിലൂടെ കൊണ്ടുവരാനാവും.

തമിഴ്നാട്ടിലെ പുഗലൂരിൽ നിന്ന് തൃശൂരിലേുള്ള എച്ച്. വി. ടി. സി ലൈനിന്റേയും ഇതിന്റെ ഭാഗമായുള്ള തൃശൂർ സബ് സ്റ്റേഷന്റേയും നിർമാണം ആരംഭിച്ചു. ഉടുപ്പി കാസർകോട് 400 കെ. വി ലൈനിന്റെ നിർമാണവും ആരംഭിച്ചു. കേരളത്തിലെ വടക്കൻ ജില്ലകളിലെ,പ്രത്യേകിച്ച്കാസർകോട് ജില്ലയിലെവൈദ്യുതി ലഭ്യതയിലെ പരിമിതി പരിഹരിക്കാൻ ഇതിന് സാധിക്കും.


നിലവിൽ ഉദ്ഘാടനം ചെയ്ത പദ്ധതികളിലൂടെ കേരളത്തിന്റെ വൈദ്യുതി മേഖലയിലെ കാര്യക്ഷമത ഉയരും. സംസ്ഥാനത്തെ വൈദ്യുതി മേഖലയിലെ പ്രധാന നേട്ടമാണ് സമ്പൂർണ വൈദ്യുതീകരണം. പവർകട്ടും ലോഡ്ഷെഡിംഗും ഇല്ലാത്ത വൈദ്യുതി വിതരണം സാധ്യമാക്കുമെന്ന വാഗ്ദാനവും പൂർണ അർത്ഥത്തിൽ പാലിക്കാനായെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## വയനാട് തുരങ്കപാത പദ്ധതിക്ക് തുടക്കം കുറിച്ചു

● **പ്രതീക്ഷിക്കുന്നത് 900 കോടി രൂപ ചെലവ്**

കോഴിക്കോട് വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ കല്ലാടി മേപ്പാടി തുരങ്കപാത പദ്ധതിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിലൂടെ തുടക്കം കുറിച്ചു. 900 കോടി രൂപയാണ് നിലവിൽ പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത്. കിഫ്ബിയിൽ നിന്നുള്ള 658 കോടി രൂപയ്ക്ക് ഭരണാനുമതിയായി. സർവേയും, സാങ്കേതിക പഠനവും പൂർത്തിയായാൽ മാത്രമേ അന്തിമ ചെലവ് കണക്കാക്കാനാവൂ. കൂടുതൽ തുക ആവശ്യമായി വന്നാൽ അനുവദിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വനഭൂമിക്ക് അടിയിലൂടെ, പാറ തുരന്ന് ഏഴ് കിലോമീറ്റർ നീളത്തിലാണ് തുരങ്കം നിർമിക്കുന്നത്. ഈ മേഖലയിൽ ദീർഘകാലത്തെ പ്രവൃത്തി പരിചയവും സാങ്കേതിക വൈദഗ്ധ്യവുമുള്ള കൊങ്കൺ റെയിൽവേയ്ക്കാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിയിരിക്കുന്നത്. മൂന്നു വർഷം കൊണ്ട് നിർമാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. തുരങ്കപാതയുടെ സാങ്കേതിക പഠനം ആരംഭിച്ചു. കോഴിക്കോട് വയനാട് വനമേഖലയിലെ റോഡിന്റെ സൗക



ര്യവും പരിസ്ഥിതിലോല പ്രദേശം ഉയർത്തുന്ന വെല്ലുവിളികളും തിരുവമ്പാടി കല്ലാടി മേഖലയിലെ പ്രകൃതി ദുരന്ത സാധ്യതകളും പരിഗണിച്ചാവും അന്തിമ രൂപരേഖ തയ്യാറാക്കുകയെന്ന് അദ്ദേഹം വ്യക്തമാക്കി.

തുരങ്കപാത യാഥാർത്ഥ്യമാകുന്നതോടെ കർണാടകയിൽ നിന്ന് മലബാർ മേഖലയിലേക്കുള്ള ചരക്കുനീക്കം സുഗമമാവും. മലബാറിന്റെയാകെ വികസനകുതിപ്പിന് ഇത് ആക്കം കൂട്ടും. താമരശേരി ചുരത്തിലെ വാഹന ബാഹുല്യം കുറക്കാനാവുമെന്ന പ്രത്യേകതയുമുണ്ട്. ചുരത്തിന്റെ തനിമ നിലനിർത്താനും സംരക്ഷണം ഉറപ്പുവരുത്താനും സാധിക്കും. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് വികസനം സാധ്യമാക്കാനാണ് സർക്കാർ ഊന്നൽ നൽകിയത്. പല പദ്ധതികളും പരിസ്ഥിതിയുടെ പേരിലുള്ള എതിർപ്പു കാരണം അട്ടിമറിക്കപ്പെട്ടിട്ടുണ്ട്. അനാവശ്യ വിവാദങ്ങൾക്കും വിമർശനങ്ങൾക്കും കീഴടങ്ങാൻ വികസനം ആഗ്രഹിക്കുന്ന സർക്കാരിന് സാധിക്കില്ല. എന്നാൽ ആവശ്യമായ വിമർശനങ്ങളെ സ്വാഗതം ചെയ്യുന്ന നിലപാടാണ് സർക്കാരിനുള്ളത്.

കോഴിക്കോട് നിന്ന് വയനാട്ടിലേക്ക് പാത നിർമിക്കുന്നതിന് നേരത്തെ നിരവധി ബദൽ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. ഒരു ഘട്ടത്തിൽ സമാന്തരമായി മറ്റൊരു പാത നിർമിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു. എന്നാൽ പ്രായോഗിക പ്രശ്നങ്ങൾ കാരണം അത് ഉപേക്ഷിച്ചു. താമരശേരി ചുരം വഴിയുള്ള യാത്ര വലിയ സമയനഷ്ടം ഉണ്ടാക്കിയിരുന്നു. കാലവർഷം, മണ്ണിടിച്ചിൽ, റോഡിലെ മറ്റു തടസങ്ങൾ എന്നിവ കാരണം ദിവസങ്ങളോളവും മാസങ്ങളോളവും ഗതാഗതം നിലച്ച അവസ്ഥയുണ്ടായിട്ടുണ്ട്. വനമേഖലയിലൂടെയുള്ള റോഡ് അടിസ്ഥാന സൗകര്യ വികസനത്തിന് വലിയ പരിമിതിയുണ്ടാക്കി. തുരങ്കപാത വരുന്നതോടെ ഇതിനെല്ലാം പരിഹാരമാവുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## കടലാക്രമണം തടയാൻ ആലപ്പുഴക്ക് 184.04 കോടി

ആലപ്പുഴ, അമ്പലപ്പുഴ, ഹരിപ്പാട് നിയോജക മണ്ഡലങ്ങളിലെ തീരപ്രദേശത്തെ രൂക്ഷമായ കടലാക്രമണത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ചെന്നൈ ഐ. ഐ. ടിയുടെ രൂപകൽപനയെ അടിസ്ഥാനമാക്കി 184.04 കോടി രൂപ ചെലവഴിച്ച് 114 ഗ്രോയിൻ ഫീൽഡ് സ്ഥാപിക്കുന്നതിനുള്ള അഞ്ച് പ്രവൃത്തികൾ ആരംഭിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കടൽത്തീര സംരക്ഷണ പദ്ധതിയുടെ ഉദ്ഘാടനം വീഡിയോ കോൺഫറൻസിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഈ പദ്ധതി 2022 മാർച്ചിൽ പൂർത്തിയാകും. ആറ് പഞ്ചായത്തുകളിലെ 625 കുടുംബങ്ങൾക്ക് പ്രത്യക്ഷമായും 1500 മുതൽ 2000 വരെ കുടുംബങ്ങൾക്ക് പരോക്ഷമായും പദ്ധതി പ്രയോജനം ചെയ്യും.

കടലാക്രമണം രൂക്ഷമായ ഒൻപത് ജില്ലകളിൽ അടിയന്തര പ്രതിരോധ പ്രവർത്തനങ്ങൾക്കായി രണ്ടു കോടി രൂപ വീതം 18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഈ വർഷത്തെ നോൺ പ്ളാൻ ഫണ്ടിൽ ആറു കോടി രൂപയുടെ 12 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽ വാച്ചാക്കൽ, കമ്പനിപ്പടി, ചെറിയ കടവ് പ്രദേശങ്ങളിൽ 69.60 ലക്ഷം രൂപ ചെലവഴിച്ച് 475 മീറ്റർ നീളത്തിൽ ജിയോബാഗുകൾ ഉപയോഗിച്ച് താത്ക്കാലിക കടൽഭിത്തി നിർമിച്ചിരുന്നു. മലാഖപ്പടി, ദീപ്തി, അംഗൻവാടി, ബസാർ, വേളാങ്കണ്ണി, ചാളക്കടവ്, റീത്താലയം, പുത്തൻതോട് എന്നിവിടങ്ങളിൽ 97.80 ലക്ഷം ചെലവിൽ ജിയോബാഗ് ഉപയോഗിച്ച് കടൽഭിത്തി നിർമിച്ചു. ചെല്ലാനത്ത് എട്ടു കോടി രൂപ ചെലവഴിച്ച് ഒരു കിലോമീറ്റർ നീളത്തിൽ ജിയോ ട്യൂബ് ഉപയോഗിച്ച് കടൽഭിത്തി നിർമാണം നടക്കുന്നു. 2021 ജനുവരിയിൽ ഇത് പൂർത്തീകരിക്കുകയാണ് ലക്ഷ്യം.

ചെല്ലാനം ബസാർ ഭാഗത്ത് 220 മീറ്റർ നീളത്തിൽ കടൽഭിത്തി പണിയാൻ ഒരു കോടി രൂപയുടെ പ്രവൃത്തികളും ചാളക്കടവ്, മാലാഖപ്പടി, കണ്ണമാലി എന്നിവിടങ്ങളിൽ ജിയോബാഗ് ഉപയോഗിച്ച് 270 മീറ്റർ നീളത്തിൽ താത്ക്കാലിക കടൽഭിത്തി 30 ലക്ഷം രൂപ ചെലവിൽ നിർമിക്കാനുള്ള പ്രവൃത്തികളും നടപ്പാക്കുന്നു. ചെന്നൈ ഐ. ഐ. ടിയുടെ ഓഷ്യൻ എൻജിനിയറിംഗ് വകുപ്പിന്റെ വിദഗ്ധ നിർദ്ദേശം അനുസരിച്ച് തയ്യാറാക്കുന്ന മാലാഖപ്പടിയിലെ രണ്ട് പുലിമുട്ടും



മാലാഖപ്പടിയിലെയും കണ്ണമാലിയിലെയും മറ്റ് മൂന്ന് പുലിമുട്ടുകളുടെ പുനരുദ്ധാരണവും പുതിയ സാഹ ചര്യങ്ങൾക്കനുസരിച്ച് രൂപകൽപന ചെയ്ത് പൂർത്തി യാക്കും. പത്ത് കോടി രൂപയാണ് പുലിമുട്ടുകൾക്കായി ഇവിടെ ചെലവാക്കുന്നത്. തീരസംരക്ഷണത്തെക്കുറിച്ച് ചെന്നൈ ആസ്ഥാനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയുടെ സഹായത്തോടെ പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കടലാക്രമണ പ്രതിരോധ പ്രവർത്ത നങ്ങൾക്കായി 40.60 ലക്ഷം രൂപയുടെ രണ്ടു പ്രവൃത്തി കൾക്ക് അനുമതി നൽകി. തിരുവനന്തപുരം വലിയ തുറയിൽ മൂന്ന് പ്രവൃത്തികൾക്കായി നാലു കോടി രൂപയുടെ ഭരണാനുമതി നൽകി. ഇവയുടെ നിർമാണം ഈ വർഷം ഡിസംബറോടെ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്.

പുതിയതുറ, കൊച്ചുതോപ്പ്, വെട്ടുകാട് എന്നിവിടങ്ങളിലെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി രണ്ടു കോടി രൂപ അനു വദിച്ചിട്ടുണ്ട്. കണ്ണൂർ കല്യാശേരി മണ്ഡലത്തിന്റെ ഭാഗമായ മാടായി, മാട്ടൂർ പ്രദേശങ്ങളിൽ കടൽത്തീര സംരക്ഷണത്തിന് 16 കോടി രൂപ അനുവദിച്ചിട്ടുണ്ടെ ന്നും മുഖ്യമന്ത്രി പറഞ്ഞു.

# എ.സി. റോഡിന് ശാപമോക്ഷം: സെമി എലിവേറ്റഡ് ഹൈവേ നിർമ്മാണം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

**എ.**സി. റോഡിനെ ദീർഘകാല അടിസ്ഥാന ത്തിൽ വെള്ളപ്പൊക്ക പ്രതിസന്ധിയിൽ നിന്നും രക്ഷി ക്കുന്നതിനായി റീബിൽഡ് കേരളാ ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടത്തുന്ന പുനരുദ്ധാരണം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. നവീക രിക്കുന്ന റോഡിനും ഫ്ളൈ-ഓവറിനും വാഹന ഗതാഗതത്തിന് 10 മീറ്റർ വീതിയുള്ള രണ്ടുവരിപാതയും ഇരുവശത്തും നടപ്പാതയും ഉൾപ്പെടെ 13 മീറ്റർ മുതൽ 14 മീറ്റർവരെ വീതിയുണ്ടാകും. 20 കിലോമീറ്ററിൽ മൂന്നു തരത്തിലുള്ള നിർമാണ രീതിയാണ് അവലംബിക്കു ന്നത്. ഒന്നാമത്തേത് 2.9 കി.മി, ബി.എം, ബി.സി. മാത്രം ചെയ്ത് റോഡ് ഉയർത്തുന്നതും രണ്ടാമത്തേത് 8.27 കി.മി. കയർ ജീയോടെക്സ്റ്റൈൽ ലെയർ കൊടുത്തുള്ള മെച്ചപ്പെടുത്തലും മൂന്നാമത്തേത് 9 കി.മി. ജിയോ ഗ്രിഡും കയർ ഭൂവസ്ത്രത്താൽ എൻ കേസ് ചെയ്ത സ്റ്റോൺകോളവും ഉപയോഗിച്ചുള്ള ബലപ്പെടുത്തലുമാണ് അവലംബിച്ചിരിക്കുന്നത്.

എല്ലാവർഷവും മൺസൂൺ സമയത്ത് റോഡിൽ വെള്ളപ്പൊക്കം ഉണ്ടാകുന്ന ഏറ്റവും താഴ്ന്ന അഞ്ച് സ്ഥലങ്ങളിൽ ഫ്ളൈ ഓവർ നിർമിക്കും. ഒന്നാംകര പാലത്തിനും മങ്കൊമ്പ് ജംഗ്ഷനും ഇടയിൽ 370 മീറ്ററും മങ്കൊമ്പ് ജംഗ്ഷനും മാങ്കാവ് കലുങ്കിനും ഇടയിൽ 440 മീറ്ററും മങ്കൊമ്പ് തെക്കേക്കര ഭാഗത്ത് 240 മീറ്ററും ജ്യോതിജംഗ്ഷനും പറശേരി പാലത്തിനും ഇടയിൽ 260 മീറ്ററും പൊങ്ങ കലുങ്കിനും പണ്ടാര ക്കളത്തിനും ഇടയിൽ 485 മീറ്ററും നീളത്തിലാണ് ഫ്ളൈ ഓവറുകൾ ക്രമീകരിക്കുക.

ഫ്ളൈ ഓവറുകളുടെ നീളം 1.785 കിലോ മീറ്റർ ആണ്. എ.സി റോഡിൽ കുറച്ച് ദൂരത്തിൽ മാത്രം വെള്ളപ്പൊക്കമുണ്ടായ ഭാഗങ്ങളിൽ നിലവിലെ റോഡ് അധികം ഉയർത്താതെ റോഡിന് കുറുകെയുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിന് വേണ്ടി ഒമ്പത് സ്ഥലങ്ങളിൽ കോസ്-വേ നൽകിയിട്ടുണ്ട്.

റോഡ് നവീകരിക്കുന്നതിന് മെയിന്റനൻസ് തുക ഉൾപ്പെടെ 671.66 കോടി രൂപയാണ് ചെലവ് വരുന്നത്. പൂർത്തീകരണത്തിന് 30 മാസം സമയപ രിധിയാണ് കണക്കാക്കിയിട്ടുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു.

# കയർ വ്യവസായത്തിന്റെ നാൾവഴികൾ



## ചൂഷകർക്കെതിരെ ഉണർന്നുയർന്ന തൊഴിലാളി ശക്തിയും ജോർജ്ജ് കമ്മറ്റി രൂപീകരണവും

**അഡ്വ.എൻ. സായികുമാർ**
പ്രസിഡന്റ്, കയർഫെഡ്



പി. കൃഷ്ണപിള്ള



വാടപ്പുറം പി.കെ. ബാവ

*(ആഗസ്റ്റ് ലക്കം തുടർച്ച)*

**ഇ**ന്നു നാം കാണുന്ന കേരളം രൂപപ്പെടുത്തിയതിൽ ഇവിടുത്തെ തൊഴിലാളികളും അവരുടെ സംഘടിത പ്രസ്ഥാനങ്ങളും നടത്തിയ ക്ലേശപൂർണവും ത്യാഗ സുരഭിലവുമായ പോരാട്ടങ്ങൾക്ക് വലിയ പങ്കുണ്ട്. തൊഴിലാളികളെ അടിമകളായി കണ്ടിരുന്ന ജന്മി മാടമ്പിത്ത- മുതലാളിത്ത കൂട്ടുകെട്ടിനെതിരെ തൊഴിലാളികൾ നടത്തിയ സംഘടിത മുന്നേറ്റങ്ങളും അവ കേരളരാഷ്ട്രീയ-സാമൂഹിക രംഗത്തുണ്ടാക്കിയ ദൂര വ്യാപക ഫലങ്ങളേയും പറ്റി പരാമർശിക്കാതെ കയർ വ്യവസയത്തെപ്പറ്റിയുള്ള ഒരു വിവരണവും പൂർണമാകുകയില്ല. ഒന്നാം കയർ പുനസംഘടനാ പദ്ധതിയെക്കുറിച്ച് ദീർഘമായി കയർ വ്യവസായം ഒന്നാം ലക്കത്തിൽ പ്രതിപാദിച്ചിരുന്നു. പുനസംഘടനാ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞുവരുന്നതിന് മുമ്പുള്ള വ്യവസായ തർക്കങ്ങളും കൂടിയാലോചനകളും പരാമർശിക്കാതെയാണ് നേരിട്ട് ഒന്നാം പുനസംഘടനയിലേക്ക് കടന്നത്. തൊഴിലാളികൾക്കുമേലുള്ള കൊടും ചൂഷണവും യൂണിയൻ രൂപീകരണവും ട്രേഡ് യൂണിയൻ നേതാക്കളുടെ ഇടപെടലുകളും ശക്തമായ സമരവും പ്രക്ഷോഭങ്ങളും അതിനെത്തുടർന്ന് രൂപീകരിച്ച വിവിധ കമ്മറ്റികളുടെ ശുപാർശയും പരാമർശിച്ചതിനുശേഷം രണ്ടാം പുനസംഘടനയെക്കുറിച്ച് വിവരിക്കാനാണ് ഉദ്ദേശിക്കുന്നത്. 1930 കളിൽ കൊടുംചൂഷണത്തിനു വിധേയരായ കയർഫാക്ടറിത്തൊഴിലാളികളുടെ ദയനീയ ചിത്രവും ചൂഷണത്തിനെതിരായ ചെറുത്തുനിൽപ്പുകളും പ്രക്ഷോഭങ്ങളും പണിമുടക്കവും അതിനെത്തുടർന്ന് രൂപീകരിച്ച ജോർജ്ജ് കമ്മറ്റിയുടെ പ്രവർത്തനവും ശുപാർശകളുമാണ് ഈ ലേഖനത്തിൽ വിവരിക്കുന്നത്.

1930 ലെ ലോക സാമ്പത്തിക കുഴപ്പം ആലപ്പുഴയിലെ കയർ വ്യവസായ മേഖലയെയും പ്രതിസന്ധിയിലാഴ്ത്തി. കൂലി വെട്ടിക്കുറക്കുന്നതിനും അദ്ധ്വാനഭാരം വർദ്ധിപ്പിച്ച് ചൂഷണം ശക്തിപ്പെടുത്തുന്നതിനും മുതലാളിമാരുടെ ഭാഗത്തുനിന്നും ശ്രമമുണ്ടായി. മൂപ്പൻമാരെ ഉപയോഗപ്പെടുത്തി ചൂഷണം വർദ്ധിപ്പിക്കുന്ന സമ്പ്രദായമാണ് അന്ന് നിലനിന്നിരുന്നത്. ഇതിനെതിരായി തൊഴിലാളികളുടെ ചെറുത്തുനിൽപ്പും ഒറ്റപ്പെട്ട പണിമുടക്ക് സമരങ്ങളും



അങ്ങിങ്ങായി പൊട്ടിപുറപ്പെട്ടു. ആസ്പിൻവാൾ കമ്പ നിയിലും വില്യംഗുഡ്ഡേക്കർ കമ്പനിയിലും പണിമുടക്ക് സമരങ്ങൾ നടന്നു.

1935-ൽ പി.കൃഷ്ണപിള്ള ആലപ്പുഴയിലെത്തി യതോടെ തൊഴിലാളി സംഘടനാപ്രവർത്തനങ്ങളുടെ ശക്തി വർദ്ധിച്ചു. 1922 മാർച്ച് 20-ന് ആലുമ്മൂട്ടിൽ കേ ശവന്റെ പറമ്പിൽ മുഹമ്മദ് ബഷീറിന്റെ അദ്ധ്യക്ഷത യിൽ ചേർന്ന തൊഴിലാളി യോഗത്തിൽ പി.കെ. ബാവ സെക്രട്ടറിയായി ആലപ്പുഴ കയർ ഫാക്ടറി യൂണിയൻ നിലവിൽ വന്നെങ്കിലും ഇതൊരു വർഗസംഘടന യായി മാറുന്നത് 1930-കളുടെ രണ്ടാം പകുതിയോടെ യാണ്. അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ നടന്ന വിശദീകരണ യോഗങ്ങൾ തൊഴിലാളികൾക്കിടയിൽ വലിയ ആവേശം വിതച്ചു.

രാജാവിന് നിവേദനം നൽകാൻ ജാഥ തിരിച്ചതും നേതാക്കളുടെ അറസ്റ്റും വെടിവയ്പ്പും ബാവയുടെ രക്തസാക്ഷിത്വവും ആലപ്പുഴയെ അക്ഷരാർത്ഥത്തിൽ ഇളക്കി മറിച്ചു. 1938-ലെ പണിമുടക്ക് തൊഴിലാളിസമര ചരിത്രത്തിലെ വലിയസംഭവമായി മാറി.

തിരുവിതാംകൂർ ലേബർ അസോസിയേഷന്റെ നേതൃ ത്വത്തിൽ ഒരു പൊതുപണിമുടക്ക് പൊട്ടിപുറപ്പെടാ നുള്ള സാധ്യത വില്യം ഗുഡേക്കർ 1938 ഫെബ്രുവരി 23-ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർന്ന് ലേബർ അസോസിയേഷൻ നൽകിയ നിവേദനത്തിൽ പറയുന്ന വിവിധ ആവശ്യങ്ങളെ സംബന്ധിച്ച് അ ന്വേഷണം നടത്തുന്നതിന് കൊല്ലം ജില്ലാ മജിസ്ട്രേ റ്റ് ചാണ്ടിയെ സർക്കാർ നിയോഗിച്ചു. അദ്ദേഹം 1938 സെപ്തംബർ 14-ന് അന്വേഷണ റിപ്പോർട്ട് നൽകി. പിന്നീട് ചർജ്ജെടുത്ത കൊല്ലം ജില്ലാ മജിസ്ട്രേറ്റ് കെ.എൻ.ഗോവിന്ദനെ കയർ ഫാക്ടറികളിലെ തൊഴിൽ സാഹചര്യങ്ങളെക്കുറിച്ച് വിശദമായി പഠിക്കാൻ സർ ക്കാർ നിയോഗിച്ചു. അദ്ദേഹത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് വ്യവസായ തർക്ക നിയമം (Industrial Dispute Act) 1938 ഒക്ടോബർ 25 മുതൽ പ്രാബല്യത്തിലാകുന്നതും ഈ നിയമത്തിലെ 3(ബി), 6(2) വകുപ്പുകൾ പ്രകാരം കൺസിലിയേഷൻ ബോർഡ് രൂപീകരിക്കുന്നതും. അന്നത്തെ ലാന്റ് റവന്യൂ കമ്മീഷ ണർ കെ.ജോർജ്ജ് ചെയർമാനായി കൺസിലിയേഷൻ ബോർഡ് നിലവിൽ വന്നു.1919-ൽ ട്രാവൻകൂർ ചേമ്പർ ഓഫ് കൊമേഴ്സ് നിലവിൽ വന്നെങ്കിലും രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയത് 1928 മുതലാണ്. ട്രാവൻ കൂർ ചേമ്പർ ഓഫ് കൊമേഴ്സ് പ്രതിനിധിയായി എൻ.ജി.ഹെയ്സനും ആലപ്പുഴ ചേമ്പർ ഓഫ് കൊമേ ഴ്സ് പ്രതിനിധിയായി എൻ.ശങ്കരമന്നാറും ട്രാവൻകൂർ കയർഫാക്ടറി തൊഴിലാളി പ്രതിനിധികളായി പി.എൻ. കൃഷ്ണപിള്ളയും വി.കെ.അച്യുതനും അംഗങ്ങളായ ബോർഡിൽ തൊഴിലുടമാ പ്രതിനിധിയായി എച്ച്. സ്മിത്തും പിന്നീട് നിയമിക്കപ്പെട്ടു.

കൂലിയുടെ ഏകീകരണം, കൂലി പണമായി കൃത്യ മായി വിതരണം ചെയ്യുക, കൂൺ ഫാക്ടറി ആരംഭിക്കു ന്നതിന് നിരോധനം ഏർപ്പെടുത്തുക തുടങ്ങിയ വിഷ യങ്ങളാണ് കമ്മറ്റിയുടെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തിയിരുന്നത്.

45000 തൊഴിലാളികൾ കയർഫാക്ടറി മേഖലയിൽ പണിയെടുക്കുന്നതായി ജോർജ്ജ് കമ്മറ്റി റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു. ശരാശരി ആറംഗ കുടുംബത്തി ന്റെ മിനിമം ജീവിതാവശ്യങ്ങൾക്കായി പ്രതിമാസം 16 രൂപ വേണമെന്നാണ് കമ്മറ്റി കണ്ടെത്തിയത്.

ഇതിൽ 12 രൂപയും ഭക്ഷണാവശ്യത്തിന് വേണ്ടി യാണ്. ആകെ ചെലവിന്റെ 73.11 ശതമാനം ഭക്ഷണത്തിന് ചെലവാകുന്ന നിലയിലുള്ള ഏറ്റവും താഴ്ന്ന ജീവിത സാഹചര്യമാണ് കയർഫാക്ടറി തൊഴിലാളികൾക്കിട യിൽ നിലനിന്നിരുന്നതെന്നും കമ്മറ്റി വിലയിരുത്തുന്നു. 16 രൂപ ആവശ്യമായിടത്ത് 14 രൂപ മാത്രമാണ് ഈ കുടുംബങ്ങളുടെ ശരാശരി വരുമാനമായി ലഭിച്ചിരുന്ന തെന്ന കാര്യം തൊഴിലാളികളുടെ ജീവിതാവസ്ഥയുടെ ദയനീയ ചിത്രം വരച്ചുകാട്ടുന്നതാണ്. 12 രൂപ മിനിമം ഭക്ഷണത്തിന് ആവശ്യമുള്ളിടത്ത് കേവലം 14 രൂപ മാത്രം വരുമാനമമുള്ള കയർഫാക്ടറിത്തൊഴിലാളി കുടുംബത്തിന്റെ ദയനീയ അവസ്ഥ ആദ്യമായി വെളി ച്ചത്തുകൊണ്ടുവന്നത് ജോർജ്ജ് കമ്മറ്റിയാണ്.

ഓല കുത്തി മറച്ച രണ്ടുമുറി മറക്കുടിലുകളിൽ അന്തി യുറങ്ങിയിരുന്ന കയർത്തൊഴിലാളി കുടുംബങ്ങൾക്ക് കിണറോ കക്കൂസോ ഇല്ലെന്നും തൊഴിലാളി കുടും ബങ്ങളിൽ 89 ശതമാനവും കടബാദ്ധ്യതക്കാരാണെ ന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. ജർമ്മനിയിലേക്കാണ്



അക്കാലത്ത് ഏറ്റവും കൂടുതൽ കയർ കയറ്റുമതിയുണ്ടായിരുന്നത്. രണ്ടാം സ്ഥാനത്ത് ബ്രിട്ടനുമായിരുന്നു. കാർഷികരംഗത്തുണ്ടായ തിരിച്ചടികൾ മൂലം ഫാക്ടറി രംഗത്തേക്ക് വൻതോതിൽ തൊഴിലാളികൾ കടന്ന് വന്നത് വ്യവസായത്തിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ വളരെ വലുതാണെന്നും കമ്മറ്റി കണ്ടെത്തിയിരുന്നു. കരാർ വ്യവസ്ഥ അന്നേ ഉണ്ടായിരുന്നു. കരാർത്തൊഴിലാളികൾക്ക് കുറഞ്ഞ കൂലിയാണ് ലഭിച്ചുവന്നിരുന്നത്. കരാർ തൊഴിലാളികളെ സപ്ലൈ ചെയ്യുന്ന കങ്കാണി സമ്പ്രദായം വ്യാപകമായിരുന്നതായും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

കരാർ തൊഴിലാളികളുടെ പ്രയാസങ്ങളും മൂപ്പൻമാരുടെ പീഡനങ്ങളും അമിതമായ ഫൈൻ ഈടാക്കലുമെല്ലാം തൊഴിലാളികളുടെയിടയിൽ അമർഷം സൃഷ്ടിക്കുകയും പ്രക്ഷോഭത്തിന് ആക്കം കൂട്ടുകയും ചെയ്തു. ഓരോ ഫാക്ടറികളിലും ആവശ്യമുള്ള തൊഴിലാളികളെ സ്ഥിരമായി നിയമിക്കണമെന്നും പിന്നീട് ആവശ്യമായി വരുന്നപക്ഷം പരിഗണിക്കുന്നതിനായി തൊഴിലാളികളുടെ വെയ്റ്റിംഗ് ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നും കമ്മറ്റി നിർദ്ദേശിച്ചത് ഈ പശ്ചാത്തലത്തിലാണ്.

ഫാക്ടറീസ് ആക്ട് Workmen Compensation Act, Payment of Wages Act, Trade Boards Act എന്നീ നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്ന ഉത്തരവാദിത്വം മുതലാളിമാർക്ക് ഉണ്ടായിരിക്കുമെന്നും പുറം കരാറുകാർ സപ്ലൈ ചെയ്യുന്ന തൊഴിലാളികളെ വച്ച് പണി ചെയ്യിച്ചാലും ഈ ഉത്തരവാദിത്വത്തിൽ നിന്നും തൊഴിലുടമകൾക്ക് ഒഴിഞ്ഞുമാറാനാവില്ലെന്നും ജോർജ്ജ് കമ്മറ്റി ഉറച്ച നിലപാടെടുത്തു.

പീസ് വർക്ക് റേറ്റിന് പകരം മിനിമം ജീവിതാവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന തരത്തിൽ ദിവസകൂലി നിശ്ചയിക്കണമെന്നാണ് കയർ ഫാക്ടറി യൂണിയൻ ആവശ്യം ഉന്നയിച്ചത്. എന്നാൽ ഈ ആവശ്യം അംഗീകരിക്കാൻ കമ്മറ്റി തയ്യാറായില്ല. ആലപ്പുഴയിൽ പ്രചാരത്തിലുള്ള പീസ് റേറ്റ് വർക്ക് വ്യവസ്ഥ പുനപരിശോധിക്കേണ്ടതില്ലെന്ന നിലപാടാണ് കമ്മറ്റി സ്വീകരിച്ചത്.

മിനിമം കൂലി നിരക്കുകൾ നിശ്ചയിക്കുന്നതിനും നിയമാനുസരണം വേജ് ബോർഡ് രൂപീകരിക്കാനുള്ള നിർദ്ദേശം ജോർജ്ജ് കമ്മറ്റി മുന്നോട്ടു വച്ചു. ഈ നിർദ്ദേശത്തെ കയർ ഫാകടറി വർക്കേഴ്സ് യൂണിയനും ആലപ്പി ചേമ്പർ ഓഫ് കൊമേഴ്സും അംഗീകരിച്ചു.

അക്കാലത്ത് തൊഴിലാളികളുടെ ജോലി സമയം 12 മണിക്കൂറിലേറെയായിരുന്നു. എല്ലാ ആഴ്ചയും കൂലി വിതരണം ചെയ്യണമെന്നും കൂലി പണമായി നൽകണമെന്നും കമ്മറ്റി ശുപാർശ ചെയ്തു. Payment of Wages Act തിരുവിതാംകൂറിൽ നടപ്പിൽ വരുത്തണമെന്നും മെറ്റേണിറ്റി ബെനിഫിറ്റ് സ്കീം നടപ്പിലാക്കണമെന്നും ജോർജ്ജ് കമ്മറ്റി ശുപാർശ ചെയ്തു.

ലാഭത്തിനുള്ള അത്യാർത്തി മാത്രമാണ് തൊഴിലുടമകളുടെ പൊതു താത്പര്യമെന്ന് വിലയിരുത്തിയ കമ്മറ്റി തൊഴിലാളി ക്ഷേമ നടപടികൾക്ക് ഊന്നൽ നൽകണമെന്നും ശുപാർശ ചെയ്തു. നിയന്ത്രണങ്ങളോടെ നിബന്ധനകളും കർശനമാക്കികൊണ്ടാവണം വ്യവസായം മുന്നോട്ട് പോകേണ്ടതെന്ന നിർദ്ദേശവും കമ്മറ്റി മുന്നോട്ട് വച്ചു.

ആലപ്പി കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനെ കൂടാതെ ചേർത്തല, മുഹമ്മ, അരൂർ യൂണിയനുകളും സജീവമായി പ്രവർത്തിച്ചു വന്നിരുന്നതായി കമ്മറ്റി രേഖകളിൽ കാണുന്നു.ആലപ്പി കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനിലെ 7481 അംഗങ്ങളും മാസം 2 ചക്രം വരിസംഖ്യ യൂണിയന് നൽകിയിരുന്നതായി കമ്മറ്റി രേഖപ്പെടുത്തിയിരിക്കുന്നു.

യുദ്ധാനന്തരം ഉത്പാദനത്തിലും കയറ്റുമതിയിലും വലിയ മുന്നേറ്റമുണ്ടായതായും രൂക്ഷമായ തൊഴിലില്ലായ്മ കാരണം തൊഴിലാളികൾ കൂടുതലുള്ളതുകാരണം ഗണ്യമായ നിലയിൽ കൂലി വെട്ടിക്കു



റച്ചതായും കമ്മറ്റി സ്ഥിരീകരിച്ചു. അതിരുകളില്ലാത്ത മത്സരത്തിന് കടിഞ്ഞാണിടുന്നതിനും നിബന്ധനകൾ കർക്കശമാക്കി നിയന്ത്രണങ്ങൾ കൊണ്ടുവരണമെന്നും കമ്മറ്റി ശുപാർശ ചെയ്തു.

മൂപ്പൻമാരുടെ ചൂഷണം അവസാനിപ്പിക്കാനും അന്യായമായ ഫൈൻ ഉപേക്ഷിക്കാനും കരാർ നിയമനം കഴിയുന്നിടത്തോളം അവസാനിപ്പിക്കാനും കമ്മറ്റി നിർദ്ദേശിച്ചു. ടൈം റേറ്റ് പ്രായോഗികമല്ലെന്നും പീസ് റേറ്റ് തുടരണമെന്നും കൂലി പണമായി നൽകണമെന്നും അതു കൃത്യമായ ഇടവേളകളിൽ വിതരണം ചെയ്യണമെന്നും കമ്മറ്റി നിഷ്ക്കർഷിച്ചു.

വ്യവസായ നടത്തിപ്പിനെ ആഴത്തിൽ പരിശോധിച്ച് തൊഴിലാളിക്ഷേമത്തിന് ഊന്നൽ നൽകുന്ന നൂതന നിർദ്ദേശങ്ങളാണ് ജോർജ്ജ് കമ്മറ്റി മുന്നോട്ട് വച്ചതെങ്കിലും അത് നടപ്പാക്കാൻ മുതലാളിമാരോ സർക്കാരോ തയ്യാറായില്ല.

ഇത് തൊഴിലാളികളുടെ ഇടയിൽ വലിയ അസംതൃപ്തിയും അമർഷവും ക്ഷണിച്ചു വരുത്തി. തൊഴിലാളികളുടെ പ്രതിഷേധത്തെ ആളിക്കത്തിക്കാൻ തൊഴിലാളി നേതാക്കൻമാരുടെ പ്രവർത്തനങ്ങളും പ്രസംഗങ്ങളും പര്യാപ്തമായിരുന്നു. ഇതിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ടാണ് ആലപ്പുഴ തൊഴിലാളി പ്രക്ഷോഭ സമരമുന്നേറ്റങ്ങൾക്ക് വേദിയാകുന്നത്.



# കയർ മ്യൂസിയം, ചരിത്രത്തിലേക്ക് ഒരു ദൂരദർശിനി





**പി വി വേണുഗോപാൽ**

**ഇ**ന്നലെകളിൽ മറഞ്ഞു പോയ കാഴ്ചകൾ ഇന്നുള്ളവർക്കായി പുനർജനിപ്പിക്കുന്ന ഇടുങ്ങിയ ഇടങ്ങളാണ് മ്യൂസിയങ്ങൾ എന്ന പൊതു ബോധത്തെയാകെ പൊളിച്ചെഴുതുകയാണ് ആലപ്പുഴയിൽ ഒരുങ്ങുന്ന കയർ മ്യൂസിയസമുച്ചയം.ലോകത്തിൽ അപൂർവ്വങ്ങളിൽ അപൂർവ്വമാണ് കയർ മ്യൂസിയങ്ങൾ. നെതർലൻഡിലെ ഹെനി മുദീൻ ഗ്രാമത്തിലേത് അടക്കം ലോകത്ത് രണ്ട് കയർ മ്യൂസിയങ്ങളാണ് ഉള്ളതെന്നും എന്നാൽ ഇവ ചേതനയറ്റ യന്ത്രങ്ങളുടെ പ്രദർശനശാലകൾ മാത്രമാണെന്നാണ് വിദഗ്ധമതം.

പക്ഷെ ആലപ്പുഴയിലെ കയർ മ്യൂസിയസമുച്ചയം കയറിന്റേയും കയർ വ്യവസായത്തിന്റേയും കയർ തൊഴിലാളികളുടെ ജീവിതത്തിന്റെയും നാൾവഴികൾ രേഖപ്പെടുത്തുന്നതും ഒപ്പം സാമൂഹിക, സാമ്പത്തിക, വാണിജ്യ പ്രവർത്തനങ്ങൾ അഭംഗുരം നടക്കുന്ന ജീവനുള്ള ഇടങ്ങളായിരിക്കും.യാൺ മ്യൂസിയം, കയർ വ്യാപാര മ്യൂസിയം, തൊഴിലാളി പ്രസ്ഥാന മ്യൂസിയം, ലിവിംഗ് കയർ മ്യൂസിയം എന്നിവയാണ് കയറുമായി ബന്ധപ്പെടുത്തി നിർമ്മിക്കുന്ന മ്യൂസിയങ്ങൾ. പഴയ ഡാറാസ്മെയിൽ (കയർഫെഡ്), വോൾകാർട്ട് ബ്രദേഴ്സ് (കയർ കോർപ്പറേഷൻ), ബോംബെ കമ്പനി (ന്യൂ മോഡൽ കയർ കോ-ഓപ്പറേറ്റീവ്) എന്നീ സ്ഥാപനങ്ങളിലായി പരന്നുകിടക്കുന്നതായിക്കും ബൃഹത്തായ കയർ മ്യൂസിയസമുച്ചയം.

## കയർ മ്യൂസിയത്തിന്റെ പഞ്ചമുഖങ്ങൾ

കയർ മ്യൂസിയ സമുച്ചയത്തിലെ പ്രദർശന ഉള്ളടക്കത്തെ അഞ്ച് പ്രത്യേക ഭാഗങ്ങളായാണ് തിരിച്ചിരിക്കുന്നത്.

ആദ്യത്തേത് കയർ യാൺ സംബന്ധിച്ച പ്രദർശനമാണ്. കയർ യാൺ മ്യൂസിയം കയർഫെഡിന്റെ അധീനതയിലുള്ള കെട്ടിടങ്ങളിലാണ് നിർമ്മിക്കുന്നത്. കയർഫെഡിലെ ഓഡിറ്റോറിയത്തിന്റെ ഹാളിന്റെ തറയിൽ വലിയൊരു റിലീഫ് മാപ്പിൽ വിവിധയിനം കയർ മേഖലകളെ അവിടത്തെ കാഴ്ചകളുടെ പശ്ചാത്തലത്തിൽ കയർ ഇനങ്ങളെ പരിചയപ്പെടുത്തും. അതോടൊപ്പം വിവിധതരം തൊണ്ടുതല്ലു യന്ത്രങ്ങളും കയർപിരി യന്ത്രങ്ങളും പ്രദർശനത്തിനായി ഉണ്ടാകും. കയർ സഹകരണ മേഖലയുടെ ചരിത്രം ഇവിടെയാണ് പ്രതിപാദിക്കുക. കയർ നെയ്ത്ത് സാങ്കേതികവിദ്യയുടെ പരിണാമവും ഇവിടെ പ്രദർശനത്തിനുണ്ടാവും. അഞ്ചുതരം കൈത്തറി തടുക്കു തറികൾ, അഞ്ചുതരം ഫ്രെയിമുകൾ, നാലു തരം മാറ്റിംഗ് തറികൾ, അഞ്ചു തരം ആധുനിക യന്ത്രങ്ങൾ എന്നിവയാകും ഇവിടെ പ്രദർശിപ്പിക്കുക. അവയിലെല്ലാം സന്ദർശകർക്കുവേണ്ടി പ്രദർശന നെയ്ത്തും നടക്കും. ഇവയുടെ ഉത്പന്നങ്ങളും പ്രത്യേകതകളും ഇവിടെ പ്രദർശിപ്പിക്കും.

അടുത്തത് കയറിന്റെ ആഗോള ഉത്പാദനം, കമ്പോളം, ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി തുടങ്ങിയവ സംബന്ധിച്ച പ്രദർശനമാണ്. വിശാലമായ ചുവരിൽ കയറ്റുമതിയുടെ ഗതിവിഗതികളുടെ രേഖാചിത്രങ്ങൾ നൽകുന്നതിന്റെ പശ്ചാത്തലമായി പത്തൊമ്പതാം നൂറ്റാണ്ട് മുതലുള്ള കയർ ഉത്പന്നങ്ങളുടെ കമ്പോള പരസ്യങ്ങളുടെ വലുതാക്കിയ പകർപ്പുകൾ പതിച്ചിട്ടുണ്ടാവും, ഇതിലൂടെ കയറിന്റെ കമ്പോള അഭിരുചികളിൽവന്ന മാറ്റത്തെയും പ്രതിഫലിപ്പിക്കും.



മറ്റൊന്ന് ആലപ്പുഴയിലെ കയർ കമ്പനികളുടെ വ്യവസായ ചരിത്രമാണ്. കയർ വ്യവസായത്തിൽ സ്വാതന്ത്ര്യകാലം വരെ ആധിപത്യം പുലർത്തിയതും ഇപ്പോൾ അപ്രത്യക്ഷവുമായ വിദേശ കമ്പനികളെക്കുറിച്ച് സവിശേഷ പ്രതിപാദനം ഉണ്ടാകും. കയർ വ്യവസായത്തിൽ വന്ന ഘടനാപരമായ മാറ്റങ്ങളും ചർച്ച ചെയ്യും. അവസാനമായി കയർ തൊഴിലാളി പ്രസ്ഥാനത്തിന്റെ ചരിത്രം വിശദമായി പ്രതിപാദിക്കും. ഇങ്ങനെ

കേരള കയറിനെ പൈതൃക ഉൽപന്നമെന്ന നിലയിൽ ബ്രാൻഡു ചെയ്യുന്നതിനുള്ള അതിബൃഹത്തായ പദ്ധതിയാണ് ആലപ്പുഴയെ ഒരു പൈതൃക ടൂറിസം നഗരമായി പുനരുദ്ധരിക്കുന്നതിനുള്ള സമഗ്ര പരിപാടിയുടെ ഭാഗമായി ഒരുക്കുന്ന കയർ മ്യൂസിയ സമുച്ചയം.

കയർഫെഡ് കെട്ടിടങ്ങളിൽ യാൺ മ്യൂസിയവും കോർപറേഷൻ കെട്ടിടങ്ങളിൽ കയർ വ്യാപാര ചരിത്രവും ന്യൂ മോഡൽ കയർ കോഓപ്പറേറ്റീവിൽ കയർ ത്തൊഴിലാളി പ്രസ്ഥാന ചരിത്രവുമാണ് അനാവരണം ചെയ്യുന്നത്. ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത ഈ മ്യൂസിയങ്ങളെ ലിവിംഗ് മ്യൂസിയങ്ങളായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്നതാണ്. എന്നു വച്ചാൽ മ്യൂസിയത്തെ വേർതിരിച്ചതിനു ശേഷമുള്ള ഇടങ്ങളിൽ സാധാരണഗതിയിലുള്ള സാമൂഹിക, സാമ്പത്തിക, വാണിജ്യ പ്രവർത്തനങ്ങളും അഭംഗുരം നടക്കുന്നുണ്ടാകും. ഇവിടെയെത്തുന്ന സന്ദർശകർക്ക് കയറുത്പന്നങ്ങൾ ഓർഡർ ചെയ്യാനും വാങ്ങിക്കൊണ്ടു പോകാനുമൊക്കെ കഴിയും. ഇങ്ങനെ ഇന്നലെയേയും ഇന്നിനേയും ഒരുമിച്ച് അണിനിരത്തുന്ന മ്യൂസിയങ്ങൾ ലോകത്ത് തന്നെ അപൂർവ്വമാണ്.

## ഒരു കാഴ്ച; ഒരുപിടി ചോദ്യങ്ങൾ

കയർഫെഡിന്റെ ഉടമസ്ഥതയിലുള്ള പഴയ ഡാറാ സ്മെയിൽ ആൻഡ് കമ്പനിയിൽ കയർ യാൺ മ്യൂസിയം ഇപ്പോൾ പൂർണമായി ഒരുങ്ങിക്കഴിഞ്ഞിട്ടുണ്ട്.

ഡാറാ സ്മെയിൽ ആൻഡ് കമ്പനിയുടെ പടികടന്നെത്തുന്ന ആരിലും ഡാറായും സ്മെയിലും ആരാണെന്ന് അറിയാനുള്ള കൗതുകം നിശ്ചയമായും ഉണ്ടാകും. ഇന്ത്യയിൽ ആദ്യം സ്ഥാപിതമായ ഈ കയർഫാക്ടറി ഐറിഷ് അമേരിക്കനായ ജെയിംസ് ഡാറാ 1859ൽ സ്ഥാപിച്ചതാണെന്ന പ്രാഥമിക ജ്ഞാനം കൊണ്ട് അവർ തൃപ്തരായെന്നു വരില്ല. ആ അന്വേഷണം തീർച്ചയായും,1827ൽ അയർലൻഡിലെ ലർഗണിലായിരുന്നു ജയിംസ് ഡാറായുടെ ജനനമെന്നും ചെറുപ്രായത്തിലേ അദ്ദേഹം അമേരിക്കയിലേക്ക് കുടിയേറിയെന്നും ന്യൂയോർക്ക് സിറ്റിയിൽ ഒരു കയർമാറ്റ് ആന്റ് മാറ്റിംഗ്സ് കമ്പനിയിൽ അപ്രന്റീസായി ജോലി നേടി കയർ വ്യവസായത്തിന്റെ ബാല പാഠങ്ങൾ അവിടെ നിന്ന് പഠിച്ചതാണെന്നുമുള്ള പുതിയ അറിവുകൾ അവർ ഈ മ്യൂസിയത്തിനകത്തു നിന്നും പുറത്തു നിന്നു മൊക്കെയായി തേടിപിടിക്കുക തന്നെ ചെയ്യും. മലയാളത്തിലെ ചില പ്രമുഖ പത്രങ്ങൾ വായനക്കാരുടെ മനസിൽ ബോധപൂർവ്വം വരച്ചിടാൻ ശ്രമിച്ചതു പോലെ, ആലപ്പുഴയുടെ പ്രതാപം കേട്ടറിഞ്ഞ് ഇവിടെയെത്താൻ കൊതിച്ച്, കപ്പലേറി എങ്ങനെയോ ബംഗാളിലെത്തി കയറുത്പാദനം തുടങ്ങി, സ്വന്തം ഉത്പന്നത്തിന്റെ മികവിൽ തൃപ്തി വരാതെ പൂർണതയുള്ള ഉത്പന്ന നിർമ്മിതിക്കായി ഒടുവിൽ ആലപ്പുഴയിൽ എത്തിയ നിശ്ചയദാർഢ്യക്കാരാനായ ഭാഗ്യാന്വേഷിയല്ല ജയിംസ് ഡാറയെന്ന് അവരിലെ സാധാരണക്കാർ പോലും മനസിലാക്കുകയും ചെയ്യും. സ്വന്തം വ്യവസായ സാമ്രാജ്യം എന്ന സ്വപ്നം വളരെ ചെറുപ്പത്തിലേ മൊട്ടിട്ട ഡാറായെ, സുലഭമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളും കുറഞ്ഞ ചിലവിൽ ലഭിക്കുന്ന തൊഴിൽശക്തിയുമാണ് ഇന്ത്യയിലേക്ക് ആകർഷിച്ചതെന്ന് അവർ തീർച്ചയായും തിരിച്ചറിയും. ഇങ്ങനെ മ്യൂസിയത്തിലെത്തുന്ന ഓരോരുത്തരേയും ഓരോ കാഴ്ചയും ഒരു പിടി ചോദ്യങ്ങളിലേക്കാവും നയിക്കുക. ഈ ചോദ്യങ്ങൾക്ക് രാഷ്ട്രീയവും സാമ്പത്തികവും ചരിത്രവുമെല്ലാം ഇഴ ചേരുന്ന ഉത്തരങ്ങൾ കണ്ടെത്താനുള്ള ഊർജ്ജമാകും ഓരോ സന്ദർശകനും ഇവിടെ നിന്നും ലഭിക്കുക.

ലോകമെമ്പാടുമുള്ള വിവിധതരം നൂലുകൾ, അവയുടെ നിർമ്മാണം എന്നിവയും ഈ മ്യൂസിയത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. വിവിധതരത്തിലുള്ള നൂലുകൾ ഇവിടെ പ്രദർശിപ്പിക്കും. കൈകൾകൊണ്ടുള്ള നൂലുത്പാദനവും യന്ത്രസാമഗ്രികൾകൊണ്ടുള്ള നൂലുത്പാദനവും ഇവിടെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. പൗരാണിക കാലം മുതലുള്ള കയറിന്റെ ചരിത്രവും കയറിനെ സംബന്ധിച്ച് എഴുതപ്പെട്ടിട്ടുള്ള സാഹിത്യ കൃതികളും ആലപ്പുഴയിലെ കയറും കയറിന്റെ പ്രത്യേകതകളുമെല്ലാം വിശദമായി ഈ മ്യൂസിയത്തിൽ ഉണ്ടാവും. കൂടാതെ വിവിധയിനം കയറുകളും ഇവിടെ

പ്രദർശിപ്പിക്കും. യാൺ മ്യൂസിയത്തിലെ മറ്റൊരു ഗ്യാലറി യായ കൽപ്പവൃക്ഷ ഗ്യാലറിയിൽ തെങ്ങിന്റെ പ്രാധാ ന്യവും തെങ്ങുകൃഷി കേരളത്തിൽ വികസിച്ചതിന്റെ ചരിത്രവും തേങ്ങകൊണ്ടുള്ള വിവിധയിനം ഉത്പ ന്നങ്ങളും, തെങ്ങുകൃഷിയിൽ ഉപയോഗിക്കപ്പെടുന്ന വിവിധ ഉപകരണങ്ങളുമാണ് പ്രദർശിപ്പിക്കുക.

കയർ കോർപ്പറേഷൻ കെട്ടിടങ്ങളിലാണ് കയർ വ്യാപാര ചരിത്ര മ്യൂസിയം ഒരുങ്ങുന്നത്. ആലപ്പുഴയിലെ വിദേ ശ- നാടൻ കയർ കമ്പനികളുടെ ചരിത്രമാണ് ഇവിടെ അനാവരണം ചെയ്യുക. ഇതോടൊപ്പം കയറിന്റെ കമ്പോള പരിണാമത്തെക്കുറിച്ചുള്ള വിവരണങ്ങളും ഉണ്ടാകും.

ഉത്പാദനക്ഷമത കുറഞ്ഞ, തൊഴിൽ സാന്ദ്രമായ ഒരു പരമ്പരാഗത കൈവേല മാത്രമായിരുന്ന കയർ, വ്യവസായം അന്നുമുതൽ ഇന്ന് രണ്ടാം കയർ പുന സംഘടനയുള്ള കാലംവരെ ഈ മേഖലയിലുണ്ടായ കിതപ്പും കുതിപ്പുമാണ് ഈ മ്യൂസിയം സന്ദർശകർക്കു മുൻപിൽ വിവരിക്കുക. ഇക്കാലഘട്ടങ്ങളിലെ മൂലധ നത്തിന്റെ ചലനങ്ങൾ, സമ്പത്തിന്റെ കേന്ദ്രീകരണം, കൂലിവേലയുടെ വളർച്ച, അത് തൊഴിലിടങ്ങളിലുണ്ടാ ക്കിയ മാറ്റങ്ങൾ, വിപണിയിലെ മത്സരങ്ങൾ തുടങ്ങി ഒട്ടേറെ സാമ്പത്തിക -ചരിത്ര വസ്തുതകളിലേക്ക് ഈ മ്യൂസിയം സന്ദർശകരെ കൂട്ടിക്കൊണ്ടു പോകും. കച്ച വട മുതലാളിമാരുടെ സ്ഥാനത്ത് വ്യാവസായിക മു തലാളിമാർ ആവിർഭവിക്കുകയും ഇതിന്റെ ഫലമായി കൈത്തൊഴിലുകാരടക്കം ഒരു വലിയ സമൂഹം കേ വലം കൂലി അടിമകളാവുകയും ചെയ്ത പരിവർ ത്തനവും അത് ഇന്ത്യയുടെ വിശിഷ്യാ കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ രംഗത്തുണ്ടാക്കിയ വലിയമാറ്റങ്ങ ളെക്കുറിച്ചും ഈ മ്യൂസിയ സമുച്ചയം സന്ദർശകരോട് സംവദിക്കും. കയർ കമ്പോളത്തിലെ കയറ്റുമതി കു ത്തകക്കാർക്കും തൊണ്ടു കമ്പോളത്തിലെ അഴുക്കൽ കുത്തകക്കാർക്കും ഇടയിൽ ഞെരിഞ്ഞമർന്ന പഴയകാ ല ചെറുകിട ഉത്പാദകരുടേയും തൊഴിലാളികളുടേ യും ജീവിതം സൂക്ഷ്മാന്വേഷിയായ ഒരു സന്ദർശകന് ഇവിടെ കാണാൻ കഴിയും. മാത്രമല്ല പരമ്പരാഗത മേഖലയുടെ വളർച്ചക്കായി രൂപപ്പെടുത്തിയ അതി ശക്തമായ ഇടതുപക്ഷ ബദലുകളും പൊതുമേഖല യേയും സ്വകാര്യ മേഖലയേയും ഉൾക്കൊള്ളിച്ച് കേ രളത്തിലെ കയർ വ്യവസായത്തിന്റെ പൊതു വളർച്ച ലക്ഷ്യമിട്ട് ആഭ്യന്തര- വിദേശ വിപണികളിൽ ഒരു ജ നകീയ സർക്കാർ നടത്തുന്ന വിപുലമായ ഇടപെടലു കളും ഇവിടെ നിന്നും വായിച്ചെടുക്കാം.

ന്യൂ മോഡൽ കയർ കോഓപ്പറേറ്റീവിൽ ഒരുങ്ങുന്ന കയർത്തൊഴിലാളി പ്രസ്ഥാന മ്യൂസിയം ചരിത്ര വിദ്യാർത്ഥികൾക്കും തൊഴിലാളികൾക്കും തൊഴിലാളി പ്ര സ്ഥാനങ്ങളുടെ പ്രവർത്തകർക്കും ഒരു മുതൽക്കൂ ട്ടാകുക തന്നെ ചെയ്യും. ആലപ്പുഴയുടെ തൊഴിലാളി സമരചരിത്രവുമായി അഭേദ്യമായ ബന്ധം പുലർ ത്തുന്നതാണല്ലോ കയർ വ്യവസായം. കേരളത്തിലെ എക്കാലത്തേയും മികച്ച തൊഴിലാളി സംഘാടകനായ സഖാവ് പി കൃഷ്ണപിള്ള, കേരളത്തിലെ ആദ്യതൊഴി ലാളി പ്രസ്ഥാനമായ തിരുവിതാംകൂർ ലേബർ അസോ സിയേഷന്റെ രൂപീകരണം, അതിന്റെ സ്ഥാപകനായി രുന്ന വാടപ്പുറം ബാവ എന്നറിയപ്പെട്ടിരുന്ന പി.കെ. ബാവ, ഡാറാ - സ്മെയിൽ കമ്പനിയിൽ നടന്ന തൊഴി ലാളി ദ്രോഹ നടപടികളിൽ പ്രതിഷേധിച്ച് മാനേജരായ സായിപ്പിനെ തിരുവിതാംകൂർ ലേബർ അസോസിയേ ഷന്റെ നേതൃത്വത്തിൽ തടഞ്ഞു വെച്ചതോടെ തുട ക്കമിട്ട 'ഘെരാവോ' എന്ന സമരരൂപം,1935-ലെ ആദ്യ കയർ ജാഥ,അത് നയിച്ച കൊല്ലം ജോസഫ്, ഐതി ഹാസികമായ പുന്നപ്രവയലാർ സമരം, കയർ മേഖല




യിലെ ട്രേഡ് യൂണിയൻ രൂപീകരണം, എന്നിങ്ങനെ വ്യക്തികളും സംഘടനകളും സംഭവങ്ങളും ഒക്കെ ഈ മ്യൂസിയം സന്ദർശിക്കുന്നവരുടെ മനസിൽ തിരതല്ലും. പട്ടിണികൂലി വാങ്ങി പട്ടിണിക്കോലങ്ങളായി തീർന്ന പഴയ കയർത്തൊഴിലാളി ജീവിതവും അതിനെതിരെ അധികാര കേന്ദ്രങ്ങളോട് അലകടൽ പോലെ നിരന്തരം പോരാടിയ തൊഴിലാളി ശക്തിയുടെ പോരാട്ട വീര്യവും ഈ മ്യൂസിയം പകർന്നു നൽകും.

ഉത്പാദന വ്യവസ്ഥയും-തൊഴിലാളികളും, ട്രേഡ് യൂണിയനുകൾക്ക് മുൻപുള്ള തൊഴിലാളികളുടെ നില, കയർ വ്യവസായത്തിലെ തൊഴിലാളി പ്രസ്ഥാനങ്ങൾ, കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം, തൊഴിലാളികളുടെ സാമൂഹിക സ്ഥിതി വ്യക്തമാ ക്കുന്ന സിനിമകൾ, ട്രേഡ് യൂണിയനുകൾ നിലവിൽ വന്നതിനുശേഷമുള്ള തൊഴിലാളികളുടെ സ്ഥിതി, തൊഴിലാളികളുടെ സേവന വേതനസ്ഥിതി എന്നിവ യെല്ലാം ഈ മ്യൂസിയത്തിൽ വിശദീകരിക്കപ്പെടും.

അന്നന്നത്തെ അപ്പത്തിനായി അധ്വാനിക്കുന്ന വരും, ഇഷ്ടപ്പെട്ട ഉത്പന്നങ്ങൾ വിലക്കുവാങ്ങാനെത്തു ന്നവരും ചരിത്രാന്വേഷികളും വിനോദ സഞ്ചാരികളും ഒക്കെ ഉൾക്കൊള്ളുന്ന ജീവനുള്ള ഈ മ്യൂസിയം ആലപ്പുഴയിലെ എല്ലാ കയർ സ്ഥാപനങ്ങളുടെയും അവിടുത്തെ തൊഴിലാളികളുടെ നാളിതുവരെയുള്ള ജീവിത സമരങ്ങളുടെ ചരിത്രവും അവ നൽകിയ സംഭാവനകളും ലോകത്തോട് വിളിച്ചു പറയും. കയർ വ്യവസായത്തിന്റെ പരിണാമ വികാസവും തകർച്ചയും ഇന്നത്തെ ഉയർത്തെഴുന്നേൽപ്പുമാണ് മ്യൂസിയ സമുച്ച യത്തിന്റെ പ്രതിപാദ്യ വിഷയം.

ഇതിൽ കയർ യാൺ മ്യൂസിയം കെട്ടിടങ്ങളു ടെ പുനരുദ്ധാരണം പൂർത്തിയായിക്കഴിഞ്ഞു. 100 ഇന പരിപാടിയിൽ ആലപ്പുഴയിലെ മ്യൂസിയം പരമ്പരയി ലെ ആദ്യത്തേതായ കയർ യാൺ മ്യൂസിയത്തിന്റെ ഉദ് ഘാടനവും ഉൾപ്പെടുന്നുണ്ട്.



## മ്യൂസിയത്തിലെ കയർ ഇൻസ്റ്റുലേഷനുകൾ

കേരള ലളിത കലാഅക്കാദമിയുടെ നേതൃത്വത്തിൽ പ്രശസ്തരായ കലാകാരൻമാർ തയ്യാറാക്കിയിട്ടുള്ള ഇൻസ്റ്റലേഷൻസ് ഈ മ്യൂസിയത്തിന്റെ പ്രത്യേകതയാണ്. ചണം, ചകിരി, ചിരട്ട, കയർ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ആർട്ട് ഇൻസ്റ്റലേഷനുകൾ ഇവിടെയുണ്ടാകും.

ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിലാണ് ഇതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 13 ആർട്ടിസ്റ്റുകളാണ്ു ഈ ആർട്ട് ഇൻസ്റ്റലേഷനുകൾ രൂപപ്പെടുത്തിയത്. ഇതിനായി ആഗസ്റ്റ് 20 മുതൽ 20 ദിവസം നീണ്ട ഇൻസ്റ്റലേഷൻ ആർട് ക്യാമ്പ് ആലപ്പുഴയിൽ സംഘടിപ്പിച്ചിരുന്നു. ഈ ക്യാമ്പിലാണ് ഇൻസ്റ്റലേഷനുകൾ തയ്യാറായത്.

അമീൻ ഖലീൽ, അജിത പി.കെ, അനിൽ ബി കൃഷ്ണ, ചിത്ര ഇ.ജി, സബിത കടന്നപ്പള്ളി, രജനി എസ്.ആർ, എം.കെ ജോൺസൻ, ഷിജോ ജേക്കബ്ബ്, സുദയദാസ്, രാജൻ അരിയല്ലൂർ, കെ.എസ് പ്രകാശൻ, വി.വി വിനു, ടി.ആർ ഉദയകുമാർ എന്നിവരായിരുന്നു ആർടിസ്റ്റുകൾ.

ഇതിനിടയിൽ മറ്റൊരു ക്യാമ്പിന് തയ്യാറെടുപ്പ് നടക്കുന്നുണ്ട്. കേരളത്തിലെ കയർ തൊഴിലാളികളുടെ അതീവ ദൈന്യസ്ഥിതി 50 കളിലെ മിനിമം വേജസ് കമ്മിറ്റി ഉദ്ധരിണികളിലൂടെ പ്രദർശിപ്പിക്കുന്നുണ്ട്. 20–25 ഉദ്ധരണികൾ ഉണ്ടാവും. ഇവ ഓരോന്നും ഒരു കലാകാരൻ പെയിന്റിംഗിലൂടെ ചിത്രീകരിക്കും. ലളിതകലാ അക്കാദമിയാണ് ഇതും ക്യൂറേറ്റ് ചെയ്യുന്നത്. ബിനാലെ ബോണിയാണ് ഏകോപനം. ഇതിനു പുറമേ ഒരു ഡസൻ ഫോട്ടോഗ്രാഫർമാരുടെ ചിത്രങ്ങളും ഉണ്ടാവും.

വീഡിയോകൾ, ശബ്ദലേഖനം തുടങ്ങിയവയുടെ ചുമതല കെ.ആർ. നാരായണൻ വിഷ്വൽ ആർട്സിലെ ഫൗസിയയ്ക്കാണ്. ലോക്കൽ നോഡൽ ഓഫീസറായി എല്ലാത്തിനും മേൽനോട്ടം വഹിക്കുന്നത് ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ ഷിബുവാണ്.

ആലപ്പുഴയിലെ മ്യൂസിയം പരമ്പര പൂർത്തിയാകുമ്പോൾ അത് കേരളത്തിനകത്തും പുറത്തുമുള്ള 500 മുതൽ 750 ഓളം കലാകാരൻമാരുടെ സൃഷ്ടികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരംവേദിയായി മാറും. കേരള ലളിതകലാ അക്കാദമിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ കലാ ഏകോപന പ്രവർത്തനം കൂടിയായിരിക്കും ഇത്.



# ഇഴയടുപ്പിച്ച് കയർ: കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കാൻ തൃശൂർ ജില്ല

**പ**രമ്പരാഗത കയർ വ്യവസായത്തെ അടിമുടി മോഡേണാക്കാൻ തയ്യാറെടുക്കുകയാണ് തൃശ്ശൂർ ജില്ലാ കയർ വ്യവസായ വകുപ്പ്. അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി നാലു കോടി രൂപ ധനസഹായം ലഭിച്ചു

ജില്ലയിലെ പതിമൂന്ന് കയർ സഹകരണ സംഘങ്ങളിൽ ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2020–21 സാമ്പത്തിക വർഷത്തിൽ എട്ട് കയർ സംഘങ്ങളിൽ 90 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു. ഇവിടങ്ങളിൽ ഫാക്ടറി മോഡൽ ഉത്പാദനം ആരംഭിക്കുന്നതിന് തുടക്കമിട്ടു കഴിഞ്ഞു. ഒക്ടോബർ 20 വരെ വിവിധ ദിവസങ്ങളിൽ ധനമന്ത്രി ഡോ ടി.എം. തോമസ് ഐസക് ഇവയുടെ ഉദ്ഘാടനം നിർവ്വഹിക്കും. കരൂപ്പടന്ന–വള്ളിവട്ടം സി.വി.എസ് ഒക്ടോബർ ആറ് മുതൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. വെളുത്തകടവ് സി.വി.സി.എസ്, പുത്തൻചിറ സി.വി.സി.എസ്, കടലായി കാരുമാത്ര സി.വി.സി.എസ്, ചാപ്പാറ സി.വി.സി.എസ്, കരിക്കൊടി സി.വി.സി.എസ്, അഴീക്കോട് സി.വി.സി.എസ്, എൽത്തുരുത്ത് സി.വി.സി.എസ്, മാള സി.വി.സി.എസ് എന്നിവയാണ് ഉദ്ഘാടനം ചെയ്തു പ്രവർത്തനം ആരംഭിക്കുന്നത്.

ഈ സാമ്പത്തികവർഷം തന്നെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ മറ്റു സംഘങ്ങൾ കൂടി ഫാക്ടറി മോഡൽ ഉൽപാദനത്തിന് മാറ്റാൻ വേണ്ട നടപടികളും പുരോഗമിക്കുകയാണ്. ഇതിനായി കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ 7 സംഘങ്ങൾക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുവാൻ 581.35 ലക്ഷം രൂപയും കയ്പമംഗലം മണ്ഡലത്തിലെ മൂന്ന് സംഘങ്ങൾക്കായി 246.438 ലക്ഷം രൂപയും നാട്ടിക മണ്ഡലത്തിലെ രണ്ട് സംഘങ്ങൾക്കായി 129 ലക്ഷം രൂപയും മണലൂർ മണ്ഡലത്തിലെ നാലു സംഘങ്ങൾക്കായി 44.5 ലക്ഷം രൂപയുമാണ് അനുവദിച്ചിരിക്കുന്നത്.

2017ലെ 'കയർ കേരള'യ്ക്ക് ശേഷം 2017 ഡിസംബർ പത്തിന് ജില്ലയിൽ ആദ്യത്തെ ചകിരി മിൽ ചാപ്പാറ കയർ സംഘത്തിൽ സ്ഥാപിച്ചു കൊണ്ടാണ് ആധുനിക കയർ വ്യവസായത്തിന് ജില്ലയിൽ തുടക്കം കുറിക്കുന്നത്. തുടർന്ന് 2018 –19 കാലയളവിൽ തൃശൂർ കയർ പ്രോജക്ട് പരിധിയിലുള്ള ഒമ്പത് കയറുപിരി സംഘങ്ങളിൽ ചകിരി മില്ലുകൾ സ്ഥാപിച്ച് ആവശ്യമായ ചകിരിനാരിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ആദ്യ നടപടി സ്വീകരിച്ചു. തുടർന്ന് ഘട്ടംഘട്ടമായി ഓരോ സംഘത്തിനും മെച്ചപ്പെട്ട ഉൽപാദനം കൈവരിക്കുന്നതിന് ആവശ്യമായ വില്ലോവിംഗ് മെഷീൻ, ബെയിലിംഗ് പ്രസ്, വെയിംഗ് ബാലൻസ്, ഇലക്ട്രോണിക് റാട്ട്, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ മുതലായ ആധുനിക മെഷിനറികളും വിതരണം ചെയ്തു. 2018 –19 സാമ്പത്തിക വർഷത്തിൽ സ്വകാര്യ മേഖലയിൽ മൂന്നും കുടുംബശ്രീ മുഖേന രണ്ടും ചകിരി മില്ലുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കാൻ സാധിച്ചു. 2020ൽ പൂട്ടിക്കിടന്ന മാള ഡി എഫ് നവീകരിച്ച് പ്രവർത്തനമാരംഭിച്ചു. ഇങ്ങനെ മൊത്തത്തിൽ പ്രവർത്തനം വിപുലീകരിക്കാൻ സാധിച്ചതായി ജില്ലാ കയർ പ്രോജക്റ്റ് ഓഫീസർ അറിയിച്ചു.

# തൊണ്ടിൽ നിന്നും പലക, കയർ രംഗത്തൊരു നിശബ്ദ വിപ്ലവം



**ഡോ.ടി.എം.തോമസ് ഐസക്ക്**

**ക**യറെന്നു പറഞ്ഞാൽ മലയാളികളുടെ മനസ്സിൽ വരിക ഒന്നുകിൽ കയർ യാൺ, അല്ലെങ്കിൽ കയർ ചവിട്ടി. തമിഴ്നാട്ടുകാരുടെ മനസിൽ ചകിരിയും ചകിരിച്ചോറുമായിരിക്കും. എന്റെ അഭിപ്രായത്തിൽ അതിവിദൂരമല്ലാത്തൊരു കാലത്തിനുള്ളിൽ കയർ എന്നാൽ ലോകത്ത് അറിയപ്പെടുക കയർവുഡ് ആയിരിക്കും. കയർ വുഡെന്നു പറഞ്ഞാൽ ചകിരിയും മറ്റും ഉപയോഗിച്ചുള്ള പലക. മരത്തിന് പകരമുള്ള ബദൽ ഉൽപ്പന്നങ്ങളുടെ അന്വേഷണത്തിലാണ് ലോകം. ഇതിൽ ഏറ്റവും സാധ്യത കയർ അടിസ്ഥാനമാക്കിയുള്ള ഉത്പന്നങ്ങൾക്കായിരിക്കും.

ഇത് മുൻകൂട്ടി കണ്ടുകൊണ്ടാണ് ജി. സുധാകരൻ മന്ത്രിയായിരിക്കുമ്പോൾ ബജറ്റിൽ കയർ ഉപയോഗിച്ചുള്ള കംപോസിറ്റ് ബോർഡിന് ഫാക്ടറി സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചത്. കണിച്ചുകുളങ്ങരയിൽ കെട്ടിടം തയ്യാറാക്കി. യന്ത്രങ്ങൾക്ക് ഓർഡർ ചെയ്തു. പിന്നെ യു.ഡി.എഫിന്റെ അഞ്ച് വർഷവും ഒന്നും നടന്നില്ല. ഇപ്പോൾ കയർ കംപോസിറ്റ് ബോർഡിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനം ആരംഭിച്ചു. ആലപ്പുഴ കയർ മ്യൂസിയത്തിൽ പ്ലൈവുഡിനു പകരം ഈ ബോർഡാണ് ഉപയോഗിക്കുന്നത്. ആദ്യത്തെ ലോഡ് ഫ്ളാഗ് ഓഫ് ചെയ്തു. ഫോംമാറ്റിംഗ്സിന്റെ ഓഫീസിൽ ചെന്നാൽ കയർ വുഡ് കൊണ്ട് സജ്ജീകരിച്ച ഒരു ഓഫീസ് മുറി തന്നെ കാണാം. ഫോംമാറ്റിംഗ്സിന്റെ ചെയർമാൻ കെ.ആർ.ഭഗീരഥൻ ഇതുകൊണ്ട് നിർമ്മിച്ച മേശയും കസേരയും മുഖ്യമന്ത്രിക്ക് ഉപഹാരമായി നൽകിയിരുന്നു.

കയർ കംപോസിറ്റ് ബോർഡെന്നു പറഞ്ഞാൽ നീഡിൽ ഫെൽറ്റ് യന്ത്രം ഉപയോഗിച്ച് ചകിരിയെ പിണച്ച് വിതാനിക്കുന്നു. റെസ്സിൻ ഉപയോഗിച്ച് വലിയ മർദ്ദത്തിൽ ഇവയെ ബോർഡുകളാക്കി മാറ്റുന്നു. തൂക്കം നോക്കിയാൽ ചകിരിയെക്കാൾ കൂടുതൽ റെസ്സിനായിരിക്കും. പ്ലൈവുഡ്, പാർട്ടിക്കിൾ ബോർഡ്, ബാംബു ബോർഡ് എന്നിവ പോലുള്ള ഒരു ഉത്പന്നം. വലിയ തോതിൽ ഉത്പാദനം നടത്തുകയാണെങ്കിൽ കയർ വുഡിനും മറ്റ് ഉത്പന്നങ്ങളോടൊപ്പം പിടിച്ചു നിൽക്കാനാവും. തമിഴ്നാട്ടിലും കർണ്ണാടകയിലും ഇതിനോടകം ഓരോ ഫാക്ടറികൾ പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. കർണ്ണാടകയിൽ ഫാക്ടറി കഴിഞ്ഞ വർഷം 18 കോടി രൂപയുടെ ബോർഡുകളാണ് വിറ്റത്. കർണ്ണാടക സർക്കാർ ചില സർക്കാർ സ്ഥാപനങ്ങളിൽ കയർവുഡ് നിർബന്ധമാക്കിക്കൊണ്ട് ഉത്തരവും ഇറക്കിയിട്ടുണ്ട്.

ജി.സുധാകരന്റെ കാലത്ത് തുടങ്ങിയ ഫാക്ടറി ഒന്നോ രണ്ടോ വർഷത്തിനകം പ്രവർത്തിച്ചു തുടങ്ങിയിരുന്നെങ്കിൽ ഇതിനോടകം ഫോംമാറ്റിംങ്സ് വൻകിട സ്ഥാപനമായി മാറിയേനെ. ഇനിയും വൈകിയിട്ടില്ല. നിലവിലുള്ള യന്ത്രങ്ങളെ കൂടുതൽ വിപുലപ്പെടുത്തുന്നതിനും ആധുനീകരിക്കുന്നതിനും തീരുമാനമെടുത്തുകഴിഞ്ഞു. പക്ഷെ, ഈ വർഷം പുതിയൊരു യന്ത്രംകൂടി കണിച്ചുകുളങ്ങരയിലെ ഫാക്ടറിയിൽ സ്ഥാപിക്കുകയാണ്. ഈ സാങ്കേതികവിദ്യ ഇന്ത്യയിലെന്നല്ല, ലോകത്തു തന്നെ ആദ്യമായിട്ടാണ് വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കാൻ പോകുന്നത്. കയർ കംപോസിറ്റ് ബോർഡിൽ നല്ലപങ്കും റെസ്സിനാണെന്നു പറഞ്ഞല്ലോ. ഇതാകട്ടെ കെമിക്കലുമാണ്. ഇതൊന്നുമില്ലാതെ ഉണക്കത്തൊണ്ടിന്റെ പൊടിയിൽ നിന്നും നേരിട്ട് കയർ വുഡ് ഉൽപ്പാദിപ്പിക്കുന്ന സാങ്കേതികവിദ്യയാണ് നമ്മൾ പരീക്ഷിക്കാൻ പോകുന്നത്. ഈ പുതിയ സാങ്കേതികവിദ്യ പ്രകാരം ഉണക്കത്തൊണ്ട് പൊടിച്ച് അതിനെ ഉയർന്ന ഊഷ്മാവിൽ കടുത്ത മർദ്ദത്തിനു വിധേയമാക്കും. ഇങ്ങനെ ചെയ്യുമ്പോൾ ചകിരിയിലെയും ചകിരിച്ചോറിലെയും ലിഗിനിൻ ഉരുകി കയർ വുഡ് രൂപംകൊള്ളും. എൻ.സി.എം.ആർ.ഐ.യുടെ മേൽനോട്ടത്തിൽ ഇതിന് അനുയോജ്യമായ പ്രസ്സ് ബാംഗ്ലൂരിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സാങ്കേതികവിദ്യ ഡെൽഫ്റ്റ് യൂണിവേഴ്സിറ്റിയാണ് വികസിപ്പിച്ചെടുത്തത്. നമ്മുടെ ഈ പരീക്ഷണം വിജയിച്ചാൽ വലിയ തോതിലുള്ള ഉത്പാദനത്തിനുള്ള ഫാക്ടറി ഉടനെ സ്ഥാപിക്കും. കേരളത്തിലെ പ്ലൈവുഡ് ഉത്പാദന കമ്പനികൾക്കും മറ്റും ഈ സാങ്കേതികവിദ്യ കൈമാറാനും സർക്കാർ തയ്യാറാണ്.

കേരളത്തിൽ 500 കോടി തൊണ്ട് ഉണ്ട്. കയറിന് പച്ചത്തൊണ്ട് വേണം. ഈ വർഷം നടപ്പുവർഷത്തിൽ നമുക്ക് 40 കോടി തൊണ്ട് മതിയാകും. 100 കോടി തൊണ്ട് ഉണ്ടെങ്കിൽ കയറിന്റെ പ്രതാപകാലത്തിലേയ്ക്ക് തിരിച്ചുപോകാം. ബാക്കി നാട്ടിൻപുറത്തുമെല്ലാം കിടക്കുന്ന ഉണക്കത്തൊണ്ട് ഉപയോഗപ്പെടുത്തി കയർവുഡ് ഉത്പാദിപ്പിക്കാൻ കഴിഞ്ഞാൽ അത് നമ്മുടെ നാളികേര കൃഷിക്കാർക്കും വലിയ താങ്ങായി മാറും. ഫോംമാറ്റിംഗിസിന്റെ കണിച്ചുകുളങ്ങരയിലെ ഫാക്ടറിയിൽ ഒരു നിശബ്ദവിപ്ലവത്തിനു തുടക്കം കുറിക്കുകയാണ്.



# ഭംഗി, ഈട്, ഉറപ്പ്

# കയർവുഡ് വിപണിയിൽ

**ച**കിരിയും ചകിരിച്ചോറും ആധുനിക സാങ്കേതിക വിദ്യയിലൂടെ പലകയാക്കി ഫോംമാറ്റിംഗ്സ് നിർമ്മിക്കുന്ന പുതിയ ഉത്പന്നമായ ഫോമിൽ കയർ കംപോസിറ്റ് ബോർഡ് ഉപയോഗിച്ച് നിർമ്മിച്ച ഡൈനിംഗ് ടേബിളും കസേരകളും മുഖ്യമന്ത്രി പിണറായി വിജയന് മന്ത്രി ഡോ.ടി.എം. തോമസ് ഐസക്ക് കൈമാറി. ഫോമിൽ ചെയർമാൻ കെ.ആർ. ഭഗീരഥൻ, എം.ഡി. ജി. ശ്രീകുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ഒക്ടോബർ മൂന്നിന് കണിച്ചുകുളങ്ങരയിലെ ഫാക്ടറിയിൽ വച്ച് ആദ്യ വില്പനയുടെ ഉത്ഘാടനം മന്ത്രി ജി.സുധാകരൻ ഓൺലൈനായി നിർവ്വഹിച്ചു. ആദ്യ ലോഡിന്റെ ഫ്ളാഗ് ഓഫ് മന്ത്രി ഡോ.ടി.എം..തോമസ് ഐസക്കും നിർവ്വഹിച്ചു. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ലളിതമായി സംഘടിപ്പിച്ച ചടങ്ങിലായിരുന്നു ആദ്യ വില്പനയുടെ ഉദ്ഘാടനവും ആദ്യ ലോഡിന്റെ ഫ്ളാഗ് ഓഫും നടന്നത്.



***ഒരു സംശയവുമില്ല....നല്ല ഉറപ്പുണ്ട്...*** *കയർ കംപോസിറ്റ് ബോർഡ് ഉപയോഗിച്ച് നിർമ്മിച്ച ഫർണീച്ചറുകൾ മുഖ്യമന്ത്രി പിണറായി വിജയന് കയർ, ധനകാര്യ വകുപ്പ് മന്ത്രി ഡോ.ടി.എം. തോമസ് ഐസക്ക് കൈമാറുന്നു.*



*കയർ കംപോസിറ്റ് ബോർഡിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണനോദ്ഘാടനം മന്ത്രി ജി.സുധാകരൻ ഓൺലൈനിൽ നിർവഹിക്കുന്നു*

# കയർവുഡ് ആദ്യ വിപണനം ഉദ്ഘാടനം ചെയ്തു

**ത**ടിക്ക് പകരം ഉപയോഗിക്കുവാൻ കഴിയുന്ന ഈടും ഉറപ്പും ഉള്ള കയർ കംപോസിറ്റ് ബോർഡ് എന്നപേരിലുള്ള കയർവുഡ് വിപണിയിൽ ഇറക്കി. സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനമായ ഫോംമാറ്റിംഗ്സ്(ഇന്ത്യ) ലിമിറ്റഡിന്റെ ആലപ്പുഴ കണിച്ചുകുളങ്ങര ഫാക്ടറിയിൽ വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിച്ച നൂതനമായ ഉത്പന്നമാണ് കയർ കംപോസിറ്റ് ബോർഡ് എന്നപേരിലുള്ള കയർവുഡ്. ഈ ഉത്പന്നത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണനോദ്ഘാടനം മന്ത്രി ജി.സുധാകരൻ വീഡിയോ കോൺഫ്രൻസിലൂടെ നിർവ്വഹിച്ചു. കയർമേഖലയിൽ കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നത് കയർപിരി മേഖലയിലാണെന്നും അതിൽ ബഹുഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കയർമേഖലയിൽ കയർപിരിക്കാകണം മുൻഗണനയെന്നും മന്ത്രി.ജി.സുധാകരൻ പറഞ്ഞു.

## കയർ മ്യൂസിയത്തിലും കയർവുഡ്
### ആദ്യലോഡ് ഫ്ളാഗ് ഓഫ് ചെയ്തു



*കയർ മ്യൂസിയത്തിലേക്ക് കയർവുഡുമായി പുറപ്പെട്ട ആദ്യലോഡിന്റെ ഫ്ളാഗ് ഓഫ് മന്ത്രി ഡോ. ടി.എം.തോമസ് ഐസക് നിർവ്വഹിക്കുന്നു. മന്ത്രി പി.തിലോത്തമൻ, എ.എം.ആരീഫ് എം.പി, ഫോമിൽ ചെയർമാൻ അഡ്വ.കെ.ആർ. ഭഗീരഥൻ എന്നിവർ സമീപം*

**ആ**ലപ്പുഴ പൈതൃകനഗരം പദ്ധതിയിൽ കയർഫെഡ് വക കെട്ടിടത്തിൽ സജ്ജമായിക്കൊണ്ടിരിക്കുന്ന കയർയാൺ മ്യൂസിയം ഫർണീച്ചറുകൾ നിർമ്മിക്കുവാൻ കയർ കംപോസിറ്റ് ബോർഡുകൾ ഉപയോഗിക്കുകയാണ്. കയർ മ്യൂസിയത്തിലേക്ക് കയർവുഡുമായി പുറപ്പെട്ട ആദ്യലോഡിന്റെ ഫ്ളാഗ് ഓഫ് ധനകാര്യ കയർ വകുപ്പ് മന്ത്രി ഡോ.ടി.എം. തോമസ് ഐസക് നിർവ്വഹിച്ചു. മന്ത്രി പി.തിലോത്തമൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ എ.എം.ആരീഫ് എം.പി, ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ, കയർബോർഡ് സെക്രട്ടറി എം.കുമാരരാജ, ഫോമിൽ ചെയർമാൻ അഡ്വ.കെ.ആർ.ഭഗീരഥൻ, മാനേജിംഗ് ഡയറക്ടർ ജി.ശ്രീകുമാർ, കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ.ദേവകുമാർ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആർ.നാസർ, എസ്.രാധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

# തൊണ്ടിൽ നിന്നും പലക, പദ്ധതി ഉദ്ഘാടനം നവംബറിൽ

**തൊ**ണ്ടിൽ നിന്നും പലക നിർമ്മിക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം നവംബറിൽ നടക്കുമെന്ന് ധനകാര്യ കയർ വകുപ്പ് മന്ത്രി ഡോ.ടി.എം. തോമസ് ഐസക്ക് പറഞ്ഞു. ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ ഫാക്ടറിയിൽ വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിച്ച കയർ കംപോസിറ്റ് ബോർഡിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണനോദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. ഉണക്കതൊണ്ട് പൊടിച്ച് അത്യാധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ ദൃഢതയുള്ള പലകകളാക്കുന്ന പദ്ധതിയാണ് ലക്ഷ്യം.

തൊണ്ടിൽനിന്നും ഉണ്ടാക്കുന്ന പലകകൾ നിർമ്മിക്കുന്ന ജർമ്മൻ നിർമ്മിത യന്ത്രത്തിന് 20 കോടിയോളം രൂപ വിലവരും. ഇത് തദ്ദേശീയമായി നിർമ്മിക്കാൻ ഇന്നവേഷൻ ചലഞ്ച് നടത്തണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. പുതിയ സർക്കാർ ഓഫീസുകളിൽ കയർ കംപോസിറ്റ് ബോർഡിൽ ഉണ്ടാക്കിയ ഫർണീച്ചറുകൾ വാങ്ങാൻ പദ്ധതി കൊണ്ടുവരുമെന്നും മന്ത്രി പറഞ്ഞു.

# കയർ കംപോസിറ്റ് ബോർഡ് സുസ്ഥിര വികസന മാതൃകയുടെ പ്രതീകം: മന്ത്രി ജി.സുധാകരൻ

**ദൈ**വത്തിന്റെ സ്വന്തം നാട്ടിലെ സുവർണ്ണ നാര് എന്നറിയപ്പെടുന്ന കേരള കയറും കയർ വ്യവസായവും ഈ മണ്ണിലെ പട്ടിണി മാറ്റുക മാത്രമല്ല, നാടിന്റെ പ്രശസ്തി കപ്പലേറ്റി ലോകത്തിന്റെ മുക്കിലും മൂലയിലുമെത്തിച്ചു. എന്നാൽ ആധുനിക വത്ക്കരണത്തിന്റെ തിടുക്കങ്ങളും ആഗോളവൽക്കരണം തീർത്ത അഭിരുചി വ്യതിയാനങ്ങളും മൂലം കയറിന്റെ ഗതകാല പ്രൗഢി മറഞ്ഞു.

ഇഴ പൊട്ടാതെ കാത്ത് കയറിനെ കരകയറ്റുവാൻ മൂല്യ വർദ്ധിത ഉത്പന്നങ്ങൾക്ക് മാത്രമേ കഴിയൂ. കയർ കംപോസിറ്റ് ബോർഡിന് പരമ്പരാഗത നിർമ്മാണ സാമഗ്രികൾക്ക് തുല്യമായ കടുപ്പവും ഉറപ്പും ഉണ്ട്. കൂടാതെ ഫർണിച്ചർ നിർമാണത്തിനും ഉപയോഗിക്കാവുന്നതാണ്.വ്യാവസായികമായി കയർ കംപോസിറ്റ് ബോർഡ് ഉപയോഗിക്കപ്പെടുന്നത് കയർ മേഖലക്ക് പുത്തൻ ഉണർവ് നൽകും. മരങ്ങൾ മുറിക്കാതെയും, പരിസ്ഥിതിക്ക് കേട് പറ്റാതെയും തേക്ക്, ഈട്ടി തുടങ്ങിയ മേൽത്തരം തടികളുടെ ഈടുറപ്പില്ലാതെ തന്നെ ഈ കയർ കോമ്പസിറ്റ് ബോർഡ് ഉപയോഗിക്കാമെന്നതാണ് മറ്റൊരു മേന്മ.

ഈ ദിശയിലെ വ്യക്തമായ ചുവടുവയ്പായാണ് വി.എസ് സർക്കാരിന്റെ കാലത്ത് കയർ മന്ത്രി എന്ന നിലയിൽ ഫോം മാറ്റിംഗ്സ് ലിമിറ്റഡിന്റെ കീഴിൽ ചേർത്തലക്കടുത്ത് കണിച്ചുകുളങ്ങരയിൽ കയർ കംപോസിറ്റ് ബോർഡ് ഫാക്ടറി വിഭാവനം ചെയ്തത്. 11.5.2010 ൽ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും 2.3.2011 ൽ പൂർത്തീകരിക്കുകയും ചെയ്തു. തുടർന്നു വന്ന യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് തുടർപ്രവർത്തനങ്ങൾ ഉണ്ടായില്ല. എന്നാൽ ഇന്ന് കമ്പനിയിൽ വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദനം നടന്നു വരികയാണ്.

ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി പി. തിലോത്തമന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആദ്യ വില്പന ഉദ്ഘാടനം ചെയ്യാൻ സാധിച്ചതിൽ മുൻ കയർ വകുപ്പ് മന്ത്രി എന്ന നിലയിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്. അക്കാലത്ത് സ്ഥാപിതമായ കയർ മെഷിനറി മാനുഫാക്ചറിംഗ് ഫാക്ടറി, കയർ കോർപറേഷനിലേയും കയർ ബോർഡിലേയും രണ്ട് ഫാക്ടറികളടക്കം നാല് ഫാക്ടറികളും പുന്നപ്ര സാഗര ആശുപത്രിക്ക് സമീപം പ്രായമേറിയ കയർ തൊഴിലാളികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള കയർതൊഴിലാളി ഓൾഡ് ഏജ് ഹോം എന്നിവയൊക്കെയും വളർച്ചയുടെ പടവുകൾ കയറുന്നതിൽ നിറഞ്ഞ സന്തോഷമുണ്ട്.

കയർ കംപോസിറ്റ് ബോർഡിന്റെ ആദ്യ ലോഡ് ഫ്ളാഗ് ഓഫ് ചെയ്തത് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്കാണ്. അഡ്വ. എ.എം. അരിഫ്. എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ എന്നിവർ മുഖ്യ പ്രഭാഷണം നിർവഹിച്ച ചടങ്ങിൽ കയർ ബോർഡ് സെക്രട്ടറി കുമാരരാജയുടെ വിശിഷ്ട സാന്നിധ്യവും ഉണ്ടായിരുന്നു, സ്വാഗതം ഫോം മാറ്റിങ്സ് ചെയർമാൻ അഡ്വ. കെ. ആർ ഭഗീരഥനും, റിപ്പോർട്ട് മാനേജിങ് ഡയറക്ടർ ജി ശ്രീകുമാറും അവതരിപ്പിച്ചു. ഫോമിൽ കയർ കംപോസിറ്റ് ബോർഡ് സുസ്ഥിര വികസന മാതൃകയുടെ പ്രതീകമായി തീരുമെന്ന് പ്രതീക്ഷിക്കുന്നു.



# കേരളത്തിന് അഭിമാനിക്കാൻ ആലപ്പുഴയിൽ ഗാന്ധി മ്യൂസിയം: മന്ത്രി ഡോ.ടി.എം.തോമസ് ഐസക്

**ആ**ലപ്പുഴയിൽ മഹാത്മാഗാന്ധിക്കൊരു മ്യൂസിയം. കേരളത്തിൽ അങ്ങനെ അഭിമാനിക്കാൻ ഒന്ന് ഇല്ല. ആ കുറവ് പരിഹരിക്കപ്പെടുകയാണ്. ഇന്നത്തെ ക്കാലത്ത് ഗാന്ധി വലിയ ഓർമ്മപ്പെടുത്തലാണ്. കയർഫെഡിന് ആലപ്പുഴയിൽ രണ്ട് പഴയ യൂറോ പ്യൻ ഫാക്ടറി സമുച്ചയങ്ങൾ സ്വന്തമായി ഉണ്ട്. ഒന്ന്, ആലപ്പുഴയിലെ ആദ്യത്തെ കയർ ഫാക്ടറി സ്ഥാപിച്ച ഡാരാസ്മെയിൽ ആന്റ് കമ്പനിയുടെ വാടക്കനാലിന്റെ തീരത്തെ ഫാക്ടറി. ഇതിന്റെ ഒരു ഭാഗത്താണ് കയർയാൺ മ്യൂസിയം. കമേഴ്സ്യൽ കനാലിന്റെ തീരത്ത് പഴയ മധുര കമ്പനിയുടെ ഫാക്ടറി ഗോഡൗണായിട്ടാണ് ഉപയോഗിക്കുന്നത്. അതിൽ നാശോന്മുഖമായ ഒരു ഗോഡൗൺ പുന രുദ്ധരിച്ച് ഗാന്ധി മ്യൂസിയമാക്കാനാണ് പരിപാടി. ഇത്തരത്തിൽ കയർഫെഡിന് നഷ്ടപ്പെടുന്ന കെട്ടിട വിസ്തീർണത്തിന്റെ തുല്യമായ പുതിയ കെട്ടിടം ഗോഡൗണിനും മറ്റുമായി കയർഫെഡിന് പണിതു നൽകുന്നുണ്ട്. മധുര കമ്പനിയുടെ കെട്ടിടത്തിന്റെ പകുതി ഭാഗം ഇരുനില കെട്ടിടമാണ്. ഇതിന്റെ മേൽക്കൂര ഇപ്പോൾ ആസ്ബറ്റോസ് ഷീറ്റ് ഇട്ടിരിക്കുകയാണ്. പകുതിഭാഗം ഒറ്റനില മാത്രമേയുള്ളൂ. കഴുക്കോലുകളും മച്ചുമെല്ലാം ചിതലെടുത്തു കഴിഞ്ഞു. ആസ്ബറ്റോസ് മാറ്റി ഓട് പാകണം. തറ പണിയണം. ഒട്ടേറെ അറ്റകുറ്റപ്പണി വേണം. 2.8 കോടി രൂപയാണ് മൊത്തം ചെലവ്. കിഫ്ബി പണം അനുവദിച്ചു. ടെണ്ടർ ഉറപ്പിച്ചു. ബെന്നി കുര്യാക്കോസാണ് കൺസർവേർഷൻ ആർക്കിടെക്ട്.

ഗാന്ധി സ്മാരകനിധിയുടെയും മറ്റും പ്രവർത്തക നായിരുന്ന കളത്തിൽ ജഗദീശനാണ് മ്യൂസിയത്തിന്റെ പ്രദർശനങ്ങളുടെ ഏകോപനം. കേരളത്തിന്റെ മ്യൂസിയത്തിന് ചില കേരളീയ തനിമകളും ഉണ്ടാവും. പ്രദർശനം ആരംഭിക്കുക ഗാന്ധിജിയുടെ കേരള സന്ദർശനങ്ങളെക്കുറിച്ചുള്ള വിശദമായ പ്രതിപാദനത്തോടെയാകും.

രണ്ടാമത്തെ പ്രത്യേകത ഗാന്ധിജി യുമായി അടുത്തബന്ധം പുലർത്തിയിരുന്ന മുഴുവൻ മലയാളികളെയുംകുറിച്ചുള്ള വിവരങ്ങൾ മ്യൂസിയ ത്തിൽ ലഭ്യമാക്കുമെന്നുള്ളതാണ്. ഇത് കേരള ത്തിലെ ദേശീയപ്രസ്ഥാനത്തിന്റെകൂടി അവതരണ മായിരിക്കും. മൂന്നാമതായി ഗാന്ധിയൻ ചിന്താഗതിയുടെ കേരളത്തിലെ രണ്ട് സമകാലീന സ്വാധീനങ്ങളെ പരിശോധിക്കും. മതമൈത്രിയുടെ പാരമ്പര്യവും മതിരപേക്ഷതയുടെ ഇന്നത്തെ പ്രാധാ ന്യവും. അതുപോലെ തന്നെ ഗാന്ധിജിയുടെ ഗ്രാമസ്വരാജും കൺസ്ട്രക്ടീവ് പരിപാടികളും കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിൽ എങ്ങനെ പ്രതിഫലിക്കുന്നുവെന്നതും പരിശോ ധിക്കും.

ഗാന്ധിജിയുടെ ജീവചരിത്രത്തിലെ എല്ലാ പ്രധാന സന്ദർഭങ്ങളും ആവശ്യാനുസരണം സന്ദർശകർക്ക് കാണുന്നതിനുള്ള ഒരു ഡസൻ ഡിസ്പ്ലേ ബോർഡുകളെങ്കിലും ഉണ്ടാവും. ഈ ഭാഗം സംവിധാനം ചെയ്യുന്നതിന് ഇന്ത്യയിലെ എല്ലാ പ്രധാനപ്പെട്ട ഗാന്ധി മ്യൂസിയങ്ങളും സഹകരിക്കുന്നുണ്ട്. ഐറ്റി സങ്കേതങ്ങൾ പരമാ വധി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഇന്ററാക്ടീവ് ശൈലിയാണ് ഇവിടെ ഉപയോഗിക്കുക.

എല്ലാ ദിവസവും ആറ്റൻബറോവിന്റെ ഗാന്ധി സിനിമപ്രദർശനം ഉണ്ടാവും. ഇതിനുള്ള തിയേറ്ററിൽ ഗാന്ധിജിയെക്കുറിച്ചുള്ള മറ്റു പ്രധാന സിനിമകളും ആവശ്യാനുസരണം പ്രദർശിപ്പിക്കപ്പെടും. ഗാന്ധിജി യുടെ ചില പ്രധാനപ്പെട്ട പ്രഭാഷണങ്ങളുടെയും സംഭാഷണങ്ങളുടെയും റെക്കോർഡ് കേൾക്കുന്ന തിനുള്ള ഓഡിയോ റൂമു കളും ഉണ്ടാവും. അതുപോലെതന്നെ ഗാന്ധി ഭജനകൾക്ക് ഒരു പ്രത്യേക ഇടം, ഗാന്ധിജിയുടെ 20 സ്കൾ പ്ച്ചറുകളുടെ മിനിയേച്ചർ രൂപങ്ങളുടെ പ്രദർ ശനം, പ്രധാനപ്പെട്ട ചിത്രകാരൻമാരുടെ ഗാന്ധി ഗ്യാലറി. വെർചൽ റിയാലിറ്റിയിലൂടെ ഗാന്ധിജി യുമായി ചേർന്ന് ഫോട്ടോയെടുക്കുന്നതിനുള്ള സന്ദർഭങ്ങൾ എന്നിവയുമുണ്ടാകും. ഗാന്ധിജി യുമായി നേരിട്ടു ബന്ധപ്പെടുന്ന എല്ലാ ഒറിജിനൽ രേഖകൾ, ഫോട്ടോകൾ, സാമഗ്രികൾ തുടങ്ങിയവ മ്യൂസിയത്തിലേയ്ക്ക് ലഭ്യമാക്കാൻ തയ്യാറുണ്ടെങ്കിൽ അവ കൃതജ്ഞതപൂർവ്വം രേഖപ്പെ ടുത്തിക്കൊണ്ട് പ്രദർശിപ്പിക്കുന്നതാണ്.





# സർക്കാരിന്റെ ഇച്ഛാശക്തിയിൽ ഇരുൾനീങ്ങി

# സൂര്യപ്രഭയിലേക്ക് കയർമേഖല

നൂറു ദിനം നൂറ് യന്ത്രവത്കൃത ഫാക്ടറികൾ പദ്ധതിയുടെ ഭാഗമായി വിവിധ കയർ വ്യവസായ സഹകരണ സംഘങ്ങളിൽസ്ഥാപിക്കപ്പെട്ട ഓട്ടോമാറ്റിക്സ്പിന്നിങ് മെഷീനുകളുടെ രണ്ടാംഘട്ട ഉദ്ഘാടനം ധനകാര്യ-കയർ മന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഓൺലൈനായി നിർവഹിച്ചു. ഒന്നാം ഘട്ടത്തിൽ ഉദ്ഘാടനം ചെയ്ത കയർപിരി ഫാക്ടറികളുടെ റിപ്പോർട്ടുകൾ കഴിഞ്ഞ ലക്കം 'കയർ വ്യവസായം മാസികയിൽ ചേർത്തിരുന്നു. അതിന്റെ തുടർച്ചയായുള്ള വിശദമായ ഉദ്ഘാടന റിപ്പോർട്ടുകളാണ് ഈ ലക്കത്തിൽ തുടരുന്നത്

പ്രതിസന്ധികളെയും പ്രയാസങ്ങളേയും മറികടന്ന് ഇച്ഛാശക്തിയുള്ള ഒരു സർക്കാർ എങ്ങനെ വികസനക്കുതിപ്പുണ്ടാക്കുന്നു എന്നതിന്റെ മകുടോദാഹരണമായി മാറുകയാണ് കേരളത്തിലെ കയർ മേഖല. ഈ സർക്കാരിന്റെ കാലയളവിൽതന്നെ 225 യന്ത്രവത്കൃത ഫാക്ടറികളാണ് ആകെ സ്ഥാപിതമാകുവാൻ പോകുന്നത്. ഇതിൽ സംസ്ഥാന സർക്കാരിന്റെ നുറിന-നുറു പദ്ധതികളിൽപ്പെടുത്തി 100 എണ്ണം നവംബറിൽ പൂർത്തിയാകും. ഈ ഫാക്ടറികളിൽ സ്ഥാപിക്കപ്പെട്ട 1,000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ രണ്ട് ഷിഫ്റ്റുകളായാണ് പ്രവർത്തിക്കുക. ഇതുവഴി തൊഴിലാളികൾക്ക് പ്രതിദിനം സർക്കാർ വിഹിതമില്ലാതെ തന്നെ 500 രൂപ വേതനം ഉറപ്പാക്കാനാവും. കയർപിരിസംഘങ്ങൾ ഫാക്ടറികളായി മാറുമ്പോൾ ചെറുപ്പക്കാർക്ക് ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാനും കയർ വ്യവസായത്തിൽ ഉയർന്ന ഉത്പാദനക്ഷമതയും മികച്ച ഗുണനിലവാരവുമുള്ള കയർ ഉത്പാദിപ്പിക്കാനും കഴിയും. ഇതുവഴി അസ്തമയ വ്യവസായം എന്ന പേരുദോഷത്തിൽ നിന്നും ഒരു ലക്ഷം ടൺ കയർ ഉത്പാദനം എന്ന പഴയ പ്രൗഢിയിലേക്കാണ് കയർവ്യവസായം പുനർജ്ജനിക്കുന്നത്.

100 ദിന പരിപാടിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 25 കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ യൂണിറ്റുകളുടെ ഉദ്ഘാടനം കഴിഞ്ഞു. വെറും നിലവിളക്ക് കൊളുത്തുന്ന ഉദ്ഘാടനമല്ല മറിച്ച് തൊഴിലാളികളോടും സഹകാരികളോടുമെല്ലാമുള്ള സമ്പുഷ്ടമായ സംവാദങ്ങളായിരുന്നു ഓരോ ഉദ്ഘാടനവും. ഓരോ യൂണിറ്റിലും 10 വീതം ആട്ടോമാറ്റിക് സ്പിന്നിംഗ് യന്ത്രങ്ങളാണ് സ്ഥാപിച്ചിട്ടുള്ളത്. പഴയ പരമ്പരാഗത റാട്ടിൽ ഒരു തൊഴിലാളി ശരാശരി അഞ്ച് കിലോ കയറാണ് പിരിക്കുക. ഇലക്ട്രോണിക് റാട്ടായപ്പോൾ 12-15 കിലോയായി. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനായപ്പോൾ 40-60 കിലോയായി. ഇനി സെൽഫ് ഫീഡിംഗ് മെഷീനാകുമ്പോൾ 120-140 കിലോയാകും. സ്വാഭാവികമായും ഇതിന്റെ ഉത്പാദനക്ഷമതക്ക് അനുസരിച്ച് കൂലിയും വരുമാനവും വർദ്ധിക്കും.

രണ്ടാംഘട്ടത്തിൽ 25 കയർപിരി സംഘങ്ങൾ കൂടി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഉദ്ഘാടനത്തിന് സജ്ജമായികഴിഞ്ഞു. ഒക്ടോബർ ആറുമുതൽ ഈ ഫാക്ടറികൾ സംസ്ഥാന ധനകാര്യ-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് ഓൺലൈനായി ഉദ്ഘാടനം ചെയ്തുവരുന്നു. കയർ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ. പത്മകുമാർ ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തും. കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ. ദേവകുമാർ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ അഡ്വ. കെ. പ്രസാദ്, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, എൻ.സി.ആർ.എം.ഐ ഡയറക്ടർ ഡോ.കെ.ആർ. അനിൽ, കയർ വികസന ഡയറക്ടറുടെ ചുമതല വഹിക്കുന്ന കെ.എസ്. പ്രദീപ്കുമാർ, കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ, ബോർഡ് മെമ്പറന്മാർ, ഉയർന്ന ഉദ്യോഗസ്ഥ മേധാവികൾ, കയർ പ്രോജക്ട് ആഫീസർമാർ, കയർ സംഘം ഭാരവാഹികൾ, തുടങ്ങി പ്രമുഖ വ്യക്തികൾ ചടങ്ങുകളിൽ നേരിട്ടും ഓൺലൈനായും പങ്കെടുത്തു വരുന്നു.



## അഴീക്കോട് കയർ വ്യവസായ സഹകരണ സംഘം ഫാക്ടറി

കണ്ണൂർ കയർ പ്രോജക്ടിന് കീഴിലുള്ള അഴീക്കോട് കയർ വ്യവസായ സഹകരണ സംഘത്തിന് സംസ്ഥാന സർക്കാർ അനുവദിച്ചു നൽകിയ 10 ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകളുടെ ഉദ്ഘാടനം നടന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടത്തിയ ചടങ്ങിൽ അഴീക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. പ്രസന്ന അധ്യക്ഷത വഹിച്ചു. സ്വിച്ച്ഓൺ കർമ്മം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കുടുവൻ പദ്മനാഭൻ നിർവഹിച്ചു. കണ്ണൂർ കയർ പ്രൊജക്ട് ഓഫീസർ പി.വി രവീന്ദ്രകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. സംഘം പ്രസിഡന്റ് പി പവിത്രൻ സ്വാഗതവും, സെക്രട്ടറി ടി. പ്രീജ നന്ദിയും പറഞ്ഞു.



## ചിങ്ങോലി വടക്ക് കയർ വ്യവസായ സഹകരണ സംഘം

ചിങ്ങോലി വടക്ക് കയർ വ്യവസായ സഹകരണ സംഘത്തിൽ സ്ഥാപിച്ച മെഷീനുകളുടെ പ്രവർത്തന ഉദ്ഘാടന യോഗത്തിൽ സംഘം പ്രസിഡന്റ് ജി. ശശിധരൻ അദ്ധ്യക്ഷത വഹിച്ചു. മെഷീനുകളുടെ സ്വിച്ച് ഓൺ കർമ്മം കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ. ദേവകുമാർ നിർവഹിച്ചു.

വാർഡ് മെമ്പർ ശാന്തകുമാർ, കയർഫെഡ് ഡയറക്ടർ ബോർഡ് അംഗം എം പുഷ്ക്കരൻ, കയർഫെഡ് മാർക്കറ്റിംഗ് മാനേജർ ശ്രീവർദ്ധൻ നമ്പൂതിരി വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കന്മാർ തുടങ്ങിയവർ സംസാരിച്ചു. കയർ പ്രോജക്ട് ഓഫീസർ കായംകുളം ജി. കൃഷ്ണപിള്ള റിപ്പോർട്ട് അവതരിപ്പിക്കുകയും യൂണിഫോം വിതരണം നടത്തുകയും ചെയ്തു. സംഘം സെക്രട്ടറി അമ്പിളി നന്ദി രേഖപ്പെടുത്തി.



## കഞ്ഞിക്കുഴി സി.എം & എം.സി.എസ് ലിമിറ്റഡ് നമ്പർ 745 ഫാക്ടറി

കഞ്ഞിക്കുഴി സി.എം & എം.സി.എസ് ലിമിറ്റഡ് നമ്പർ 745 ലെ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീന്റെ പ്രവർത്തന ഉദ്ഘാടന യോഗത്തിൽ കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ അദ്ധ്യക്ഷത വഹിച്ചു. സംഘം സെക്രട്ടറി കെ.വി. ഹരിദാസ്, സ്വാഗതം ആശംസിച്ചു. കയർ വികസന ഡയറക്ടർ (അധിക ചുമതല), കെ.എസ്. പ്രദീപ്കുമാർ മുഖ്യ പ്രഭാഷണം നടത്തി. ഡെപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി മാനേജിംഗ് ഡയറക്ടർ പി.വി. ശശീന്ദ്രൻ, രാജേഷ്, കയർ ഇൻസ്പെക്ടർ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. പ്രോജക്ട് ഓഫീസർ കെ.എം. ഇന്ദിര റിപ്പോർട്ട് അവതരിപ്പിച്ചു. ഭരണ സമിതി അംഗം എം.കെ.അശോകൻ നന്ദി പറഞ്ഞു.



## ആലപ്പാട് മണ്ണേൽക്കടവ് കയർ വ്യവസായ സഹകരണ സംഘം ഫാക്ടറി

ആലപ്പാട് മണ്ണേൽക്കടവ് കയർ വ്യവസായ സഹകരണ സംഘത്തിൽ സ്ഥാപിച്ച 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ പ്രവർത്തന ഉദ്ഘാടന ചടങ്ങിൽ സംഘം പ്രസിഡന്റ് ജോസഫ് കാർഡോസ് അദ്ധ്യക്ഷത വഹിച്ചു.

കയർഫെഡ് മുൻ ഭരണസമിതി അംഗവും സംഘം മുൻപ്രസിഡന്റുമായ ആർ.ദേവരാജൻ സ്വാഗതം ആശംസിച്ചു .മെഷിനറി സ്വിച്ച് ഓൺ കർമ്മം കരുനാഗപ്പള്ളി നഗരസഭാ മുൻ ചെയർമാൻ എം.അൻസാർ നിർവഹിച്ചു. യൂണിഫോം വിതരണം കരുനാഗപ്പള്ളി നഗരസഭാ ഒന്നാം വാർഡ് കൗൺസിലർ പി. ശിവരാജൻ നിർവഹിച്ചു.

കൊല്ലം പ്രോജക്ട് ഓഫീസർ ബനഡിക്ട് നിക്സൺ റിപ്പോർട്ട് അവതരിപ്പിച്ചു. ഡി. സുരേഷ്കുമാർ, നിജിമേരി എന്നിവർ ആശംസകൾ നേർന്നു. ബോർഡ് മെമ്പർ ജറോൺ ക്രൂസ് കൃതജ്ഞത രേഖപ്പെടുത്തി.



## പ്രയാർ സൗത്ത് കയർ വ്യവസായ സഹകരണ സംഘം ഫാക്ടറി

പ്രയാർ സൗത്ത് 547 ൽ സ്ഥാപിച്ച 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഉൾപ്പെട്ട യൂണിറ്റ്, ഡീഫൈബറിംഗ് യൂണിറ്റ് എന്നിവയുടെ പ്രവർത്തന ഉദ്ഘാടന ചടങ്ങിൽ സംഘം പ്രസിഡന്റ് ഡോ. രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ഡീഫൈബറിംഗ് യൂണിറ്റിന്റെ സ്വിച്ച് ഓൺ കർമ്മം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാധാമണി, ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ സ്വിച്ച് ഓൺ കർമ്മം കേരള സ്റ്റേറ്റ് കാഷ്യൂ കോർപറേഷൻ ചെയർമാൻ പി.ആർ. വസന്തൻ, യൂണിഫോം വിതരണം കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ എന്നിവർ നിർവഹിച്ചു. കൊല്ലം പ്രോജക്ട് ഓഫീസർ ബനഡിക്ട് നിക്സൺ റിപ്പോർട്ട് അവതരിപ്പിച്ചു. ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ. മജീദ്, വാർഡ് മെമ്പർ ജയാദേവി, കരുനാഗപ്പള്ളി കയർ ഇൻസ്പെക്ടർ നിജി മേരി എന്നിവർ ആശംസകൾ നേർന്നു. ബോർഡ് മെമ്പർ ഉമയമ്മ കൃതജ്ഞത രേഖപ്പെടുത്തി.



## വാരണം കയർ വ്യവസായ സഹകരണ സംഘം ഫാക്ടറി

ആലപ്പുഴ കയർ പ്രോജക്ടിൽ വാരണം കയർ വ്യവസായ സഹകരണ സംഘത്തിൽ സ്ഥാപിക്കപ്പെട്ട 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ പ്രവർത്തന ഉദ്ഘാടന യോഗത്തിൽ പ്രസിഡന്റ് കെ. പ്രസാദ് അധ്യക്ഷത വഹിച്ചു. സംഘം സെക്രട്ടറി ബിനിമോൾ സ്വാഗതം ആശംസിച്ചു. ആലപ്പുഴ കയർ പ്രോജക്ട് ഓഫീസർ കെ.എം ഇന്ദിര റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് കയർഫെഡ് ചെയർമാൻ അഡ്വ.എൻ. സായികുമാർ, വൈസ് ചെയർമാൻ ജോഷി എബ്രഹാം, കയർഫെഡ് മാർക്കറ്റിംഗ് മാനേജർ ശ്രീവർദ്ധൻ നമ്പൂതിരി, ചേർത്തല കയർ ഇൻസ്പെക്ടർ കലമോൾ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ബോർഡ് അംഗം സലിമോൾ കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.



## നോർത്ത് മുരുന്തൽ കയർ വ്യവസായ സഹകരണ സംഘം ഫാക്ടറി

നോർത്ത് മുരുന്തൽ കയർ വ്യവസായ സഹകരണ സംഘം ലി: നം: 635 ൽ സ്ഥാപിച്ച 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ പ്രവർത്തന ഉദ്ഘാടന ചടങ്ങിൽ കൊല്ലം മേയർ ഹണി ബഞ്ചമിൻ ഭദ്രദീപം കൊളുത്തി സംസാരിച്ചു. കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, ഡി. സുരേഷ് കുമാർ, തുടങ്ങിയവർ ആശംസയർപ്പിച്ച് സംസാരിച്ചു. കയർ പ്രോജക്ട് ഓഫീസർ ബനഡിക്ട് നിക്സൻ റിപ്പോർട്ട് അവതരിപ്പിച്ചു. കൗൺസിലർ അഡ്വ. എം.എസ്. ഗോപകുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സംഘം പ്രസിഡണ്ട് കെ. ജയകുമാർ സ്വാഗതവും സംഘം സെക്രട്ടറി സിന്ധു കൃതജ്ഞതയും പറഞ്ഞു.



## നീരാവിൽച്ചേരി കയർ വ്യവസായ സഹകരണ സംഘം ഫാക്ടറി

നീരാവിൽച്ചേരി കയർ വ്യവസായ സഹകരണ സംഘം 538 ൽ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ പ്രവർത്തന ഉദ്ഘാടന ചടങ്ങിൽ കൊല്ലം മേയർ ഹണി ബഞ്ചമിൻ ദീപം തെളിച്ച് സംസാരിച്ചു. കെ.സി.എം.എം.സി ബോർഡ് മെമ്പർ ഡി. സുരേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംഘം പ്രസിഡന്റ് സുകേശൻ സ്വാഗതവും. പെരിനാട് കയർ ഇൻസ്പെക്ടർ സുരേഷ് ആശംസയും അർപ്പിച്ചു. വിവിധ രാഷ്ട്രീയ സാമൂഹിക നേതാക്കളും ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു. സംഘം സെക്രട്ടറി. നിജി നന്ദി രേഖപ്പെടുത്തി.



## പടിഞ്ഞാറെക്കര കയർ വ്യവസായ സഹകരണ സംഘം ഫാക്ടറി

പടിഞ്ഞാറെക്കര സി.വി.സി.എൽ. ലി. നമ്പർ: 338 സംഘത്തിൽ സ്ഥാപിച്ച 10 എ.എസ്.എം കളുടെ പ്രവർത്തന ഉദ്ഘാടന ചടങ്ങിൽ വൈക്കം എം.എൽ.എ സി.കെ ആശ അദ്ധ്യക്ഷത വഹിച്ചു. സംഘം പ്രസിഡന്റ് പി. കരുണാകരൻ സ്വാഗതം ആശംസിച്ചു. ഉദയനാപുരം പഞ്ചായത്ത് പ്രസിഡന്റ് ഡി. സുനിൽകുമാർ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു. കയർ പ്രോജക്ട് ഓഫീസർ എസ്. സുധാ വർമ്മ റിപ്പോർട്ട് അവതരിപ്പിച്ചു. കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ കെ. പ്രസാദ്, മാനേജിംഗ് ഡയറക്ടർ പി.വി. ശശീന്ദ്രൻ, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ ഗണേശൻ, ഉദയനാപുരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുലോചന പ്രഭാകരൻ, വാർഡ് മെമ്പർ പി.എസ്. മോഹനൻ, അസിസ്റ്റന്റ് രജിസ്ട്രാർ ബി. ഗോപകുമാർ, കയർ ഇൻസ്പെക്ടർ അബിമോൻ ജോസ്, ബോർഡ് മെംബർ എം.ബി. മോഹൻലാൽ എന്നിവർ ആശംസ അർപ്പിച്ചു. സംഘം സെക്രട്ടറി അനിത. പി.ആർ കൃതജ്ഞത പറഞ്ഞു.



## വയലാർ നോർത്ത് കയർ വ്യവസായ സഹകരണ സംഘം ഫാക്ടറി

ആലപ്പുഴ കയർ പ്രോജക്ട് ഓഫീസിന്റെ കീഴിൽ ചേർത്തല വയലാർ നോർത്ത് സഹകരണ സംഘത്തിൽ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ പ്രവർത്തന ഉദ്ഘാടന യോഗത്തിൽ സംഘം പ്രസിഡന്റ് വയലാർ ലത്തീഫ് അധ്യക്ഷനായിരുന്നു. സെക്രട്ടറി കൃഷ്ണകുമാർ സ്വാഗതം പറഞ്ഞു. കയർ മെഷിനറി ഫാക്ടറി ചെയർമാൻ അഡ്വക്കേറ്റ് കെ. പ്രസാദ്, എം.ഡി. ശശീന്ദ്രൻ, ഗ്രാമപഞ്ചായത്ത് അംഗം എസ്. വി. ബാബു കയർ ഇൻസ്പെക്ടർ ദിവ്യ എന്നിവർ ആശംസകൾ അറിയിച്ചു. ചടങ്ങിൽ കയർ പ്രോജക്ട് ഓഫീസർ കെ.എം. ഇന്ദിര റിപ്പോർട്ട് അവതരിപ്പിച്ചു.

## ഉദ്ഘാടനം ചെയ്ത യന്ത്രവത്കൃത കയർപിരി ഫാക്ടറികൾ

1. തിരുനെല്ലൂർ വെസ്റ്റ് സി.വി.സി.എസ് 721
2. ചെങ്ങണ്ട സി.വി.സി.എസ് നമ്പർ 555
3. വയലാർ നോർത്ത് സി.വി.സി.എസ് നമ്പർ.568
4. ചേർത്തല വടക്കുംമുറി സി.വി.സി.എസ് 659
5. കഞ്ഞിക്കുഴി സി.എം.എം.സി.എസ് 745
6. വാരണം സി.വി.സി.എസ് നമ്പർ.834
7. നെടുമ്പ്രക്കാട് സി.വി.സി.എസ് നമ്പർ.552
8. കട്ടച്ചിറ സി.വി.സി.എസ് നമ്പർ.751
9. കല്ലാപ്പുറം സി.വി.സി.എസ് നമ്പർ.734
10. തണ്ണീർമുക്കം സി.വി.സി.എസ് നമ്പർ.484
11. അക്കരപ്പാടം സി.വി.സി.എസ് നമ്പർ.57
12. ചെമ്മനാകരി സി.വി.സി.എസ് നമ്പർ.573
13. പടിഞ്ഞാറെക്കര സി.വി.സി.എസ് നമ്പർ.558
14. ചിങ്ങോലി നോർത്ത് സി.വി.സി.എസ്.207
15. കുമാരപുരം സി.വി.സി.എസ് നമ്പർ.70
16. താമല്ലാക്കൽ സി.വി.സി.എസ് നമ്പർ.316
17. ക്ലാപ്പന സി.വി.സി.എസ് നമ്പർ.431
18. പ്രയാർ സൗത്ത് സി.വി.സി.എസ് നമ്പർ.547
19. പുതുമണ്ണേൽക്കടവ് സി.വി.സി.എസ് 874
20. ആലപ്പാട് മണ്ണേൽക്കടവ് സി.വി.സി.എസ്.868
21. കൊറ്റംപള്ളി നവോദയ സി.വി.സി.എസ്.1305
22. നീരാവിൽച്ചേരി സി.വി.സി.എസ് നമ്പർ.538
23. മുരുന്തൽ നോർത്ത് സി.വി.സി.എസ് 635
24. കണ്ടച്ചിറ സി.വി.സി.എസ് നമ്പർ.50
25. അഴീക്കോട് സി.വി.സി.എസ് നമ്പർ.261
26. കരുപടന്ന വള്ളിവട്ടം സി.വി.സി.എസ്
27. വെളുത്തകടവ് സി.വി.സി.എസ്
28. പുത്തൻചിറ സി.വി.സി.എസ്
29. ചാപ്പാറ സി.വി.സി.എസ്
30. അഴീക്കോട് സി.വി.സി.എസ്
31. കടലായി കരുമാത്ര സി.വി.സി.എസ്
32. കരിക്കൊടി സി.വി.സി.എസ്
33. എൽത്തുരുത്ത് സി.വി.സി.എസ്
34. ചാമ്പക്കടവ് സി.വി.സി.എസ്
35. മംഗലം സി.വി.സി.എസ്
36. ആറാട്ടുപുഴ സി.വി.സി.എസ്
37. പടന്ന കടപ്പുറം സി.വി.സി.എസ്
38. മാടൻവിള സി.വി.സി.എസ്
39. പെരുങ്ങുഴി സി.വി.സി.എസ്
40. പൂയ്യപ്പള്ളി സി.വി.സി.എസ്
41. കണ്ണപുരം സി.വി.സി.എസ്
42. ആദിനാട് നോർത്ത് സി.വി.സി.എസ്
43. കുനയിൽ സി.വി.സി.എസ്
44. പരവൂർ സി.വി.സി.എസ്
45. ഏഴോം സി.വി.സി.എസ്
46. ഞാറക്കൽ ഈസ്റ്റ് സി.വി.സി.എസ്
47. ഞാറക്കൽ സി.വി.സി.എസ്
48. നടുവിലച്ചേരി വടക്കേക്കര സി.വി.സി.എസ്
49. പ്രാക്കുളം ഈസ്റ്റ് സി.വി.സി.എസ്
50. ആനത്തലവട്ടം സി.വി.സി.എസ്

ആദ്യകാല കയർ സഹകരണ സംഘങ്ങളുടെ
ചരിത്രവും പ്രവർത്തനങ്ങളും
പ്രതിപാദിക്കുന്ന ഈ പംക്തിയിലേക്ക്
ഇത്തരം സംഘങ്ങളെക്കുറിച്ചുള്ള
സചിത്ര ഫീച്ചറുകൾ ക്ഷണിച്ചുകൊള്ളുന്നു
**(ചീഫ് എഡിറ്റർ)**



എൻ.എസ്.മോഹൻദാസ്

# ആദ്യകാല കയർ സഹകരണ സംഘങ്ങളിലൂടെ....

# പാരമ്പര്യവും ആധുനികതയും ഇഴചേരുന്ന പെരുങ്ങുഴി കയർ വ്യവസായ സഹകരണ സംഘം




**തി**രു-കൊച്ചി മന്ത്രിസഭയിൽ വ്യവസായ മന്ത്രിയായിരുന്ന എൻ.കുഞ്ഞിരാമന്റെ കാലത്താണ് 1950-ൽ ആദ്യമായി കയർ സഹകരണ സംഘങ്ങൾ ആരംഭിച്ചത്. തുടക്കത്തിൽ രൂപീകരിക്കപ്പെട്ട 22 സംഘങ്ങളിൽ ഉൾപ്പെട്ട ആദ്യ കയർ സംഘങ്ങളിലൊന്നാണ് തിരുവനന്തപുരം അഴൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെരുങ്ങുഴി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ.3053. പെരുങ്ങുഴി, അഴൂർ, മുട്ടപ്പലം, ചിലമ്പ് എന്നീ കരകൾ കേന്ദ്രീകരിച്ചാണ് സംഘം രൂപീകരിച്ചത്.

1950 മെയ് 29 ന് രജിസ്റ്റർ ചെയ്ത സംഘം 1950 ജൂൺ 18 ന് പെരുങ്ങുഴി വില്ലേജ് ഹാൾ അങ്കണത്തിൽ ചേർന്ന മഹാസമ്മേളനത്തിൽ ആയിരങ്ങളെ സാക്ഷി നിർത്തി മന്ത്രി എൻ.കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്തു. കെ.ആർ. ഇലങ്കത്ത് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മേയർ വരദരാജൻ നായർ, കയർ സ്പെഷ്യൽ ആഫീസർ കരുണാകര പണിക്കർ എന്നിവർ സംസാരിച്ചു.

തിരുവനന്തപുരം ജില്ലയിലെ കടൽ-കായലോരങ്ങളോട് ചേർന്ന് കിടക്കുന്ന, കേരവൃക്ഷങ്ങളാൽ സമൃദ്ധമായ തീരദേശ ഗ്രാമമാണ് പെരുങ്ങുഴി. അഴുക്കൽ തൊണ്ടിൽ നിന്നുള്ള സുവർണനാരുകളാൽ പിരിക്കുന്ന അഞ്ചുതെങ്ങ് കയറാണ് സംഘത്തിൽ പ്രധാനമായും ഉത്പാദിപ്പിക്കുന്നത് ഈ കയർ നാടെങ്ങും വളരെ പ്രശസ്തമാണ്. മലയാളത്തിന്റെ എക്കാലത്തെയും നിത്യഹരിത നായകൻ പ്രേംനസീറിന്റെ നാട് കൂടിയാണ് ചിറയിൻകീഴ്.

1979 ലെ കെ.എസ്.ഗോപാലകൃഷ്ണന്റെ കയർ വ്യവസായത്തെ പശ്ചാത്തലമാക്കി നിർമ്മിച്ച കായലും കയറും എന്ന സിനിമയും അതിലെ ചിത്തിരത്തോണിയിൽ അക്കരെ പോകാൻ എത്തിടാമോ പെണ്ണേ, ചിറയിൻകീഴിലെ പെണ്ണേ... കരയിൽ നിന്നും കയർ കയറ്റി കരകൾ തേടുന്നു'' എന്ന സൂപ്പർ ഹിറ്റ് ഗാനവും, അഭ്രപാളികളിലൂടെ മിന്നിമറയുന്ന കയർ വ്യവസായത്തിന്റെ നേർക്കാഴ്ചകളും ഈ നാടിന്റെ കയർ വ്യവസായ ചരിത്രത്തിലെ ഒളിമങ്ങാത്ത ഓർമ്മകളാണ്.

കയർ വ്യവസായരംഗത്തെ കുലപതിയും കയർ തൊഴിലാളികളുടെ എക്കാലത്തെയും സമരനായകനുമായ ആനത്തലവട്ടം ആനന്ദൻ എന്ന പോരാളിയുടെ തീക്ഷ്ണമായ സമരപോരാട്ടങ്ങൾക്ക് ഊർജ്ജം പകർന്ന





*പെരുങ്ങുഴി കയർ വ്യവസായ സഹകരണ സംഘത്തിന്റെ ഓഫീസും ഗോഡൗണും 1987 ൽ വ്യവസായ മന്ത്രിയായിരുന്ന കെ.ആർ. ഗൗരിയമ്മ ഉദ്ഘാടനം ചെയ്യുന്നു.*

പ്രദേശം കൂടിയാണ് ചിറയിൻകീഴും അതിൽ ഉൾപ്പെട്ട അഴൂർ പെരുങ്ങുഴി ഗ്രാമവും.

പെരുങ്ങുഴി സംഘത്തിന്റെ സ്ഥാപകൻ എം.ഭാസ്ക്കരനാണ്. പ്രാദേശിക കോൺഗ്രസ് നേതാവ്, സ്വാതന്ത്ര്യസമര സേനാനി, അദ്ധ്യാപകൻ എന്നീ നിലകളിലും ആലപ്പി സെൻട്രൽ കയർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭരണസമിതി അംഗമായും അദ്ദേഹം പ്രവർത്തിച്ചിരുന്നു.

സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറപാകുന്നതിൽ നിർണായകമായ പങ്കുവഹിച്ച സംഘം പ്രസിഡന്റായിരുന്നു റ്റി.എ.ശിവദാസ്. മിനിമം കൂലിക്കും തൊഴിലിനും വേണ്ടിയുള്ള കയർ തൊഴിലാളികളുടെ അത്യുജ്ജ്വല പോരാട്ട വഴിയിൽ ഭീകരമായ അക്രമങ്ങളെയും അടിച്ചമർത്തലുകളെയും അതിജീവിച്ച്, കയർ തൊഴിലാളികളുടെ അവകാശ-സമര പോരാട്ടങ്ങളിൽ അചഞ്ചലമായ നേതൃത്വം നൽകിയ വ്യക്തിത്വമാണ് റ്റി.എ.ശിവദാസിന്റേത്.

1987 ൽ ഇ.കെ.നായനാർ മന്ത്രിസഭയിൽ വ്യവസായ മന്ത്രിയായിരുന്ന കെ.ആർ.ഗൗരിയമ്മയാണ് സംഘത്തിന്റെ ആഫീസും ഗോഡൗണും ഉദ്ഘാടനം ചെയ്തത്. സംഘത്തിന്റെ വജ്രജൂബിലി മന്ദിരം കയർ തൊഴിലാളി സമരനായകൻ ആനത്തലവട്ടം ആനന്ദനും ഉദ്ഘാടനം ചെയ്തു

കയർ ഉത്പാദനത്തോടൊപ്പം ഒട്ടനവധി സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘം നേതൃത്വം നൽകുന്നുണ്ട്. രണ്ടു റേഷൻകടകളും ഒരു സബ് സെന്ററും നടത്തിയിരുന്നു. സംഘത്തിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയും ബോണസും നൽകുന്നു. മെഷീനിൽ തൊഴിലെടുക്കുന്നവർക്ക് യൂണിഫോം നൽകിയിട്ടുണ്ട്. സംഘത്തിന്റെ മുഴുവൻ തൊഴിലാളികളെയും അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാക്കിയിട്ടുണ്ട്. തൊഴിലാളികളുടെ വിവാഹം, മരണം, തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം എന്നിവയ്ക്കും സഹായം നൽകുന്നുണ്ട്. ഓണത്തിന് തൊഴിലാളികൾക്ക് ഓണക്കോടിയും ഓണക്കിറ്റും കഴിഞ്ഞ 15 വർഷമായി മുടക്കമില്ലാതെ നൽകിവരുന്നു. കഴിഞ്ഞ എട്ടു വർഷമായി മറ്റുസംസ്ഥാനങ്ങളിലെ കയർ വ്യവസായത്തെക്കുറിച്ച് മനസിലാക്കുന്നതിനും പഠിക്കുന്നതിനുമായി തൊഴിലാളികൾക്ക് എക്സ്പോഷർ യാത്രകൾ നടത്തിവരുന്നു. ഈ യാത്രയുടെ ഭാഗമായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ നിരവധി കയർ ഉത്പാദക കേന്ദ്രങ്ങൾ ഇതി



*പെരുങ്ങുഴി കയർ വ്യവസായ സഹകരണ സംഘം ആനത്തലവട്ടം ആനന്ദൻ, പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനും സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനുമായിരുന്ന പ്രഭാത് പട്നായിക് തുടങ്ങിയവർ സന്ദർശിച്ചപ്പോൾ. അഡ്വ.എൻ.സായികുമാർ, പി.ആർ.ലൂയിസ് എന്നിവർ സമീപം*



*പെരുങ്ങുഴി കയർ വ്യവസായ സഹകരണ സംഘം ആനത്തലവട്ടം ആനന്ദൻ, ഡെപ്യൂട്ടി സ്പീക്കർ വി. ശശി, വി.ജോയി എം.എൽ.എ തുടങ്ങിയവർ സന്ദർശിച്ചപ്പോൾ. കയർഫെഡ് ചെയർമാൻ അഡ്വ.എൻ. സായികുമാർ, സംഘം പ്രസിഡന്റ് ആർ. അജിത്കുമാർ എന്നിവർ സമീപം.*

നകം സന്ദർശിച്ചിട്ടുണ്ട്.

കഴിഞ്ഞ ആറു വർഷമായി തിരുവനന്തപുരം ജില്ലയിലെ എ ഗ്രേഡ് കയർ സഹകരണ സംഘമാണ്. ജില്ലയിലെ കയർ ഉത്പാദനത്തിൽ സംഘം വർഷങ്ങളായി ഒന്നാം സ്ഥാനത്താണ്. സംസ്ഥാന തലത്തിലും സംഘത്തിന് രണ്ടാം സ്ഥാനമുണ്ട്. ഏറ്റവും മികച്ച കയർ സംഘത്തിനുള്ള അവാർഡ്, മികച്ച സംഘം പ്രസിഡന്റ്, സെക്രട്ടറി, തൊഴിലാളി എന്നിവർക്കുള്ള അവാർഡുകൾ എന്നിവ കഴിഞ്ഞ മൂന്നു വർഷമായി സംഘത്തിന് ലഭിച്ചിട്ടുണ്ട്. കയർ വികസന വകുപ്പിന്റെയും സർക്കിൾ സഹകരണ യൂണിയന്റെയും നിരവധി അവാർഡുകളും സംഘത്തിന് ലഭിച്ചിട്ടുണ്ട്.


നിരവധി പ്രമുഖർ ഈ കയർ സഹകരണസംഘത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും സംഘം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. തിരു-കൊച്ചി മന്ത്രിസഭയിലെ എൻ.കുഞ്ഞിരാമൻ. 1987 ൽ വ്യവസായ മന്ത്രിയായിരുന്ന കെ.ആർ. ഗൗരിയമ്മ, സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനായിരുന്ന ഇന്ത്യയിലെ പ്രശസ്ത സാമ്പത്തിക ശാസ്തജ്ഞൻ പ്രഭാത് പട്നായിക്ക്, ഡോ.ടി.എം.തോമസ് ഐസക്, ആനത്തലവട്ടം ആനന്ദൻ, കയർ ബോർഡ് ചെയർമാനായിരുന്ന പ്രൊഫ.ജി.ബാലചന്ദ്രൻ, ഇപ്പോഴത്തെ ഡെപ്യൂട്ടി സ്പീക്കറും, എം.എൽ.എ യുമായ വി.ശശി, ആറ്റിങ്ങൽ എം.പിയായിരുന്ന എ.സമ്പത്ത്, വി.ജോയി.എം.എൽ.എ തുടങ്ങി നിരവധി സാമൂഹിക രാഷ്ട്രീയ നേതാക്കളും സംഘത്തിന്റെ വിവിധ പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്.


## പെരുങ്ങുഴിയിലെ തൊണ്ട് സംഭരണം

ചിറയൻകീഴ് മേഖലയിൽ അഞ്ചുതെങ്ങ് കയർ ഉത്പാദനത്തിന് പ്രധാനമായും അഴുക്കൽ തൊണ്ടിന്റെ ചകിരിയാണ് ഉപയോഗിക്കുന്നത്. അഴുക്കൽ തൊണ്ടിന്റെ ചകിരി സുവർണ്ണനാരെന്നാണ് അറിയപ്പെടുന്നത്. പരമ്പരാഗത രീതിയിൽ ചകിരി ഉപയോഗിച്ച് കയറുത്പാദനം നടക്കുന്ന സംഘമാണ് പെരുങ്ങുഴി സംഘം. സംഘത്തിന് ആവശ്യമായ ചകിരി സ്വന്തം നിലയിൽ ഉത്പാദിപ്പിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഇതിനായി പ്രാദേശികമായി പച്ചതൊണ്ട് സംഭരിച്ച് കായൽവട്ടത്തിൽ പൂഴ്ത്തി ആറ് മാസം മുതൽ ഒരു വർഷം വരെ തൊണ്ട് അഴുക്കി ചകിരിയാക്കിയെടുക്കുകയാണ് ചെയ്യുന്നത്. ഇതിനായി സംഘത്തിന് 63 സെന്റ് കായൽവട്ടം സ്വന്തമായിട്ടുണ്ട്. സംഘത്തിൽ പ്രതിമാസം ശരാശരി 1.50 ലക്ഷം തൊണ്ടിന്റെ ചകിരി ഉത്പാദിപ്പിക്കുന്നു. ഈ ചകിരി ഉപയോഗിച്ച് പ്രതിമാസം ശരാശരി 150




*പെരുങ്ങുഴി കയർ സഹകരണ സംഘത്തിൽ ആരംഭിച്ച ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഫാക്ടറിയുടെ സ്വിച്ച് ഓൺ കർമ്മം അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ നിർവ്വഹിക്കുന്നു. കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ. സംഘം പ്രസിഡന്റ് ആർ. അജിത് എന്നിവർ സമീപം.*


പി.എൻ.ജനാർദ്ദനൻ


പി.ഹബീബ്



എം.ഭാസ്ക്കരൻ


എൻ.ഭാസ്ക്കരൻ


കെ.ആർ.ഗോപാലൻ


എൻ.സുരേന്ദ്രനാഥ്


സി.സോമശേഖരൻ നായർ


ടി.എ.ശിവദാസ്


കെ.നടേശൻ


ആർ.അജിത് കുമാർ


വി.അനിൽ കുമാർ (സെക്രട്ടറി)

ക്വിന്റൽ കയർ ഉത്പാദിപ്പിക്കുന്നു.

സംഘത്തിൽ പ്രധാനമായും അഞ്ചുതെങ്ങ്, വെട്ടൂർ സ്പെഷ്യൽ, അഞ്ചുതെങ്ങ് ചൊരിവാൽ എന്നീ കയറിനങ്ങളാണ് ഉത്പാദിപ്പിക്കുന്നത്. കയറുത്പാദനത്തിന് 36 പരമ്പരാഗത റാട്ടുകളും 6 ഇലക്ട്രിക്കൽ റാട്ടുകളും 6 ആട്ടോമാറ്റിക്ക് സ്പിന്നിംഗ് റാട്ടുകളും ഉപയോഗിച്ചുവരുന്നു. സംഘം കഴിഞ്ഞ 5 വർഷക്കാലയളവിൽ മികച്ച ഉത്പാദന നേട്ടമാണ് കൈവരിച്ചത്. വിറ്റുവരവിലും നേട്ടമുണ്ടാക്കിയ സംഘം പ്രവർത്തന ലാഭത്തിലുമാണ്. കോവിഡ് കാലത്തും പ്രവർത്തന മികവിലാണെന്ന് കണക്കുകളിൽ നിന്നും വ്യക്തമാണ്. കോവിഡ് പ്രോട്ടോകോൾ പാലിച്ച് സംഘത്തിൽ കയർ ഉത്പാദനം തടസമില്ലാതെ നടക്കുന്നുണ്ട്.

| വർഷം | കയർ ഉൽപ്പാദനം (ക്വിന്റൽ) | വിറ്റുവരവ് (രൂപ) |
|---|---|---|
| 2015-16 | 1030.00 | 76,89,676 |
| 2016-17 | 1042.65 | 80,02,100 |
| 2017-18 | 1050.45 | 84,08,114 |
| 2018-19 | 1067.25 | 93,39,781 |
| 2019-20 | 1106.25 | 89,80,316 |

സംഘത്തിൽ 1,380 സ്ത്രീകളും 200 പുരുഷമാരും ഉൾപ്പെടെ ആകെ 1,580 അംഗങ്ങളാണുള്ളത്. 210 തൊഴിലാളികൾ നേരിട്ട് ജോലി ചെയ്യുന്നതിൽ 180 പേർ സ്ത്രീ തൊഴിലാളികളാണ്. സംഘത്തിന് 159 സെന്റ് സ്ഥലവും 360 ച.മീറ്റർ വിസ്തീർണ്ണമുള്ള ഫാക്ടറി കെട്ടിടവും 588 ച.മീറ്റർ വിസ്തീർണ്ണമുള്ള വർക്ക്ഷെഡും കൂടാതെ ഗോഡൗൺ കെട്ടിടവും, ആഫീസ് കെട്ടിടവും ടോയിലറ്റ് ബ്ലോക്കും സ്വന്തമായിട്ടുണ്ട്. ചകിരിമില്ല്, ജനറേറ്റർ, ബൊലേറോ പിക്കപ്പ്വാൻ, എയർകണ്ടീഷൻഡ് കോൺഫ്രൻസ് ഹാൾ, കമ്പ്യൂട്ടറൈസിഡ് ആഫീസ് തുടങ്ങിയവും സംഘത്തിന് സ്വന്തമായിട്ടുണ്ട്.

കൂടാതെ സംസ്ഥാന സർക്കാരിന്റെ നൂറിന-നൂറ് പദ്ധതികളിൽപ്പെടുത്തി സ്പിന്നിംഗ് ഫാക്ടറിയും പെരുങ്ങുഴി സംഘത്തിന് അനുവദിച്ചിരുന്നു. ഈ പദ്ധതിയിൽ 20 ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനും അനുബന്ധ മെഷീനുകളുമാണ് സംഘത്തിൽ സ്ഥാപിച്ചത്. ഈ ഫാക്ടറിയുടെ ഉദ്ഘാടനം ഒക്ടോബർ 21 ന് ബഹു.ധന-കയർ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക്ക് നിർവ്വഹിച്ചു. ഈ ഫാക്ടറിയിൽ പുതിയതായി 40 പേർക്ക്കൂടി അധികമായി തൊഴിൽ ലഭിച്ചു. ഇതിനായി 25-40 വയസ്സ് പ്രായമുള്ള സ്ത്രീതൊഴിലാളികളുടെ ഒരു മാസത്തെ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം പൂർത്തിയാക്കിയിരുന്നു. ഫാക്ടറി രണ്ട് ഷിഫ്റ്റിൽ പ്രവർത്തിക്കുന്നതോടുകൂടി സംഘത്തിലെ കയറുത്പാദനം വീണ്ടും വളരെയധികം ഉയരുന്നതാണ്.



*പെരുങ്ങുഴി കയർവ്യവസായ സഹകരണ സംഘത്തിലെ തൊഴിലാളികൾക്ക് ആറ്റിങ്ങൾ എം.പിയായിരുന്ന എ. സമ്പത്ത് ഓണക്കോടിയും ഓണക്കിറ്റും വിതരണം ചെയ്യുന്നു. എം.ആർ. രവി, അഡ്വ. എൻ. സായികുമാർ, സംഘം പ്രസിഡന്റ് ആർ. അജിത്കുമാർ എന്നിവർ സമീപം.*



# കയർ വ്യവസായം പഴയ പ്രതാപത്തിലേക്ക്

## യന്ത്രവത്കൃത കയർപിരി തൊഴിലാളികളുടെ കൂലി നിർണയ സമിതി റിപ്പോർട്ട് സമർപ്പിച്ചു

**ക**യർസഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്ന ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകളിൽ കയർ പിരിക്കുന്ന തൊഴിലാളികളുടെ കൂലി നിർണയിക്കുന്നതിന് ചുമതലപ്പെടുത്തിയ കമ്മിറ്റിയുടെ റിപ്പോർട്ട് സമിതി അദ്ധ്യക്ഷൻ കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ സംസ്ഥാന ധനകാര്യ-കയർ വകുപ്പ് മന്ത്രി ഡോ.ടി.എം. തോമസ് ഐസക്കിന് സമർപ്പിച്ചു. സമിതി കൺവീനറും ദേശീയ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും കൂടിയായ ഡോ. കെ.ആർ. അനിലും, ആലപ്പുഴ ചുങ്കം കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ ആഫീസിൽ നടന്ന റിപ്പോർട്ട് കൈമാറ്റ ചടങ്ങിൽ പങ്കെടുത്തു.

സംസ്ഥാന സർക്കാർ കയർ മേഖലയിൽ നടപ്പിലാക്കിവരുന്ന രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഭാഗമായി 2020–21 വർഷത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 200 കയർ സംഘങ്ങളിൽ 2,000 ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനും അനുബന്ധ മെഷീനുകളുമാണ് സ്ഥാപിക്കുന്നത്. സംഘങ്ങളിൽ വിതരണം ചെയ്യുന്ന മെഷീൻ സർക്കാർ പൊതുമേഖലാസ്ഥാപനമായ കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയാണ് നിർമ്മിച്ചു നല്കുന്നത്. ഈ മെഷീനുകളിൽ കയർ പിരിക്കുന്നതിന് ദേശീയ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനവും നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനിൽ കയർ ഉത്പാദനം നടത്തുന്ന തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്നതിന് ശുപാർശ സമർപ്പിക്കുന്നതിനായി കയർഫെഡ് പ്രസിഡന്റ് അദ്ധ്യക്ഷനായി കൂലി നിർണയ സമിതിയെ നിയോഗിച്ചിരുന്നു.

കയർ തൊഴിലാളി യൂണിയൻ പ്രതിനിധികളായ കെ.കെ.ഗണേശൻ (സി.ഐ.റ്റി.യു), എസ്. രാജേന്ദ്രൻ (ഐ.എൻ.റ്റി.യു.സി), എസ്. പ്രകാശൻ (എ.ഐ.റ്റി.യു.സി), സി.എസ്. രമേശൻ (യു.റ്റി.യു.സി), എ.എൻ. പങ്കജാക്ഷൻ (ബി.എം.എസ്), സലിംബാബു (റ്റി.യു.സി.ഐ), കെ.പി. മനോഹരൻ (എ.ഐ.യു.റ്റി.യു.സി) എന്നിവരും സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്



*കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകളിൽ കയർ പിരിക്കുന്ന തൊഴിലാളികളുടെ കൂലി നിർണയിക്കുന്നതിന് ചുമതലപ്പെടുത്തിയ കമ്മിറ്റിയുടെ റിപ്പോർട്ട് സമിതി അദ്ധ്യക്ഷൻ കയർഫെഡ് പ്രസിഡന്റ് അഡ്വ.എൻ. സായികുമാർ സംസ്ഥാന ധനകാര്യ-കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന് നൽകുന്നു. സമിതി കൺവീനറും എൻ.സി.ആർ.എം.ഐ ഡയറക്ടറുമായ ഡോ.കെ.ആർ.അനിൽ, കയർഫെഡ് വൈസ് പ്രസിഡന്റ് ജോഷി എബ്രഹാം എന്നിവർ സമീപം*

മെന്റ് പ്രതിനിധിയും സമിതി അംഗങ്ങളാണ്. എൻ.സി.ആർ.എം.ഐ ഡയറക്ടർ ഡോ.കെ.ആർ. അനിൽ സമിതി കൺവീനനറാണ്. ഈ സമിതി ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീൻ സ്ഥാപിച്ച സംഘങ്ങൾ സന്ദർശിച്ച് മെഷീന്റെ ഉത്പാദനക്ഷമതയും ഗുണനിലവാരവും വിശദമായി പഠിക്കുകയുണ്ടായി. ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനീൽ ശരാശരി ഒരു തൊഴിലാളിക്ക് ഒരു ദിവസം 6-7 മണിക്കൂറിൽ 8,000 റണ്ണിംഗ് മീറ്റർ കയർ പിരിക്കുവാൻ സാധിക്കുമെന്ന് സമിതി കണ്ടെത്തി സ്ഥിരീകരിച്ചിട്ടുണ്ട്. വരുമാനപൂരക പദ്ധതിയിലുള്ള സർക്കാർ സഹായം ഇല്ലാതെ ഒരു തൊഴിലാളിക്ക് പ്രതിദിനം 500 രൂപ വേതനം ലഭിക്കും. ഇത്തരത്തിൽ വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു.

സംസ്ഥാന സർക്കാരിന്റെ 100 ദിന പദ്ധതിയിൽപ്പെടുത്തി നവംബറിനകം 100 യന്ത്രവത്കൃത കയർപിരി ഫാക്ടറികൾ സ്ഥാപിക്കുന്നതാണ്. ഇതിൽ ആദ്യഘട്ടത്തിൽ 25 ഫാക്ടറികൾ ഇതിനകം ഉദ്ഘാടനം ചെയ്തു. രണ്ടാംഘട്ടം 25 ഫാക്ടറികൾ ഒക്ടോബർ ആറുമുതൽ ഓരോ ദിവസവും മന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഓൺലൈനായി ഉദ്ഘാടനം ചെയ്തുവരുന്നു.

200 ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീൻ ഫാക്ടറികൾ പ്രവർത്തനക്ഷമമാകുന്നതോടുകൂടി നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ നഷ്ടപെടാതെ അധികമായി 5,200 പേർക്ക് കൂടി തൊഴിൽ ലഭിക്കും. ഈ ഫാക്ടറികൾ രണ്ട് ഷിഫ്റ്റായി പ്രവർത്തിപ്പിക്കും. പഴയ പരമ്പരാഗത റാട്ടിൽ ഒരു തൊഴിലാളി ശരാശരി 5 കിലോ കയറാണ് പിരിക്കുക. ഇലക്ട്രോണിക്ക് റാട്ടിൽ 12-15 കിലോയായി വർദ്ധിച്ചു. ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനിൽ ഇത് 40-60 കിലോയായി വർദ്ധിക്കുകയാണ്. ഇതിന്റെ ഫലമായി വർഷം 300 പ്രവൃത്തി ദിനം കണക്കാക്കിയാൽ ഈ 200 ഫാക്ടറിയിൽ നിന്നുള്ള കയർ ഉത്പാദനം മാത്രം 48,000 -72,000 ടണ്ണായി വർദ്ധിക്കും. 2016 ലെ 7,000 ടൺ എന്ന അവസ്ഥയിൽ നിന്നാണ് പിണറായി വിജയൻ സർക്കാരിൽ കയർ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ അദ്ഭുതാവഹമായ ഈ കുതിച്ചുചാട്ടം കേരളത്തിൽ സാധ്യമാകുന്നത്. 250 ഫാകടറികൾ എന്ന ലക്ഷ്യം കൈവരിക്കുന്നതോടുകൂടി ഈ സർക്കാരിന്റെ കാലത്തുതന്നെ പഴയ പ്രതാപകാലത്തെ ഒരുലക്ഷം ടൺ കയർ ഉത്പാദനം എന്ന റെക്കോഡ് മറികടക്കാൻ കഴിയുന്ന നേട്ടത്തിലേക്കാണ് വ്യവസായം അനായാസം നടന്നടുക്കുന്നത്.



# സ്തുത്യർഹ സേവനത്തിനുശേഷം
# വിരമിച്ചവർ



**എ. അബ്ദുൾ റഷീദ്**

കയർഫെഡ് ഡപ്യൂട്ടി മാർക്കറ്റിംഗ് മാനേജർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്ന എ. അബ്ദുൾ റഷീദ് സർവ്വീസിൽ നിന്നും വിരമിച്ചു. കയർഫെഡിന്റെ ചെന്നൈ ഉൾപ്പെടെയുള്ള അന്യസംസ്ഥാനത്തെ ഷോറൂമുകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.



**വി. മുരളീധരൻ**

കയർഫെഡ് റീജിയണൽ ആഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്ന വി. മുരളീധരൻ സർവ്വീസിൽ നിന്നും വിരമിച്ചു. കയർഫെഡിന്റെ അഹമ്മദാബാദ് ഉൾപ്പെടെയുള്ള അന്യസംസ്ഥാനത്തെ ഷോറൂമുകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

---

*(ശേഷം 34-ാം പേജിൽ)*

*(പേജ് 31 തുടർച്ച)*

സംഘത്തിന്റെ ആദ്യപ്രസിഡന്റ് പി.എൻ. ജനാർദ്ദനനും ആദ്യ സെക്രട്ടറി സി.ശങ്കരൻ നായരുമാണ് തുടർന്ന് പി.ഹബീബ്, ഇ.മാധവൻ, എം.ഭാസ്ക്കരൻ, എൻ.ഭാസ്ക്കരൻ, കെ.ആർ.ഗോപാലൻ, കെ.സദാനന്ദൻ. എൻ.സുരേന്ദ്രനാഥ്, സി. സോമശേഖരൻ നായർ, റ്റി.എ.ശിവദാസ്, കെ.നടേശൻ എന്നിവരായിരുന്നു സംഘം പ്രസിഡന്റുമാർ.

നിലവിൽ ആർ.അജിത്കുമാർ പ്രസിഡന്റും വി. അനിൽ കുമാർ സെക്രട്ടറിയുമായുള്ള ഭരണസമിതിയാണ് സംഘം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ആർ.അജിത് കുമാർ കയർഫെഡ് ഡയറക്ടർ ബോർഡ് അംഗവും അഴൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റുമാണ്. എസ്.എൽ അനിതയാണ് ബിസിനസ് മാനേജർ.

സംസ്ഥാനത്തെ കയർ വ്യവസായത്തിന്റെ ഓരോ സ്പന്ദനങ്ങളും തൊട്ടറിയുന്ന കയർ വകുപ്പിന്റെ ചുമതല വഹിക്കുന്ന കേരളത്തിന്റെ ധനകാര്യ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക്ക് മുൻകൈയെടുത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന രണ്ടാം കയർ പുനസംഘടനാ പദ്ധതി അദ്ഭുതം സൃഷ്ടിച്ചുകൊണ്ട് വിജയകരമായി പൂർത്തിയായി വരുന്നു. അസ്തമയ വ്യവസായം എന്ന നിലയിൽ നിന്നും സൂര്യോദയ വ്യവസായമായി ഇന്ന് കയർ വ്യവസായം പുനർജ്ജനിക്കുകയാണ്. അതിന്റെ ഫലമായി കയർ വ്യവസായം പഴയകാല പ്രൗഢിയിലേക്ക് അതിവേഗം കുതിക്കുകയാണ്.

250 ആട്ടോമാറ്റിക് യന്ത്രവത്കൃത ഫാക്ടറികളാണ് സഹകരണ മേഖലയിൽ പ്രവർത്തന സജ്ജമായി കൊണ്ടിരിക്കുന്നത്. അതിൽ പകുതിയും ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഈ കയർ പിരി യൂണിറ്റുകൾ പൂർണമായും ഫാക്ടറികളായി പ്രവർത്തിച്ചു തുടങ്ങുമ്പോൾ സുവർണ്ണ കാലഘട്ടത്തിലെ ഒരു ലക്ഷം ടൺ കയർ ഉത്പാദനം എന്ന ലക്ഷ്യം നേടിക്കഴിഞ്ഞിരിക്കും. ഇങ്ങനെ അനിവാര്യമായ യന്ത്രവത്കരണം വഴി, വ്യവസായത്തെ ആധുനീകരിക്കുകയും പരമ്പരാഗത വ്യവസായത്തെ അതിന്റെ തനിമയിൽ സംരക്ഷിച്ചുകൊണ്ടുമുള്ള ദ്വിമുഖ പ്രവർത്തനങ്ങളാണ് ഇന്ന് ഈ വ്യവസായത്തെ അതിജീവനത്തിന്റെ പാതയിൽ സഞ്ചരിക്കുവാൻ പര്യാപ്തമാക്കി തീർത്തിരിക്കുന്നത്.

പരമ്പരാഗത രീതിയുടെയും ആധുനികവൽക്കരണത്തിന്റെയും ധാരകളെ ഒരുമയോടെ ഇഴചേർക്കുകയാണ് കേരളത്തിലെ കയർ വ്യവസായം. പഴമയെ സംരക്ഷിച്ചുകൊണ്ട് മാറുന്ന കാലത്തിനനുസരിച്ച് ആധുനികതയെ പുൽകുന്ന മാറ്റമാണ് കേരളത്തിലെ കയർ വ്യവസായത്തിൽ വിജയകരമായി നടപ്പിലാക്കുന്നത്. ആ വിജയത്തിന്റെ പ്രത്യക്ഷ ഉദാഹരണമായി മാറുകയാണ് പെരുങ്ങുഴി കയർ വ്യവസായ സഹകരണ സംഘവും.

ഏഴുപതിറ്റാണ്ടായി കയർ വ്യവസായത്തിലെ കയറ്റിറക്കങ്ങൾക്ക് മുന്നിൽ അടിപതറാതെ അവയ്ക്കെല്ലാം നേർസാക്ഷ്യം വഹിച്ച പ്രസ്ഥാനമാണ് പെരുങ്ങുഴി കയർ വ്യവസായ സഹകരണ സംഘം. തിരു-കൊച്ചി സംസ്ഥാനത്ത് ആരംഭിച്ച, കയർ സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം മുതൽ കയർ വ്യവസായ രംഗത്ത് മാതൃകയായി തലയുയർത്തി നിൽക്കുന്ന പെരുങ്ങുഴി സംഘം, ഇന്ന് രണ്ടാം കയർ പുനസംഘടനയുടെ ഊർജ്ജിത പന്ഥാവിലൂടെ പുതിയ കാലത്തെ വെല്ലുവിളികൾ ഏറ്റെടുത്ത് അതിവേഗം മുന്നോട്ട് കുതിക്കുകയാണ്.



# പുന്നപ്ര– വയലാർ ഇതിഹാസ സമരത്തിന് വയസ് 74

**ഐ**തിഹാസികമായ പുന്നപ്ര വയലാർ വിപ്ലവത്തിന് ഒക്ടോബർ 27ന് 74 വയസ്സ് തികഞ്ഞു. ദിവാൻ ഭരണത്തിനും അമേരിക്കൻ മോഡലിനുമെതിരെ പ്രായപൂർത്തി വോട്ടവകാശമാവശ്യപ്പെട്ടും നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയും ചേർത്തല,അമ്പലപ്പുഴ താലൂക്കുകളിലെ തൊഴിലാളികൾ നടത്തിയ പോരാട്ടം ഇന്ത്യൻ ചരിത്രത്തിലെതന്നെ നിർണായക ഏടാണ്.

കേരളത്തിലെ ആദ്യതൊഴിലാളി പ്രസ്ഥാനമായ തിരുവിതാംകൂർ ലേബർ അസോസിയേഷൻ രൂപീകരിക്കപ്പെട്ടത് 1922 മാർച്ച് 31നാണ്. വാടപ്പുറം ബാവ എന്നറിയപ്പെട്ടിരുന്ന പി.കെ. ബാവയുടെ നേതൃത്വത്തിലാണ് ഈ പ്രസ്ഥാനം രൂപികരിക്കപ്പെട്ടത്.

1932ൽ പി. കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ കോഴിക്കോട്ട് ലേബർ യൂണിയൻ നിലവിൽ വന്നു. 1931–33 കാലയളവിൽ കൊച്ചിൻ ലേബർ യൂണിയനും രൂപീകൃതമായി. 1934–ൽ കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയുടെ കേരള ഘടകത്തിന്റെ രൂപീകരണം, കേരള ചരിത്രത്തിലെ നിർണായകമായൊരു വഴിത്തിരിവാണ്. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തെത്തുടർന്ന് കോൺഗ്രസിലെ ഇടതുപക്ഷക്കാരുടെ നേതൃത്വത്തിൽ മിക്ക സ്ഥലങ്ങളിലും ട്രേഡ് യൂണിയനുകൾ സജീവമായി. കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ തൊഴിലാളി പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് 1935 മേയ് മാസത്തിൽ കോഴിക്കോട്ട് ഒരു സമ്മേളനം നടന്നു. അഖില കേരളാടിസ്ഥാനത്തിലുള്ള ട്രേഡ് യൂണിയന്റെ പ്രാരംഭം ഈ സമ്മേളനമാണ്. ഈ സമ്മേളനത്തിനു ശേഷമാണ് ആലപ്പുഴ ലേബർ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ, തൊഴിലാളികളുടെ ജീവിത ദുരിതങ്ങൾക്കു പരിഹാരം കാണണമെന്നാവശ്യപ്പെടുന്ന ഒരു നിവേദനം തിരുവിതാംകൂർ രാജാവിന് നൽകാൻ തീരുമാനിച്ചത്. നിവേദനം നൽകുന്നതിനുവേണ്ടി ഒരു ജാഥ തിരുവനന്തപുരത്തേക്ക് പോകാനും തീരുമാനിച്ചു. ജാഥയെ നിരോധിച്ചുവെങ്കിലും, തൊഴിലാളികൾക്കിടയിൽ ശക്തിപ്പെട്ടുകൊണ്ടിരുന്ന പ്രതിഷേധത്തെ അവഗണിക്കാൻ തിരുവിതാംകൂർ രാജവാഴ്ചക്ക് കഴിയുമായിരുന്നില്ല.

അനുദിനം ശക്തിപ്പെട്ടുകൊണ്ടിരുന്ന തൊഴിലാളി പ്രസ്ഥാനം വ്യവസായികളിലും ജന്മിമാരിലും വലിയ ഭയം സൃഷ്ടിച്ചിരുന്നു. സാധ്യമായ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ച് അവർ തൊഴിലാളി പ്രസ്ഥാനത്തെ അടിച്ചമർത്താൻ നോക്കി. തൊഴിലാളികളെ ദേഹോപദ്രവം ഏൽപ്പിക്കുക, വീടുകളിൽ കയറി സ്ത്രീകളേയും കുട്ടികളേയും പോലും ഉപദ്രവിക്കുക. യൂണിയനിൽ ചേർന്നു എന്ന കാരണം പറഞ്ഞ് അവർ താമസിക്കുന്ന ഭൂമിയിൽ നിന്നും ഒഴിപ്പിക്കുക,യൂണിയനാഫീസുകൾ തകർക്കുക തുടങ്ങിയവ സാർവത്രികമായി.

തൊഴിൽ മേഖലകളിൽ പുകഞ്ഞുകൊണ്ടിരുന്ന അസ്വസ്ഥതകളുടെ ഭാഗമായി തൊഴിലാളികൾ സാമ്പത്തികാവശ്യങ്ങൾക്കൊപ്പം ഉത്തരവാദഭരണം ഏർപ്പെടുത്തുക, പ്രായപൂർത്തി വോട്ടവകാശം ഏർപ്പെടുത്തുക, ദിവാൻ ഭരണം അവസാനിപ്പിക്കുക തുടങ്ങിയ രാഷ്ട്രീയ ആവശ്യങ്ങളും ഉൾപ്പെടെയുള്ള 27 ഇനം ആവശ്യങ്ങൾ ഉന്നയിച്ച് രാജാവിന് നിവേദനം സമർപ്പിക്കുകയും ആലപ്പുഴയിൽ 1122 ചിങ്ങം 30 (1946 സെപ്റ്റംബർ 15) ന് പൊതുപണിമുടക്ക് പ്രഖ്യാപിക്കുകയും ചെയ്തു.

27 മുദ്രാവാക്യങ്ങളിൽ ഒമ്പതെണ്ണം പൂർണമായും രാഷ്ട്രീയ സ്വഭാവമുള്ളവയായിരുന്നു. 'ദിവാൻ ഭരണം അവസാനിപ്പിക്കണം', ' ഇന്ത്യൻ ഭരണഘടന രൂപീകരണ സമിതിയിലേക്ക് ജനപ്രതിധികളെ അയക്കുക', 'തിരുവിതാംകൂറിന്റെ ഭാവിഭരണഘടനയ്ക്ക് രൂപം നിശ്ചയിക്കുന്നതിന് പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധി സഭ രൂപീകരിക്കുക','എല്ലാ പാർട്ടികളെയും ക്ഷണിച്ചുകൊണ്ടും പ്രായപൂർത്തി വോട്ടവകാശത്തിന്റെ പേരിൽ പ്രതിനിധികളെ തെരഞ്ഞെടുത്ത് ഇടക്കാല സർക്കാർ സ്ഥാപിക്കുക', 'പൗരാവകാശം നിഷേധിക്കുന്ന എല്ലാ നിയമങ്ങളും പിൻവലിക്കുക', 'പത്രങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും മേൽ ഏർപ്പെടുത്തിയ നിയന്ത്രണം പിൻവലിക്കുക', 'എല്ലാ രാഷ്ട്രീയതടവുകാരെയും നിരുപാധികമായി വിട്ടയക്കുക' എന്നിവയായിരുന്നു അതിലെ രാഷ്ട്രീയ ആവശ്യങ്ങൾ.

ഇതിന്റെ ഭാഗമായി ആലപ്പുഴ പട്ടണത്തിൽ തൊഴിലാളികളുടെ ഒരു ഗംഭീരപ്രകടനം നടന്നു. ആ പ്രദേശത്തെ ഗതാഗതം പൂർണമായും സ്തംഭിച്ചു. വ്യവസായശാലകളെല്ലാം അടച്ചിട്ടു. രാജാവിന്റെ ജന്മദിന ദിവസമായ 1946 ഒക്ടോബർ 25 ന് പണിമുടക്കിയ തൊഴിലാളികൾ ആലപ്പുഴയിൽ നിന്നും പുന്നപ്രയിലേക്ക് ജാഥയായി പോയി. കളർകോട് വച്ച് ജനക്കൂട്ടത്തെ പിരിച്ചുവിടാൻ സൈന്യം വെടിവെച്ചു. ഒരാൾ മരണമടഞ്ഞു. പ്രകോപിതരായ ജനക്കൂട്ടം പുന്നപ്രക്കു സമീപം പോലീസ് ഔട്ട്പോസ്റ്റ് ആക്രമിച്ചതോടെയാണ് പുന്നപ്ര വയലാർ സമരത്തിന് തുടക്കമായത്.

ജന്മിഗുണ്ടകളും പോലീസും ചേർന്ന് നടത്തിയ കൊടും ക്രൂരതകൾ തൊഴിലാളി ജീവിതം ദുസഹമാക്കി.1946 ഒക്ടോബർ ആദ്യം മുതൽ തൊഴിലാളികൾ ക്യാമ്പുകളിലേക്ക് നീങ്ങി. ആദ്യഘട്ടത്തിൽ ക്യാമ്പുകൾ കമ്യൂണിസ്റ്റുപാർട്ടി ബോധപൂർവം സംഘടിപ്പിച്ചതായിരുന്നില്ല. ജന്മിത്വവും-ഭരണകൂടവും ഒത്തുചേർന്ന് അഴിച്ചുവിട്ട മർദ്ദനങ്ങൾ പ്രതിരോധിക്കാൻ ഒരുമിച്ചു നിൽക്കുക എന്ന പ്രാഥമിക ബോധത്തിൽ നിന്നാണ് ജനങ്ങൾ ക്യാമ്പുകളിലേക്ക് നീങ്ങിയത്.

മാരാരിക്കുളത്ത് സംഘടിപ്പിച്ച ക്യാമ്പിലും നൂറുകണക്കിന് തൊഴിലാളികൾ പട്ടാളത്തെ നേരിടാനായി പരിശീലനം നേടി. തുടർന്ന് പുന്നപ്രയിൽ നിന്നും വയലാറിലേക്ക് മാർച്ച് ചെയ്യാനിരുന്ന പട്ടാളക്കാരുടെ മാർഗം തടസപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ദേശീയ പാതയിലുള്ള മാരാരിക്കുളം പാലം തകർക്കുവാൻ സമരക്കാർ തീരുമാനിച്ചു. പുന്നപ്രക്കും വയലാറിനുമൊപ്പം കൂടുതൽ ആളുകൾ മരിച്ചുവീണ മറ്റൊരു കേന്ദ്രമായിരുന്നു മാരാരിക്കുളം. പാലം തകർക്കാനായെത്തിയവർക്കുനേരെ സർ.സി.പി.യുടെ പട്ടാളം ഒക്ടോബർ 26 (കൊല്ലവർഷം 1122 തുലാം 7)ന് മാരാരിക്കുളത്ത് നടത്തിയ വെടിവെയ്പിൽ നിരവധിപേർ തൽക്ഷണം മരിച്ചു.ഇവരെ പട്ടാളക്കാർ പാലത്തിനു സമീപം തന്നെ കുഴിച്ചുമൂടി.

മാരാരിക്കുളംവെടിവെയ്പിനെതുടർന്ന്തൊഴിലാളികൾ ചേർത്തലയ്ക്ക് അടുത്തുള്ള വയലാർ ഗ്രാമത്തിലേക്ക് പിൻവാങ്ങി. ഒരു തുരുത്തായ ഈ ഗ്രാമം ഒളിവിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനു അനുയോജ്യമായിരുന്നു.

1946 ഒക്ടോബർ 27 (കൊല്ലവർഷം 1122 തുലാം 10)നു മാരാരിക്കുളത്തെ ഏറ്റുമുട്ടലിനെ തുടർന്ന് റോഡു മാർഗ്ഗമുള്ള യാത്ര സുഗമമല്ലെന്ന് മനസിലാക്കിയ പട്ടാളം, ബോട്ടുകളിൽ വയലാർ ക്യാമ്പ് ആക്രമിക്കുകയും തൊഴിലാളികളോട് കീഴടങ്ങാൻ ആവശ്യപ്പെടുകയും ചെയ്തു. കീഴടങ്ങാൻ കൂട്ടാക്കാതെ പട്ടാളത്തെ നേരിടാൻ തയ്യാറായ തൊഴിലാളികൾക്കു നേരെ പട്ടാളം വെടിയുതിർത്തു. മുളകൊണ്ടും അടയ്ക്കാമരം കൊണ്ടും ഉണ്ടാക്കിയ കൂർപ്പിച്ച കുന്തങ്ങൾ, കല്ലുകൾ തുടങ്ങിയവ ആയിരുന്നു തൊഴിലാളികളുടെ ആയുധങ്ങൾ. ഇവിടേയും നൂറുകണക്കിന് തൊഴിലാളികൾ രക്തസാക്ഷിത്വം വരിച്ചു.

പുന്നപ്ര വയലാർ സമരത്തിൽ എത്രപേർ വെടിവയ്പിൽ കൊല്ലപ്പെട്ടു എന്നതിന് വ്യക്തമായ കണക്കില്ല. സമരകാലത്തെ തിരുവിതാംകൂർ കമ്യൂണിസ്റ്റ് പാർട്ടി ചെയർമാനായിരുന്ന കെ സി ജോർജ് എഴുതിയ പുന്നപ്ര വയലാർ എന്ന പുസ്തകം പറയുന്നത്

വെടിയേറ്റ് മരിച്ചവർ ഏതാണ്ട് അഞ്ഞൂറുണ്ടെന്നാണ് കണക്ക്, 'അറുനൂറിൽപരം സഖാക്കൾ വയലാർ, ഒളതല, മേനാശേരി എന്നീ ക്യാമ്പുകളിൽ രകതസാക്ഷികളായി.' എന്നാണ് പി.കെ ചന്ദ്രാനന്ദൻ പുന്നപ്ര വയലാർ സമരം എന്ന പുസ്തകത്തിൽ എഴുതുന്നത്. പുന്നപ്രയിലെ കാര്യം സഖാവ് പികെസി കൃത്യമായി എഴുതിയിട്ടില്ല. സ്റ്റേറ്റ് കോൺഗ്രസ് നേതാവായിരുന്ന ആനി മസ്‌ക്രീൻ പറഞ്ഞത് അയ്യായിരം പാവങ്ങളെ സിപി ചുട്ടുകൊന്നു എന്നാണ്. എന്നാൽ 193 പേരേ കൊല്ലപ്പെട്ടുള്ളൂ എന്നായിരുന്നു സി.പിയുടെ വാദം.

എല്ലാ സ്വാതന്ത്ര്യ സമരമുന്നേറ്റങ്ങളെയും സ്വേച്ഛാധിപതിയായ ദിവാൻ തല്ലി തകർക്കുകയായിരുന്നു. തല്ലിയൊതുക്കാൻ ശ്രമിക്കുമ്പോഴും ശക്തമായ ജനകീയമുന്നേറ്റങ്ങൾ ഉയർന്നു വന്നു. ഈ ബഹുജനമുന്നേറ്റത്തിലെ ചോര കിനിയുന്ന അദ്ധ്യായമാണ് പുന്നപ്ര-വയലാർ സമരം. ഇന്ത്യ സ്വാതന്ത്ര്യത്തോട് നടന്നടുക്കുന്ന അവസാനനാളുകളിലാണ് 'സ്വതന്ത്ര തിരുവിതാംകൂർ' എന്ന വാദവുമായി ദിവാൻ രംഗത്തുവന്നത്. ഈ വാദത്തിനെതിരായി ആലപ്പുഴയിലെ തൊഴിലാളികൾ 1946 ഒക്റ്റോബർ 24 മുതൽ ഒക്റ്റോബർ 27 വരെ നടത്തിയ പണിമുടക്കിന്റെയും ചെറുത്തുനിൽപ്പിന്റെയും വീരേതിഹാസമാണ് പുന്നപ്ര-വയലാർ സമരം. സായുധ പോലീസും പട്ടാളവും ജന്മി ഗുണ്ടകളും ചേർന്ന മർദ്ദകപ്പടക്കെതിരായി കയ്യിൽ കിട്ടിയ ആയുധങ്ങളുമായി തൊഴിലാളികൾ പോരാട്ടം നടത്തിയ ദിനങ്ങളായിരുന്നു അത്.

കൊല്ലവർഷം 1122 തുലാം മാസം ഏഴുമുതൽ 10 വരെയുള്ള ദിവസങ്ങളിലായിരുന്നു കേരളത്തെ ചുവപ്പിച്ച ഐതിഹാസികമായ പുന്നപ്ര വയലാർ സമരം. കയർത്തൊഴിലാളികൾ, കർഷകർ, കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, എണ്ണയാട്ടുതൊഴിലാളികൾ, ചെത്തുതൊഴിലാളികൾ തുടങ്ങിയവരൊക്കെ ഇതിഹാസോജ്ജ്വലമായ ആ സമരത്തിൽ അണിനിരന്നു.

നൂറ്റാണ്ടുകളായി അടിമസമാനമായി ജീവിക്കേണ്ടിവരികയും ജന്മിമാരുടെ മുന്നിൽ തലകുനിച്ചു നിൽക്കേണ്ടിവരികയും ചെയ്തിരുന്ന തൊഴിലാളികൾ വർഗബോധത്താൽ പ്രചോദിതരായി നടത്തിയ സമരം ജന്മിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും സർസിപിയുടെ ഭീകരവാഴ്ചയുടെയും തായവേര് അറുത്തു. ''അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്ന മുദ്രാവാക്യം ഉയർത്തി തൊഴിലാളികൾ നടത്തിയ സമരം സ്വതന്ത്ര തിരുവിതാംകൂറിനുവേണ്ടി നിലകൊണ്ട സർ സി പി രാമസ്വാമി അയ്യരുടെ ഭീകരഭരണം കടപുഴക്കി എറിഞ്ഞു.

പുന്നപ്ര-വയലാർ നടക്കുന്നതിനും ഒമ്പതു മാസങ്ങൾക്ക് മുമ്പ് പ്രഖ്യാപിക്കപ്പെട്ടതാണ് അമേരിക്കൻ മോഡൽ എന്ന ഭരണഘടനാ പരിഷ്കാരം. നിയമസഭയ്ക്ക് ഒരു അധികാരവുമില്ലാത്ത ഭേദഗതിയിൽ മഹാരാജാവിന്റെ കീഴിൽ ദിവാൻ ഭരിക്കും. ഭരണഘടനാ പരിഷ്ക്കാരങ്ങളിൽ ദിവാന്റെ സ്ഥാനം അമേരിക്കൻ പ്രസിഡണ്ടിനു തുല്യമായിരുന്നു. അങ്ങനെയാണ് അമേരിക്കൻ മോഡൽ എന്നു പേരു വന്നത്.
പുന്നപ്ര-വയലാർ സമരത്തിന്റെ തുടർച്ചയായാണ് സിപി രാമസ്വാമി അയ്യർ തിരുവനന്തപുരത്തുവച്ച് ആക്രമിക്കപ്പെടുന്നതും തന്റെ അമേരിക്കൻ മോഡൽ ഭരണം എന്ന ആശയം ഉപേക്ഷിച്ച് തിരുവിതാംകൂർ വിടുന്നതുംതിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ചേരാൻ കാരണമായത് ഈ സമരമാണ്.

1947 ജൂലൈ 25നാണ് തിരുവനന്തപുരം സ്വാതി തിരുന്നാൾ സംഗീത കോളേജിന്റെ വാർഷികസമ്മേളനത്തിൽ പങ്കെടുത്തു മടങ്ങാൻ ശ്രമിച്ച ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ മൂക്കിന് വെട്ടേറ്റു. വധശ്രമത്തിൽ നിന്നും രക്ഷപ്പെട്ട ദിവാൻ വെട്ടു കൊണ്ടതിന്റെ ഇരുപത്തിയാറാം ദിവസം അതായത് ഓഗസ്റ്റ് 19ന് ഇന്ത്യ സ്വതന്ത്രയായി നാല് ദിവസം കൂടി കഴിഞ്ഞു സ്വതന്ത്രതിരുവിതാംകൂർ എന്ന സ്വപ്നവും സ്വേച്ഛാധിപത്യപ്രവണതകളുമായി ആരുമറിയാതെ സ്ഥലം വിട്ടു. പുന്നപ്ര-വയലാർ സമരങ്ങളിലെ രക്തസാക്ഷികളുടെ കുടുംബങ്ങൾക്കും പോരാളികൾക്കും സ്വാതന്ത്ര്യസമര പെൻഷൻ നൽകുവാനുള്ള അഭ്യർത്ഥന കോൺഗ്രസ് സർക്കാർ 1989-ൽ നിരസിച്ചു.

എന്നാൽ ഐ.കെ. ഗുജ്റാൾ മന്ത്രിസഭയിൽ ആഭ്യന്തരമന്ത്രിയായിരുന്ന ഇന്ദ്രജിത്ത് ഗുപ്ത 1998 ജനുവരി 20 ന് പുന്നപ്ര-വയലാർ സമരത്തെ ഇന്ത്യയിലെ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി അംഗീകരിച്ച് ഉത്തരവിടുകയും പോരാളികൾക്ക് സ്വാതന്ത്ര്യസമര പെൻഷൻ അനുവദിക്കുകയും ചെയ്തു.

## പരിസ്ഥിതിക്കൊരു കൈത്താങ്ങ്

# പ്രകൃതി സൗഹൃദ ചെടിച്ചട്ടിയുമായി കയർഫെഡ്



*മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം സ്വരൂപീക്കുന്നതിനായി ചിങ്ങോലി ഡി.വൈ.എഫ്.ഐ മേഖലാ കമ്മറ്റി നടത്തിയ പ്രകൃതി സൗഹൃദ ചെടിച്ചട്ടി ചലഞ്ച് കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ. ദേവകുമാർ ഉദ്ഘാടനം ചെയ്യുന്നു*



**പി. പ്രജീഷ്**

**കേ**രള സർക്കാർ ഭക്ഷ്യ സ്വയംപര്യാപ്തതക്കായി സുഭിക്ഷ കേരളം പദ്ധതി പ്രഖ്യാപിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾ നിർമിച്ച് മാതൃക തീർക്കുകയാണ് കയർഫെഡ്. പൂർണമായും പരിസ്ഥിതി സൗഹാർദ്ദ ഉത്പന്നമായ ചകിരിനാർ ഉപയോഗിച്ചു കൊണ്ടുള്ള ചെടിച്ചട്ടികളാണ് ഈ ശ്രേണിയിലെ പുതിയ ഉത്പന്നം. ഏറെക്കാലം നീണ്ടുനിൽക്കുന്നതും പ്രകൃതിക്ക് യാതൊരു ദോഷവും വരുത്താത്തതുമാണ് ഈ ചെടിച്ചട്ടികൾ. കഴിഞ്ഞ പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി കുമാരപുരം ഗ്രാമ പഞ്ചായത്തിൽ 7,000 ചെടിച്ചട്ടികൾ വിതരണം ചെയ്തു കൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. ചകിരിച്ചോർ ജൈവരീതിയിൽ കമ്പോസ്റ്റ് ചെയ്ത് ഉത്പാദിപ്പിക്കുന്ന ജൈവവളവും വൃക്ഷത്തൈകളും പച്ചക്കറിത്തൈകളും ചേർത്താണ് പഞ്ചായത്ത് ഈ ഉത്പന്നം വിതരണം ചെയ്തത്. കുമാരപുരം പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് കുമാർ കാണിച്ച പ്രത്യേക താത്പര്യം അഭിനന്ദനമർഹിക്കുന്നു. പദ്ധതി വിനിയോഗത്തിന് ചുക്കാൻ പിടിച്ച കുമാരപുരം കൃഷി ആഫീസറും പഞ്ചായത്ത് ഭരണ സമിതിയും അഭിനന്ദനമർഹിക്കുന്നു

ഒരു ചെടിച്ചട്ടിക്കും ജൈവ വളത്തിനും കടത്തുകൂലി ഉൾപ്പെടെ 40രൂപ +ജിഎസ്ടി മാത്രമാണ് കയർഫെഡ് ഈടാക്കുന്നത്. പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് താത്പര്യമുള്ള പഞ്ചായത്തുകളിൽ നിന്നും ആവേശകരമായ പിന്തുണയാണ് ലഭിച്ചു വരുന്നത്. കുമാരപുരം പഞ്ചായത്തും കയർഫെഡും സംയുക്തമായി രൂപപ്പെടുത്തിയ ഈ നൂതനമായ പദ്ധതിയെ ഹരിതകേരളം മിഷൻ വൈസ് ചെയർപെഴ്സൺ ഡോ. ടി.എൻ. സീമ അനുമോദിക്കുകയുണ്ടായി.

കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം സമാഹരിക്കുന്നതിനായി കയർഫെഡിന്റെ പ്രകൃതി സൗഹൃദ ചെടിച്ചട്ടി ചലഞ്ച് എന്ന പേരിൽ ഡി.വൈ.എഫ്.ഐ ചിങ്ങോലി മേഖല കമ്മറ്റി ഒരു പരിപാടിയും നടത്തി. പരിപാടി കയർ കോർപറേഷൻ ചെയർമാൻ ടി.കെ.ദേവകുമാർ ഉദ്ഘാടനം ചെയ്തു. ഇതിന് നല്ല പ്രതികരണമാണ് ജനങ്ങളിൽ നിന്നും ലഭിച്ചത്. പദ്ധതി നടപ്പിലാക്കാൻ താത്പര്യമുള്ളവർക്ക് കയർഫെഡ് മാർക്കറ്റിംഗ് മാനേജരെ 8281009828, 7012602633 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

# പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ–688012**
**ഫോൺ–0477 2243628, 8281009833**



# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ

വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി– 40 രൂപ

| പരസ്യനിരക്ക് (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29



*കയർ വ്യവസായം മാസികയുടെ സെപ്തംബർ ലക്കം കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ കയർതൊഴിലാളി സംഘടനാ നേതാവും കയർഫെഡ് മുൻ എക്സിക്യൂട്ടീവ് ഡയറക്ടറുമായ കെ. രാജൻ ബാബുവിന് ആദ്യ കോപ്പി നല്കി പ്രകാശനം ചെയ്യുന്നു. ഫൈബർ പ്രൊക്യുർമെന്റ് കമ്മറ്റി അംഗങ്ങൾ, കയർഫെഡ് വൈസ് പ്രസിഡന്റ് ജോഷി എബ്രഹാം, മാനേജിംഗ് ഡയറക്ടർ സി. സുരേഷ് കുമാർ, ജനറൽ മാനേജർ ബി. സുനിൽ എന്നിവർ സമീപം*

# കയർ വ്യവസായം മാസിക സെപ്തംബർ ലക്കം പ്രകാശനം ചെയ്തു




പുനപ്രസിദ്ധീകരിച്ച 'കയർ വ്യവസായം' മാസികയുടെ സെപ്തംബർ ലക്കം പ്രകാശന കർമ്മം കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ നിർവഹിച്ചു. സെപ്തംബർ 24 ന് കയർഫെഡിന്റെ ആലപ്പുഴ ഹെഡാഫീസിൽ വച്ച് കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് നടന്ന ലളിതമായ ചടങ്ങിൽ മുതിർന്ന കയർതൊഴിലാളി സംഘടനാ നേതാവും കയർഫെഡ് മുൻ എക്സിക്യൂട്ടീവ് ഡയറക്ടറുമായ കെ. രാജൻ ബാബുവിന് ആദ്യ കോപ്പി നൽകിയാണ് പ്രകാശനം ചെയ്തത്.

പ്രസ്തുത ചടങ്ങിൽ ഫൈബർ പ്രൊക്യുർമെന്റ് കമ്മറ്റി അംഗങ്ങൾ, കയർഫെഡ് വൈസ് പ്രസിഡന്റ് ജോഷി എബ്രഹാം, മാനേജിംഗ് ഡയറക്ടർ സി. സുരേഷ്കുമാർ, ജനറൽ മാനേജർ ബി.സുനിൽ തുടങ്ങിയവർ പങ്കെടുത്തു.

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 30-10-2020, October 2020




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705